വില ₹30/-

# ജീവനും വെളിച്ചവും

ഡിസംബർ 2024

## ആഗമനകാലം; ഒരുക്കത്തിന്റെയും വരവേല്പിന്റെയും കാലം



# THARAVATTIL

## WEDDING MANAGERS

EST IN 1992

Winner of Metro

THE BEST

Best Family Choice Restaurant Award 2016
Best Catering Award 2018 & 2019
Best Business Excellence Award 2020
Best in Class Catering Award 2021
Excellence in Catering Service Award 2022
South Kerala Best Catering Award 2023
Years of Excellence 2024

Head Office
Govt. Law College Jn, Trivandrum-35

Branches
Trissur | Nagercoil | UAE

9847208691 | 7559098691
0471-2300043/44/45, 2303264

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2024 ഡിസംബർ | പുസ്തകം 52 | ലക്കം 12



**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, ഡോ. സീന ഫെലിക്സ്, സിന്ധുമരിയ നെപ്പോളിയൻ, സുനിൽ സി. ഇ., ഫാ. ജോസ് വർഗീസ്, ഫാ. വർഗീസ് ജോസഫ് • **മാനേജർ (പരസ്യ വിഭാഗം):** ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്


**മുഖവിചാരം**

## ആഗമനകാലം അഥവാ വരവേൽപ്കാലം

ആഗമനകാലം എന്നാൽ വരുന്ന കാലമാണ് (advenire). ക്രിസ്തുമസിനു മുൻപുള്ള നാല് ആഴ്ചവട്ടം. മനുഷ്യരുടെ ഇടയിലേക്ക് ദൈവപുത്രൻ ആദ്യമായി ഇറങ്ങിവരുന്നത് പ്രതീക്ഷയോടെ കാത്തിരിക്കുന്ന കാലം. മനുഷ്യരാശിയോടൊപ്പം പ്രപഞ്ചവും ആ വരവിനെ എതിരേല്ക്കാൻ അണിഞ്ഞൊരുങ്ങുന്ന കാലം. ഒരുക്കത്തിന്റെ ആഗമനകാലം.

ഇവനെപ്പറ്റിയാണ് ഏശയ്യാ പ്രവാചകൻവഴി ഇങ്ങനെ അരുളിച്ചെയ്യപ്പെട്ടത്: മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം - കർത്താവിന്റെ വഴിയൊരുക്കുവിൻ; അവന്റെ പാതകൾ നേരെയാക്കുവിൻ' (മത്താ 3:3). അന്ധകാരത്തിലും അസ്വസ്ഥതയിലും ആണ്ടുകിടന്ന ഒരു ജനതക്ക് സമാധാനവും പ്രത്യാശയും വാഗ്ദാനം ചെയ്തുകൊണ്ടാണ് ക്രിസ്തു പിറന്നത്. മഞ്ഞുറഞ്ഞ പാതിരാവിൽ, മരംകോച്ചുന്ന തണുപ്പിൽ, കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ... എത്ര എളിമയിലും സാധാരണതയിലുമാണ് ആ സ്നേഹമയി പിറവികൊണ്ടത്.

ചരിത്രത്തിലെ അനേകം അർഥതലങ്ങളുള്ള ഒരുജ്ജ്വല മുഹൂർത്തമാണ് ആ പിറവി. സകല മനുഷ്യർക്കും വേണ്ടിയുള്ള ജീവന്റെയും സമാധാനത്തിന്റെയും സന്ദേശമായാണ് ആ പിറവി വിഭാവന ചെയ്യപ്പെട്ടത്.

സ്നേഹം ഭൂമിയിൽ പിറവികൊണ്ട ദിനത്തിന്റെ ഓർമ്മയാണ് ക്രിസ്തുമസ്. ആരാണ് ക്രിസ്തു എന്ന ചോദ്യത്തിന് സ്നേഹത്തിന്റെ സുവിശേഷമാണ് ക്രിസ്തു എന്ന് ഉത്തരം. മനുഷ്യർക്കിടയിൽ സ്നേഹം പതിയെപ്പതിയെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പുതിയ കാലത്ത് പ്രത്യേകമായും ആ ഉത്തരത്തിന് പ്രസക്തിയേറുന്നു. ക്രിസ്തു ഭൂമിയിലേക്ക് വന്നത് നമ്മെ സാധാരണ മനുഷ്യരാക്കാനല്ല, പുതിയ മനുഷ്യരാക്കാനാണ് എന്ന് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ.

വരുവിൻ, നക്ഷത്രങ്ങൾ തൂക്കിയും പുൽക്കൂടൊരുക്കിയും ഗ്ലോറിയ പാടിയും സമ്മാനങ്ങൾ നൽകിയും അതിരുകളില്ലാത്ത ആ സ്നേഹത്തിന്റെ പിറവിയെ വരവേല്ക്കാൻ നമുക്ക് ഒരുങ്ങാം. അതിനായി നമ്മുടെ ഹൃദയത്തെയും കാതുകളെയും ദൈവശ്രുതിയിലേക്ക് ചേർക്കാം.


www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum

# പ്രതികരണങ്ങൾ




## ശ്രേഷ്ഠഭാഷ മലയാളം; ഒരു വിയോജനക്കുറിപ്പ്

ശ്രേഷ്ഠഭാഷയായ മലയാളത്തെക്കുറിച്ച് ജോയി ജോസഫ് എഴുതിയ ലേഖനം വായിച്ചു. മെഡിക്കൽ സീറ്റിന് 50 ലക്ഷം മുതൽ 1 കോടി രൂപവരെ എണ്ണിക്കൊടുക്കുന്നതിൽ മലയാള ഭാഷയുമായുള്ള ബന്ധം എന്താണെന്നു മനസ്സിലാകുന്നില്ല. ഇ.എം.എസ് 'കേരളം മലയാളികളുടെ മാതൃഭൂമി' എന്ന ഗ്രന്ഥമെഴുതിയിട്ട്, അദ്ദേഹത്തിന് മാതൃഭാഷാ പോഷണത്തിനുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്തത് ഖേദകരം തന്നെ. ഇംഗ്ലീഷ് പഠിക്കാൻ 'Talk only in English' എന്നെഴുതുന്നത് സ്വാഭാവികം. മലയാളം ലിപിയിൽ അ 'അമ്മ' എന്നെഴുതും. ഇംഗ്ലീഷിൽ 'A for Apple' എന്നുതന്നെയല്ലേ എഴുതേണ്ടത്? അല്ലാതെ എ ഫോർ അച്ഛൻ, ബി ഫോർ ബ്രദർ, സി ഫോർ ചേട്ടനും ചേച്ചിയും എന്നാരെങ്കിലും എഴുതുമോ?

ഒരു കാലഘട്ടത്തിൽ സർക്കാർ വിദ്യാലയങ്ങളെ പുച്ഛിച്ചു തള്ളിയത് രാഷ്ട്രീയക്കാർ തന്നെയായിരുന്നു. സാറന്മാർ കക്ഷത്തിൽ ഡയറിയും വച്ച് രാഷ്ട്രീയവുമായി ഇറങ്ങി. സ്കൂളിൽ മിക്കപ്പോഴും കല്ലേറും സമരവും അടിപിടിയും അക്രമവുമായി വിദ്യാർത്ഥി സംഘടനകളും ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. സർക്കാർ വിദ്യാലയങ്ങളിൽനിന്നും കുട്ടികളെ അകറ്റിയ ക്രെഡിറ്റ് രാഷ്ട്രീയക്കാർക്ക് തന്നെ. സൂത്രശാലികളായ രാഷ്ട്രീയ ബദ്ധിജീവി സിംഹങ്ങൾ മക്കളെ ഹൈക്ലാസ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും വിദേശത്തെ ഉന്നത സർവകലാശാലകളിലും പഠിക്കാനയച്ച് പൊന്നോമനകളെ അന്തസ്സായി നല്ല ക്രെഡിറ്റോടെ വളർത്തി മുതലാളിത്ത ബൂർഷ്വാ രാജ്യങ്ങളിൽത്തന്നെ നല്ല ജോലി സമ്പാദിക്കാൻ വേണ്ടതൊക്കെ ചെയ്തത് ലേഖകന്റെ ശ്രദ്ധയിൽ പതിഞ്ഞില്ലെന്നു തോന്നുന്നു.

മാതൃഭാഷയെ സ്നേഹിക്കണമെന്നും ആദരിക്കണമെന്നും അംഗീകരിക്കണമെന്നതിലും ഒരു സംശയവുമില്ല. മലയാളഭാഷ വേണ്ടിടങ്ങളിൽ അത് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കേണ്ടത് സർക്കാരാണ്. ഇപ്പോൾപോലും ഭരണഭാഷ പൂർണമായും മലയാളത്തിൽ ആയിട്ടില്ലെന്നു തോന്നുന്നു. മലയാളം ശ്രേഷ്ഠമെന്നു ഉദ്ഘോഷിക്കുമ്പോഴും ആഗോള ഭാഷയായ ഇംഗ്ലീഷിനുള്ള പ്രാധാന്യവും പ്രസക്തിയും പ്രാമുഖ്യവും കുറച്ചുകാണാൻ പാടില്ല. ഇംഗ്ലീഷിലോ മലയാളത്തിലോ തെറ്റില്ലാതെ നാലു വാചകമെഴുതാനറിയാത്ത ബിരുദാനന്തര ബിരുദധാരികളെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന, ആകുലപ്പെടുന്ന, ആശങ്കപ്പെടുന്ന ലേഖകൻ മലയാള പി.എച്ച്.ഡി എടുത്തവർ കാട്ടിക്കൂട്ടിയ വിക്രിയകൾ ഗൗനിച്ചില്ലെന്നു തോന്നുന്നു. മലയാള ഭാഷാസ്നേഹം എന്നതിനെക്കാൾ എന്തൊക്കെയോ അതിതീവ്രമായ രോഷാഗ്നിനാളങ്ങൾ ലേഖനത്തിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നത് ലേഖനത്തിന്റെ ഭംഗിയും പ്രാധാന്യവും തേജസ്സും കെടുത്തിക്കളഞ്ഞു.

**ജെറാൾഡ് ബി. മിരാൻഡ**

## കടലിന്റെ മക്കളുടെ കണ്ണീർക്കടൽ

നവംബർ ലക്കത്തിലെ വിഭവങ്ങളായ ഓഖി, മുനമ്പം, മണവാളക്കുറിച്ചി, ഇസ്രയേൽ-ഗാസ യുദ്ധം. ഒന്നും പ്രതീക്ഷകൾ നൽകുന്ന സംഗതികളല്ല. മുനമ്പത്തെ വഖഫ് സുനാമിയും മണവാളക്കുറിച്ചിയിലെ അണുധാതു ഖനനവും തീരദേശ ഹൈവേ നിർമ്മാണവും ആദ്യന്തമായി തീരദേശവാസികളെ തുരത്തി ഓടിക്കുന്ന ഭീകര കൊടുങ്കാറ്റുകളാണ്. സുനാമിയുടെ രാക്ഷസത്തിരകൾ അമ്മാനമാടിയ തീരദേശങ്ങൾക്കുമേലുള്ള പ്രകൃതിയുടെ മറ്റൊരു സംഹാര താണ്ഡവമായിരുന്നു ഓഖി കൊടുങ്കാറ്റ്. ഓഖിയുടെ കണ്ണീരോർമ്മകളും വേദനിപ്പിക്കുന്ന സർക്കാർ ഇടപെടലുകളും എങ്ങുമെത്താത്ത പുനരധിവാസവുമൊക്കെ തീരദേശവാസികളുടെ ജീവിതത്തെയും ജീവനെയും അന്ധകാരത്തിലാക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസനത്തിലേക്ക് വെള്ളിവെളിച്ചം വീശുമെന്നു പറയുമ്പോഴും കടൽകൊണ്ട് ഉപജീവനം കഴിക്കുന്ന കടലിന്റെ മക്കൾക്ക് എന്തു മാത്രം ഗുണമുണ്ടാകുമെന്ന് ഒരു നിശ്ചയവുമില്ല.

വഖഫ് അവകാശവാദമുന്നയിച്ചാൽ സെക്രട്ടറിയേറ്റും രാജ്ഭവനും നിയമസഭാമന്ദിരവും എന്നുവേണ്ട തിരുവനന്തപുരം വിമാനത്താവളവും വിഴിഞ്ഞം തുറമുഖവും തമ്പാനൂർ ബസ് റെയിൽവേ ടെർമിനലുകളും ഒക്കെ അവർക്ക് ഒഴിഞ്ഞു കൊടുക്കേണ്ടിവരും. പാർലമെൻറ് മന്ദിരത്തിനും രാഷ്ട്രപതി ഭവനുമൊക്കെ നിലനിൽപ്പ് ഭീഷണി നേരിടുന്ന കാലം വിദൂരമല്ലെന്നു തോന്നുന്നു. ഈ പഴഞ്ചൻ നിയമങ്ങളെ നേരിടാൻ രാജ്യം ശക്തമല്ലേ? കടലിന്റെ മക്കളുടെ കണ്ണീർക്കടൽ എന്നുവറ്റും? കർത്താവിനോട് മുട്ടിപ്പായി പ്രാർത്ഥിക്കാം. അല്ലാതെന്തു ചെയ്യാൻ?

**വിയാനാ, ജൂബിലി ആശുപത്രി, പാളയം**

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
**83049 38655, 77364 88423**




# താളുകളിൽ

## സമകാലികം



**6** കുടിയേറ്റത്തിന്റെ യഥാർത്ഥ്യങ്ങൾ
ലിയോ ഗബ്രിയേൽ

## ലേഖനം



**8** 'ആഗമനകാലം; ഒരുക്കത്തിന്റെ കാലഘട്ടം
ഫാ. റീഗൻ ചാൾസ്



**12** മോൺ. ജയിംസ് കുലാസ്; കടലോരത്തെ ദീപസ്തംഭം
മോൺ. റൂഫസ് പയസ് & മോൺ. ജോർജ്ജ് പോൾ




**16** വി. ഫ്രാൻസിസ് സേവ്യറിന്റെ സുവിശേഷ പ്രഘോഷണ...
ഇഗ്നേഷ്യസ് തോമസ്



**26** ശതാബ്ദിപ്പെരുമയിൽ ഒരു പെൺപള്ളിക്കൂടം
സൂസി പെരേര വി.

## കഥ



**20** ആനന്ദിന്റെ ആനന്ദം
ആബേൽ ചെറിയമുട്ടം

## ചരിത്രപഥം



**28** തിരുവനന്തപുരം രൂപത
ഫാ. ഡോ. ജോൺബോസ്കോ

## കവിത



**11** കൊള്ളിയാൻ മിന്നണൊണ്ട്
ഐറിസ്

## ടാക്കീസ്




**30** സ്വർഗം തീർക്കുന്ന സങ്കടങ്ങൾ
സുനിൽ സി. ഇ.

## വായന




**23** ഉയിർപ്പിന്റെ രാഷ്ട്രീയം
ദേവപ്രസാദ് ജോൺ

**15** കാനോൻ നിയമം
**38** നീർച്ചാൽ
**34** വാർത്തകൾ
**42** നേർക്കാഴ്ച




**32** കുട്ടികളുടെ രചനകൾ

സമകാലികം



# കുടിയേറ്റത്തിന്റെ യഥാർഥ്യങ്ങൾ

ലിയോ ഗബ്രിയേൽ

കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ മുൻപെങ്ങുമില്ലാത്ത വിധം പുതുതലമുറ കടൽ കടക്കുകയാണ്. വിനോദത്തിനോ കാഴ്ചകൾ കാണാനോ വേണ്ടിയല്ല. തൊഴിൽ തേടിയാണ് ഇവരുടെ യാത്ര. കേരളത്തിൽ തൊഴിൽ സാധ്യതകൾ അനന്തമാണെന്ന് സംസ്ഥാന സർക്കാരും മറ്റു അധികൃതരും അവകാശപ്പെടുമ്പോഴും ജോലിതേടി കേരളം വിടുന്നവരുടെ എണ്ണം ദിനംപ്രതി ഉയരുന്നു.

തൊഴിൽതേടി കേരളം വിടേണ്ട സ്ഥിതിയിലേക്ക് ഇവരെ എത്തിച്ചതിൽ സർക്കാരിനും നിർണായക റോൾ ഉണ്ട്. വളരെ കുറച്ചുപേർ മാത്രമാണ് ജോലിതേടി വിദേശത്തേക്ക് പോകുന്നതെന്നാണ് സർക്കാരിന്റെ അവകാശവാദം. ഓരോ മാസവും പതിനായിരങ്ങളാണ് സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നത്. ഇതിൽ ഏറിയ പങ്കും തീരദേശ മേഖലയിലെ ലത്തീൻ വിഭാഗത്തിൽനിന്നുമാണ്. മികച്ച വിദ്യാഭ്യാസം നേടിയാലും തൊഴിൽ ലഭിക്കാത്ത സാഹചര്യമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽമാത്രം ലത്തീൻ വിഭാഗത്തിൽനിന്ന് തൊഴിലിനായി സംസ്ഥാനത്തിനു പുറത്തേക്ക് പോയവരുടെ എണ്ണം ഒരു ലക്ഷത്തോളം വരും. കുവൈറ്റ്, യു.കെ, ഓസ്ട്രേലിയ, കാനഡ, ബെഹ്റിൻ, ന്യൂസിലാൻഡ്, ജർമനി, യുഎസ്എ, ഒമാൻ, ദോഹ, ഷാർജ, ദുബായ്, അബുദാബി, ഖത്തർ, യുഎഇ, സിംഗപ്പൂർ, മസ്കറ്റ്, സ്കോട്ട്ലാന്റ്, സൗദി അറേബ്യ, യൂറോപ്പ്, ഇസ്രയേൽ, പോളണ്ട്, ബ്രസീൽ, മലേഷ്യ, ഇറ്റലി, ഷാർജ, ജോർജിയ, തുടങ്ങിയ വിദേശ രാജ്യങ്ങൾക്കൊപ്പം മുംബൈ, മണിപ്പൂർ, ഡൽഹി, ചെന്നൈ, ബോംബൈ, ഗുജറാത്ത്, കർണാടക എന്നീ സംസ്ഥാനങ്ങളിലേക്ക് ലത്തീൻ വിഭാഗം ജോലിക്കായി പോയിട്ടുണ്ട്.

ഇവരിൽ ബഹുഭൂരിപക്ഷവും സംസ്ഥാനത്ത് ജോലിക്കായുള്ള ശ്രമങ്ങൾ നടത്തി വിഫലമായതിന് പിന്നാലെ മറ്റിടങ്ങളിലേക്ക് ചേക്കേറിയവരാണ്. ഇതിൽ നഴ്സുമാർ, അധ്യാപകർ, എൻജിനീയർമാർ, ഡോക്ടർമാർ, ഡ്രൈവർമാർ, ഷിപ്പിങ് ഉദ്യോഗസ്ഥർ, തുടങ്ങിയ ചെറുതും വലുതുമായ ജോലികൾ ചെയ്യുന്നവരുണ്ട്.

പലരും വിദ്യാഭ്യാസ ലോൺ ഉൾപ്പെടെ അടയ്ക്കാൻ കഴിയാതെ വന്നതോടെ തൊഴിൽതേടി പോയവരുമുണ്ട്. ന്യൂനപക്ഷങ്ങളെ ഒപ്പം ചേർക്കുകയാണെന്ന് അവകാശപ്പെടുന്ന സർക്കാരിന്റെ ഒരു സഹായവുമില്ലാതെയാണ് ഇവർ തൊഴിലിനായി വിദേശരാജ്യങ്ങളിലേക്ക് പോയത്. സാമ്പത്തിക സഹായം ഉൾപ്പെടെ ഒന്നും സർക്കാർ തലത്തിൽ ലഭ്യമാക്കിയിട്ടില്ല.

ജോലിയ്ക്കായി പോയതിനാൽ ഉറ്റവരെയും ഉടയവരെയും ഉപേക്ഷിച്ച് വർഷങ്ങളായി വിദേശങ്ങളിൽ കഴിയുന്നവരും ഉണ്ട്. ഭൂരിപക്ഷവും സ്വകാര്യ സ്ഥാപനങ്ങളിലായതിനാൽ ഇവർക്ക് വളരെ പെട്ടെന്ന് തിരികെ എത്താൻ കഴിയാത്ത സാഹചര്യവുമുണ്ട്. സർക്കാർ അനന്തമായ ജോലി സാധ്യതകൾ തുറന്നിട്ടിരുന്നുവെങ്കിൽ ഇവരിൽ ഒരാൾക്ക് പോലും വിദേശങ്ങളിൽ പോയി കഴിയേണ്ടി വരില്ലായിരുന്നു. തീരദേശമേഖലയിൽനിന്ന് വ്യാപകമായ കൊഴിഞ്ഞുപോക്കിനും ഇത് കാരണമായി. കേരളത്തിൽതന്നെ ജോലി ചെയ്യണമെന്ന് മനസ്സുകൊണ്ട് ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യവരാണ് ഈ ലത്തീൻ വിഭാഗക്കാർ. സംസ്ഥാനത്തെ തൊഴിലില്ലായ്മ കാരണം വിദേശങ്ങളെ ആശ്രയിക്കേണ്ടി വന്നവരാണിവർ. ലത്തീൻ സമുദായത്തിന് സർക്കാർ എല്ലാ സഹായങ്ങളും നൽകുന്നുണ്ടെന്ന് അവകാശപ്പെടുമ്പോഴാണ് തൊഴിൽ ലഭിക്കാതെ ഇവർ വിദേശങ്ങളിലേക്ക് അഭയം പ്രാപിച്ചത്.

തൊഴിൽതേടി വിദേശത്ത് പോകുന്നവരെ നിയന്ത്രിക്കാനായി സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്ന് മന്ത്രിമാർ ഉൾപ്പെടെ പലപ്പോഴായി പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ ഒന്നും നടപ്പിലായിട്ടില്ല. വിദേശ സർവകലാശാലകളും സ്ഥാപനങ്ങളും മികച്ച അവസരങ്ങൾ തുറന്നിട്ട് തൊഴിൽ തേടുന്നവരെ സ്വാഗതം ചെയ്യുമ്പോൾ ഇവിടെ ഇരുട്ടിൽ തപ്പുകയാണ്. ഉയർന്ന വേതനമുള്ള ജോലിയാണ് ഭൂരിപക്ഷംപേരെയും വിദേശത്തേക്ക് ആകർഷിക്കുന്നത്. അത്രയും ഉയർന്ന ശമ്പളം നൽകാൻ ഇവിടെ സാധിക്കാത്ത സ്ഥിതിയാണ്. ഒരു ജോലിക്കാരന് ഒന്നിൽകൂടുതൽ വരുമാനമാർഗം ഒരുക്കി നൽകിയാൽ ഒരു പരിധിവരെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. വിദേശത്ത് ഒരു നഴ്സിന് നാല് ദിവസമാണ് റഗുലർ ജോലി. ബാക്കി ദിവസങ്ങളിൽ നിയമപരമായിതന്നെ മറ്റു ജോലിക്ക് പോകാം. ഇവിടെ അത് സാധ്യമല്ല. ഈ നിലപാടിൽ ഒരു മാറ്റമുണ്ടായാൽ വിദേശ കുടിയേറ്റാവസ്ഥക്ക് ചെറിയതോതിൽ മാറ്റത്തിന് സാധ്യതയുണ്ട്.

വിദേശങ്ങളിൽ വിദ്യാഭ്യാസത്തിനൊപ്പം ജോലി ചെയ്യാൻ അവസരമുണ്ട്. ഇവിടെ ബിരുദമോ, ബിരുദാനന്തര ബിരുദമോ കഴിഞ്ഞാലും ജോലിയില്ലാത്ത സ്ഥിതിയാണ്. വിദ്യാഭ്യാസത്തിനൊപ്പം ചെയ്യാൻ സാധിക്കുന്ന പാർട്ട്ടൈം ജോലികൾ കൂടുതൽപേരെയും വിദേശത്തേക്ക് ആകർഷിക്കുന്നു. വിദേശത്തേക്ക് പോകുന്നവരിൽ ഭൂരിപക്ഷവും അവിടെ സ്ഥിരതാമസമാക്കുന്നത് സംസ്ഥാനത്തിന് കനത്ത തിരിച്ചടിയാണ്. യുവതലമുറ തൊഴിൽതേടി വിദേശത്തേക്ക് പോയതോടെ സംസ്ഥാനത്ത് പ്രായമായ മാതാപിതാക്കൾ ഒറ്റയ്ക്ക് കഴിയേണ്ട സ്ഥിതിയുണ്ട്. വിദേശ വരുമാനം ഇന്ത്യയിലേക്ക് എത്തുമ്പോൾ മാറി ലഭിക്കുന്ന വലിയ തുകയാണ് മറ്റൊരു അനുകൂലഘടകം. വിദേശത്ത് പുതുതലമുറ ചേക്കേറുന്നതോടെ രാജ്യത്തിന്റെ മാനവ ശേഷിക്കും കുറവ് സംഭവിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ വിസ നിയമങ്ങൾ മാറുന്നതും അവിടെയുണ്ടാകുന്ന വിലക്കയറ്റവും വാടക വർധനവും വിദേശ കുടിയേറ്റങ്ങൾക്ക് വെല്ലുവിളിയാണെങ്കിലും വിദേശത്തേക്കുള്ള ഒഴുക്കിന് കുറവില്ല. നിലവിലെ സാഹചര്യങ്ങളിൽ വിദേശസ്ഥാപനങ്ങൾ നൽകുന്ന മികച്ച വേതനവും മറ്റു ആനുകൂല്യങ്ങളും നൽകാൻ സംസ്ഥാനത്തിന് സാധിക്കാത്ത സ്ഥിതിയുമുണ്ട്. ഇതിനൊപ്പം യുവതലമുറയെ ആകർഷിക്കുന്ന മികച്ച തൊഴിൽസാധ്യതകൾ മുന്നോട്ട് വയ്ക്കാനും സംസ്ഥാനത്തിന് കഴിയുന്നില്ലെന്നതും പോരായ്മയാണ്. ●



ലേഖനം

# ആഗമനകാലം; ഒരുക്കത്തിന്റെ കാലഘട്ടം



ഫാ. റീഗൻ ചാൾസ്

ആഗമനകാലം രക്ഷകനായ ക്രിസ്തുവിന്റെ വരവിനായി ഒരുങ്ങുന്ന കാലഘട്ടമാണ്. യേശുവിന്റെ മനുഷ്യാവതാരത്തെയും രണ്ടാമത്തെ ആഗമനത്തെയും കുറിക്കുവാനാണ് സാധാരണയായി ഈ പദം ഉപയോഗിക്കുന്നത്. അനാദി മുതൽക്കേ പിതാവുമായി സത്തയിലേകനായിരുന്ന ദൈവത്തിന്റെ വചനമായ ക്രിസ്തു മനുഷ്യനായി അവതരിച്ചു എന്ന സത്യം വിളിച്ചോതുന്നതാണ് ക്രിസ്തുമസ്. ചെമ്മരിയാടുകളെ കോലാടുകളിൽനിന്ന് വേർതിരിക്കുവാനുള്ള ക്രിസ്തുവിന്റെ വരവിനെയാണ് അവന്റെ രണ്ടാമത്തെ ആഗമനം സുചിപ്പിക്കുന്നത്. ആഗമനകാലത്തിന്റെ പ്രാധാന്യമെന്നത് വരാനിരിക്കുന്ന ക്രിസ്തുവിനായി ഒരുക്കത്തോടെ പ്രാർത്ഥിക്കുക, ക്രിസ്തുവിനോടൊപ്പം ആഘോഷിക്കുക എന്നുള്ളതാണ്. ഇന്നത്തെ ലോകം ക്രിസ്തുവിനെക്കൂടാതെ ആഘോഷിക്കാൻ വെമ്പൽ കൊള്ളുകയാണ്. അപ്രകാരം ആഘോഷങ്ങളെല്ലാം



**ആഗമനകാലത്തിന്റെ പ്രാധാന്യമെന്നത്
വരാനിരിക്കുന്ന ക്രിസ്തുവിനായി ഒരുക്കത്തോടെ പ്രാർത്ഥിക്കുക,
ക്രിസ്തുവിനോടൊപ്പം ആഘോഷിക്കുക എന്നുള്ളതാണ്.
ഇന്നത്തെ ലോകം ക്രിസ്തുവിനെക്കൂടാതെ ആഘോഷിക്കാൻ
വെമ്പൽകൊള്ളുകയാണ്. അപ്രകാരം ആഘോഷങ്ങളെല്ലാം
കലുഷിതമായ ജീവിതപ്രശ്നങ്ങളിൽ അവസാനിക്കുകയും ചെയ്യുന്നു.**

കലുഷിതമായ ജീവിതപ്രശ്നങ്ങളിൽ അവസാനിക്കുകയുംചെയ്യുന്നു. അതുകൊണ്ട് ഈ ഒരുക്കത്തിന്റെ കാലഘട്ടം നാം ഫലദായകമായി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

## 1. നന്മ ചെയ്യുവാനുള്ള കാലഘട്ടം

റഷ്യയിൽ ഒരു ക്രിസ്തുമസ് പാരമ്പര്യമുണ്ടായിരുന്നു. മൂന്ന് ജ്ഞാനികൾ ബെത്ലെഹേമിലേക്ക് പോകുന്നവഴിക്ക് 'Baboushka' എന്ന പ്രായമായ ഒരമ്മയെ തങ്ങളുടെകൂടെ പോകാൻ ക്ഷണിക്കുന്നു. വീട്ടുജോലിയിലായിരുന്ന അമ്മ ജോലി കഴിഞ്ഞ് വരാം എന്ന് മറുപടി നൽകി. ജോലി കഴിഞ്ഞപ്പോൾ ജ്ഞാനികളെയോ നക്ഷത്രത്തെയോ ഈ അമ്മ കണ്ടില്ല. രക്ഷകനായ ഉണ്ണീശോയെ കാണാൻ സാധിക്കാത്ത ഈ അമ്മ താൻ കണ്ടുമുട്ടുന്ന എല്ലാ പാവപ്പെട്ട കുട്ടികൾക്കും ക്രിസ്തുവിന് നൽകേണ്ട സ്നേഹവും കരുതലും നൽകി. ആധുനിക ലോകത്തിലെ 'Santa Claus' എന്നാണ് ഈ പ്രായമായ അമ്മ അറിയപ്പെടുന്നത്. ഈ അമ്മയ്ക്ക് രക്ഷകനായ ഉണ്ണീശോയെ കാണാൻ സാധിക്കാത്ത വിഷമമില്ല. കാരണം ക്രിസ്തു പറയുന്നുണ്ട്: ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു (മാർക്കോസ് 9:37). ആഗമനകാലത്ത് നമുക്ക് ചെയ്യാവുന്ന ഏറ്റവും വിശേഷമായ പ്രവൃത്തിയെന്നത് നന്മ ചെയ്യുവാനുള്ള നമ്മുടെ മനസ്സിനെ ദൈവത്തിന് സമർപ്പിക്കുക എന്നുള്ളതാണ്. വചനം പറയുന്നു: നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപനകൾ പാലിക്കും (യോഹ 14:15). അങ്ങനെ ക്രിസ്തുനാഥൻ നന്മകൾ ചെയ്ത് കടന്നുപോയതുപോലെ നമുക്കും നന്മപ്രവൃത്തികളിലൂടെ ക്രിസ്തുവിന്റെ വരവിനായി ഒരുങ്ങാം.

## 2. രൂപാന്തരപ്പെടുവാനുള്ള കാലഘട്ടം

ആഗമനകാലം ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കാനായി ഹൃദയ പരിവർത്തനത്തോടെ ഒരുങ്ങേണ്ട കാലഘട്ടമാണ്. അല്ലെങ്കിൽ സാധാരണ നമ്മൾ കേൾക്കാറുള്ളതുപോലെ ക്രിസ്തുമസ് ആഘോഷവും ഒരുക്കവുമെല്ലാം പൂത്തിരി കത്തിതീരുന്നതുപോൽ മിന്നിമായും. ദൂതൻ നൽകിയ സന്ദേശമനുസരിച്ച് ബെത്ലേഹമിലേക്കുപോയി, ശിശുവിനെ കണ്ടാരാധിക്കുകയും ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അറിയിക്കുകയും ചെയ്ത ആട്ടിടയർ നമുക്ക് മാതൃകയാണ്. എന്നാൽ ഇവിടെ മറഞ്ഞിരിക്കുന്ന അപകടമെന്നത് ആട്ടിടയർ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് അത്ഭുതപ്പെട്ട ജനങ്ങൾ ഒരിടത്തും എത്താതെ, ഹൃദയപരിവർത്തനമില്ലാതെ, അതേപടി തുടരുകയാണ്. ഈ ജനങ്ങളെക്കുറിച്ചാണ് ലൂക്കാ 8:13-ൽ പറയുന്നത്: അവർ വചനം കേൾക്കുമ്പോൾ സന്തോഷത്തോടെ സ്വീകരിക്കുന്നു. എന്നാൽ അവർക്ക് വേരില്ലാത്തതിനാൽ കുറെ നാളത്തേക്ക് വിശ്വസിക്കുകയും പ്രലോഭനങ്ങളുടെ സമയത്ത് വീണുപോവുകയും ചെയ്യുന്നു.

## 3. ഉണ്ണീശോയ്ക്ക് സമ്മാനങ്ങൾ ഒരുക്കേണ്ട കാലഘട്ടം

ആഗമനകാലം നമ്മുടെ കുറവുകളെയും ബലഹീനതകളെയും ദൈവത്തിന് സമ്മാനമായി നൽകികൊണ്ട് നമ്മുടെ സ്വർഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നമ്മളും പൂർണ്ണരായി ജീവിക്കാൻ പരിശ്രമിക്കേണ്ട കാലഘട്ടമാണ്. രക്ഷകനായ ഉണ്ണീശോ ആവശ്യപ്പെടുന്നു: നിങ്ങൾ എനിക്ക് നിങ്ങളുടെ മാനുഷികത തരുക, ഞാൻ നിങ്ങൾക്ക് എന്റെ ദൈവീകത തരാം. നിങ്ങൾ എനിക്ക് നിങ്ങളുടെ സമയം തരുക, ഞാൻ നിങ്ങൾക്ക് എന്റെ നിത്യത തരാം. നിങ്ങൾ എനിക്ക് തളർന്ന് അവശതയാർന്ന നിങ്ങളുടെ ശരീരം തരുക, ഞാൻ നിങ്ങൾക്ക് എന്റെ രക്ഷ നൽകാം. നിങ്ങൾ എനിക്ക് നിങ്ങളുടെ മുറിയപ്പെട്ട ശരീരം തരുക, ഞാൻ നിങ്ങൾക്ക് എന്റെ സ്നേഹം തരാം. നിങ്ങൾ എനിക്ക് നിങ്ങളുടെ ഇല്ലായ്മ തരുക, ഞാൻ എന്റെ സമസ്വവും നിങ്ങൾക്കായി നൽകാം.

## 4. സമാധാനം ആസ്വദിക്കേണ്ട കാലഘട്ടം

ക്രിസ്തു നമുക്ക് നൽകിയ സമാധാനം ആസ്വദിക്കേണ്ട കാലഘട്ടമാണ് ആഗമനകാലം.



സ്വർഗ്ഗീയ സൈന്യം ദൈവത്തെ സ്തുതിച്ചത് ഇപ്രകാരമാണ്: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം (ലൂക്ക 2:14). ദൈവകൃപയുള്ള മനുഷ്യർ നീതിബോധമുള്ളവരായി ജീവിക്കും. എവിടെ നീതിയുണ്ടോ, അവിടെ സമാധാനം നിലനിൽക്കും. പലപ്പോഴും നമ്മൾ സമാധാനമില്ലാത്ത മരുഷ്യരായിട്ടാണ് ജീവിച്ചുകൊണ്ടിരിക്കുക. ഇതിന് കാരണം, നമുക്ക് രക്ഷിക്കപ്പെടണമെന്ന് ആഗ്രഹമുണ്ട്. എന്നാൽ ദൈവം ആഗ്രഹിക്കുന്നതുപോലെ നമ്മുടെ തിന്മകളെ പാടെ ഉപേക്ഷിച്ചുകൊണ്ട് രക്ഷിക്കപ്പെടാൻ നാം മുതിരുന്നില്ല. മറിച്ച് നമ്മുടെ തിന്മകളിൽതന്നെ ആയിരുന്നുകൊണ്ട് രക്ഷിക്കപ്പെടാനാണ് നാം ആഗ്രഹിക്കുന്നത്. സമാധാനരാജാവായ ക്രിസ്തുവിനെ എതിരേൽക്കാനായി നീതിബോധമുള്ള മനുഷ്യരായി ജീവിച്ചുകൊണ്ട് ദൈവീകസമാധാനം നാം ആസ്വദിക്കേണ്ടിയിരിക്കുന്നു.

ക്രിസ്തു മനുഷ്യനായി അവതരിക്കുമ്പോൾ നമ്മൾ ഓരോരുത്തരും ദൈവത്തിന്റെ ദത്തുപുത്രരും ക്രിസ്തുവിന്റെ സഹോദരങ്ങളുമായി രൂപാന്തരപ്പെടുകയാണ്. വി. ഫ്രാൻസിസ് അസീസി ഇപ്രകാരം പറയുന്നു, മനുഷ്യരാശിയെ സ്നേഹത്തിന്റെ പുതിയ മാർഗം പഠിപ്പിക്കുന്നതിനായി സർവ്വനന്മകളുടെയും സ്നേഹത്തിന്റെയും എളിമയുടെയും മാതൃകയായി, മനുഷ്യനായി അവതരിച്ച ക്രിസ്തുവിനെ സ്വീകരിക്കുവാൻ ഒരുങ്ങുന്ന കാലഘട്ടമാണ് ആഗമനകാലം. മനുഷ്യാവതാരത്തിലൂടെ ദൈവത്തിന്റെ സ്വയം ശൂന്യമാകൽ പൂർത്തിയാവുകയാണ്. അപ്രകാരം സ്വയം ശൂന്യമാകുവാൻ, എളിമപ്പെടുവാൻ ഈ ആഗമനകാലം നമ്മെ സഹായിക്കട്ടെ.



കവിത



# കൊള്ളിയാൻ മിന്നണൊണ്ട്

ഐറിസ്

ഒരായുസ്സല്ല
ഒറ്റക്കാലത്ത് പലത്
കെട്ടുപിണഞ്ഞങ്ങനെ

ഒന്നുമോരാത്ത പ്രായത്തിൽ
അപ്പനോട് കടശ്ശിമോള് കൊഞ്ചി
വീടകം കാത്തോളാമേ
അന്നം വെച്ചുവിളമ്പാമേ
കൊച്ചുപുരേടത്തിലെന്നും
അന്തിത്തിരി കൊളുത്താമേ
അതങ്ങ്  കർത്താവും കേട്ടു

അപ്പന്റെ വഴിവിട്ട കൗതുകങ്ങൾ
ആൺകരുത്തിന്റെ ഊറ്റം
പ്രാപ്പിടിയനായി
പലവഴി പായിച്ചു
ചെള്ളയ്ക്കടി
വിലാപ്പൊറത്തിന്  ചവിട്ട്
എന്നിട്ടും മെരുങ്ങാത്ത പെണ്ണ്
വറചട്ടിയിൽ നിന്ന്
കനൽത്തീയിലേക്ക്

ആരെയും അങ്ങനങ്ങ് നമ്പാനോ
ഉയിരേപ്പിച്ച്  ഇണക്കാനോ ഒരുമ്പെട്ടില്ല
കാണാക്കണക്കുകളുമായാണ്
കണവൻ ചേർന്നുറങ്ങുന്നതെന്ന പങ്കപ്പാടിൽ
ഉണർന്നുപൊള്ളി
എരിതീക്കണങ്ങൾ
ലാവയായിത്തിളച്ചു

അടുപ്പങ്ങൾ അളന്നുതിട്ടപ്പെടുത്തി
ഇണക്കങ്ങൾ  കണ്ണിൽക്കരടായി
വെളിപാടുകളിൽ കറികൾ കയച്ചു
അമർത്തിയ നോവുകളിൽ
അരി പുകഞ്ഞ് ചീറ്റി

ഊഴമിട്ട് കാത്ത്
കെടാത്തീക്കനലിൽ
ഓരോരുത്തരായി
എരിഞ്ഞണയുന്നതുമെണ്ണി
ഒച്ചയില്ലാതെ ചിരിച്ചു
കണ്ണീരില്ലാത്ത വേവായത്
അടുപ്പിലെ  ചുവന്നുപൊള്ളണ പാത്രത്തിൽ
വെള്ളം വറ്റിപ്പിടയ്ക്കും പോലെ
ആവിയായി മേലോട്ട് പോയി


നിനയ്ക്കാത്ത തിരിവുകൾ
അന്തിമിനുക്കത്തിൽക്കണ്ട്
നാവിറങ്ങി  കണ്ണ് മലച്ച്
ഉയിരുകൾ ഉടലറുത്ത്
പുറത്തേക്ക് പാഞ്ഞു
ഒന്ന് രണ്ട് മൂന്ന്
തണുപ്പിക്കാൻ ഒരുമ്പെട്ടോര്
ഇനീമൊണ്ട്
ഇങ്ങനല്ലെങ്കിൽ പിന്നെങ്ങനെ

കാരണോത്തിക്കൊക്കെന്ന്
എല്ലാം ചികഞ്ഞ്
എവിടേം തലകടത്തി
ഇരുള് വെതച്ച് കലിതുള്ളി
മേലേരിയേറി കനല് കോരിവെതറി നടക്കണൊണ്ട്
പൊള്ളിയടർന്ന  ഒരു പെൺതേക്കം

ഇപ്പൊ
പുരവാതിലടച്ചുതാഴിട്ട്
കണ്ണാടിയിൽ ലോകം കണ്ട്
തേനൊലിയാൽ   തോറ്റണൊണ്ട്

വീടകം കാക്കണൊണ്ടേ
അന്നം വെച്ചുവിളമ്പണൊണ്ടേ
കൊച്ചുപുരേടത്തിലെന്നും
അന്തിത്തിരി കൊളുത്തണൊണ്ടേ...






# മോൺ. ജെയിംസ് കുലാസ്; കടലോരത്തെ ദീപസ്തംഭം

മോൺ. റൂഫസ് പയസ് ലീൻ



ഞങ്ങൾ 1964 മെയ് 20 ന് പാളയം സെൻറ് വിൻസൻറ് സെമിനാരിയിൽ ചേർന്നു. 9, 10 ക്ലാസ്സിൽ പഠിക്കുന്ന പ്രായം. സെൻറ് ജോസഫ്സ് സ്കൂളിൽനിന്ന് 10-ാം ക്ലാസ്സ് പാസായി രണ്ട് വർഷം ലത്തീൻ പഠിച്ചു. തുടർന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനത്തിനായി 'ആലുവ' സെമിനാരിയിൽ ചേർന്നു. പ്രാർത്ഥനയ്ക്കും, പഠനത്തിനും, വിജ്ഞാന സമ്പാദനത്തിനുമായി സന്തോഷത്തോടെ ചിലവിട്ടകാലം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ (1965) വിപ്ലവകരമായ നവീകരണ ശ്രമങ്ങൾ പ്രാവർത്തികമാക്കാനുള്ള പരിശ്രമങ്ങൾ സഭയുടെ സമസ്ത മേഖലകളെയും സ്വാധീനിച്ചിരുന്ന കാലഘട്ടം. ശ്രേണിബദ്ധമായ (ഹയരാർക്കി) സഭാഘടനയിൽനിന്ന് ക്രിസ്തുകേന്ദ്രീകൃതമായ സഭാസംവിധാനത്തിലേയ്ക്കുള്ള പ്രയാണഘട്ടം.

സെമിനാരിക്കുള്ളിലും കാലോചിതമായ മാറ്റങ്ങൾ നടന്നിരുന്നു. അഭിപ്രായ സ്വാതന്ത്ര്യവും ചർച്ചകളും തുറവിയുള്ള സമീപനങ്ങളും ഉണ്ടായിരുന്നു. കാലോചിതമായ മാറ്റങ്ങൾ വൈദിക ജീവിതത്തിലും പ്രതിഫലിപ്പിക്കണമെന്ന വസ്തുത ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞപ്പോൾ ബ്രദർ കുലാസ് അന്നേ തന്റേതായ ശക്തമായ ദർശനങ്ങൾ നൽകുകയുണ്ടായി. സെമിനാരി പ്രൊഫസർമാർ ആയിരുന്ന ബഹു.കുന്താനത്തച്ചനും, പടിഞ്ഞാറേകുറ്റച്ചനും, സിറിയക് കണിച്ചായി അച്ചനും വൈദിക വിദ്യാർത്ഥികളെ



വളരെ സ്വാധീനിച്ച വ്യക്തിത്വങ്ങളായിരുന്നു. ബഹു. കുന്താനത്തച്ചനായിരുന്നു. പ്രവാചകരെക്കുറിച്ച് പഠിപ്പിച്ചിരുന്നത്. യേശുവിന്റെ പൗരോഹിത്യപൂർണ്ണമാക്കുവാൻ പ്രവാചകദൗത്യം ഓരോ വൈദികനും ഗൗരവമായി ഏറ്റെടുക്കണമെന്നുള്ള ആഹ്വാനം ബ്രദർ കുലാസിനെ വല്ലാതെ സ്വാധീനിച്ചിരുന്നു.

1974 ഡിസംബർ 19 ന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ പീറ്റർ ബർണാഡ് തിരുമേനിയിൽനിന്ന് ഞങ്ങൾ വൈദികപട്ടം സ്വീകരിച്ചു. 1975 ജൂൺ 8-ാം തീയതി കുലാസച്ചനെ പറണ്ടോട് ഇടവകവികാരിയായും എന്നെ കൊണ്ണിയൂർ ഇടവകവികാരിയായും നിയമിച്ചു. കുലാസച്ചൻ വലിയതുറ ഇടവകയിലെ അംഗമായിരുന്നു. ഒത്തിരിയേറെ കുടുംബങ്ങളും വിശ്വാസസമൂഹങ്ങളും ഉണ്ടായിരുന്ന ഇടവക. പറണ്ടോട് ഇടവകയുടെ ഉപഇടവകയായ ആര്യനാട് പള്ളിയിൽ ഞായറാഴ്ച കുർബാനയ്ക്കുവന്നപ്പോൾ 7 കുടുംബങ്ങൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അത് അംഗീകരിക്കാൻ നന്നേ പ്രയാസപ്പെട്ടിരുന്നു. എന്നാൽ ഈയൊരവസ്ഥയെ വെല്ലുവിളിയായി സ്വീകരിച്ചുകൊണ്ട് കൊച്ചുകൊച്ചു ഇടവക സമൂഹങ്ങൾ ഉണ്ടായിരുന്ന ഈ പ്രദേശത്തെ ജനങ്ങളെ സ്നേഹിക്കുവാനും അവരുമായി താദാത്മ്യം പ്രാപിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ അവരെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും സാധിച്ചു. ഈ കാലയളവിൽ യുവവൈദികരുടെ കൂട്ടായ്മ സംഘടിപ്പിച്ചു. മാസത്തിലൊരിക്കലുള്ള ഈ കൂടിവരവ് അജപാലനപരമായ കാര്യങ്ങൾ ചർച്ചചെയ്യാനും ശക്തിസംഭരിക്കാനും പ്രേഷിത പ്രവർത്തനം ക്രിയാത്മകമായി നോക്കിക്കാണാനും സഹായിച്ചു. ചെറുസമൂഹങ്ങളാണ് വിശ്വാസ രൂപീകരണം എളുപ്പത്തിൽ സാധ്യമാക്കാനും, ബലപ്പെടുത്താനും കൂടുതൽ യോജിച്ചതെന്ന വലിയ ഒരു അവബോധം രൂപപ്പെടുത്താൻ ഇടയാക്കി.

ഈറ്റത്തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ ആവശ്യങ്ങളിൽ ഇടപെടാനും നീതിക്കുവേണ്ടിയും അവകാശങ്ങൾക്കുവേണ്ടിയും നടത്തുന്ന സമരപോരാട്ടങ്ങൾക്ക് നേതൃത്വം നൽകാനും അച്ചന് സാധിച്ചു. ജനങ്ങളുടെ കർമ്മശേഷിയും വിഭവശേഷിയും ശരിയായ ദിശയിൽ തിരിച്ചുവിടാനും നേതൃത്വം നൽകി. 1980 ൽ വൈദികരും, സന്യസ്തരും, അല്മായരും ഒരുമിച്ച് മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി നടത്തിയ പോരാട്ടത്തിൽ ഒരു ചാലകശക്തിയായി കുലാസച്ചൻ പ്രവർത്തിച്ചിരുന്നു. വിവിധങ്ങളായ സമരമുറകളും, പ്രതിഷേധങ്ങളും സംഘടിപ്പിച്ചിരുന്നു. അവകാശങ്ങൾക്കുവേണ്ടി പോരാടുവാൻ ഒരു സമൂഹത്തെ രാഷ്ട്രീയ പ്രബുദ്ധതയുള്ളവരാക്കി മാറ്റാനുള്ള ഒരു തീവ്രശ്രമവും നടത്തിയിരുന്നു.

1975 കാലഘട്ടത്തിൽ കട്ടക്കോട്ട് ഫെറോനയിൽ പ്രവർത്തിച്ചിരുന്ന കത്തോലിക്കായുവജനപ്രസ്ഥാനത്തിന് പുതിയ രൂപവും ഭാവവും നൽകാൻ നിസ്തൂലമായ സംഭാവന നൽകി. പഠനശിബിരങ്ങൾ, സെമിനാറുകൾ, ക്യാമ്പ് എന്നിവയിലൂടെ യുവജനങ്ങളെ സാമൂഹ്യപ്രതിബദ്ധതയുള്ളവരാക്കി മാറ്റാനും സുവിശേഷമൂല്യങ്ങൾക്കായി നിലകൊള്ളാനും പ്രാപ്തരാക്കുകയായിരുന്നു. തിരുവനന്തപുരം രൂപതാ കെ.സി.വൈ.എം ഡയറക്ടറായിരുന്നപ്പോൾ കലാ-കായിക-സാംസ്കാരിക രംഗങ്ങളിൽ മികവു പുലർത്തുന്ന പ്രസ്ഥാനമാക്കി സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ നേതൃത്വം നൽകാനും അച്ചന് കഴിഞ്ഞു. അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ ദീർഘവീക്ഷണത്തിൽ കേരളത്തിലെ എല്ലാ ലത്തീൻ രൂപതാ മക്കളെയും ഒരു സംഘടിത ശക്തിയാക്കി കോർത്തിണക്കി ഒരു പ്രസ്ഥാനമാക്കി മാറ്റാൻ രൂപകല്പന ചെയ്ത കെ.ആർ.എൽ.സി.സി.യ്ക്ക് ഉയിരും ഊർജ്ജവും പകർന്നു കൊടുക്കാൻ അരങ്ങത്തും അണിയറയിലും പ്രവർത്തിച്ചത് കുലാസച്ചന്റെ ക്രാന്തദർശിത്വമായിരുന്നു. ആദിമസഭയിലെ ചെറുസമൂഹങ്ങളെ മാതൃകയാക്കി പങ്കാളിത്തസഭയ്ക്ക് രൂപം നൽകാൻ കെ.ആർ.എൽ.സി.സി.യ്ക്ക് സാധിക്കണമെന്ന നിർബന്ധബുദ്ധിയോടെ ഇപ്പോൾ കെ.ആർ.എൽ.സി.സി.യുടെ പ്രോഗ്രാം കോർഡിനേറ്ററായി പ്രവർത്തിച്ചു വരുന്നു.

ബഹുമാനപ്പെട്ട കുലാസച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ തിരുസഭയ്ക്ക് അച്ചൻ ചെയ്ത സേവനത്തെയും ശുശ്രൂഷകളെയും നന്ദിയോടോർത്ത് പ്രാർത്ഥിക്കുന്നു. ഉയർന്ന ചിന്തയും, ജീവിത ലാളിത്യവം ജാഗ്രതാപൂർണ്ണമായ പ്രവർത്തനങ്ങളും തുടർന്നും നിലനിർത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ബന്ധങ്ങളെ മുറിപ്പെടുത്താതെ കാത്തുസൂക്ഷിക്കാനുള്ള കഴിവ് പ്രശംസനീയമാണ്. ശാന്തവും, സൗമ്യവുമായ പെരുമാറ്റം, ചെറുചിരിയോടെ മറ്റുള്ളവരെ കേൾക്കാനും, അവർക്ക് സംലഭ്യനാകാനും നർമ്മബോധത്തോടുകൂടെ, സമചിത്തതയോടുകൂടെ പ്രവർത്തിക്കാനുമുള്ള മനസ്സ് അച്ചന്റെ സവിശേഷതയായി ഞാൻ കാണുന്നു. ആയുസ്സും, ആരോഗ്യവും നന്മകളും ആശംസിക്കുന്നു.





**മോൺ. ജോർജ്ജ് പോൾ**

മോൺ. ജെയിംസ് കുലാസ് തന്റെ പൗരോഹിത്യ ശുശ്രൂഷയിൽ അമ്പതു വർഷം പൂർത്തീകരിക്കുകയാണ്. അൻപത് വർഷത്തെ പൗരോഹിത്യ ജീവിതം ഒരു ഭാഗ്യവും അനുഗ്രഹവുമാണ്. കടന്നുവന്ന എല്ലാ മേഖലകളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ചു എന്നുമാത്രമല്ല വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് സ്വന്തമായ നിലപാടുകളെടുത്ത് അദ്ദേഹം വേറിട്ടൊരു വ്യക്തിത്വത്തിന്റെ ഉടമയുമായി.

## സെമിനാരി ജീവിതം

ആലുവ സെൻറ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ എത്തിയതോടെ പുസ്തകങ്ങളുടെ ഒരു പുതിയ ലോകം തുറക്കപ്പെട്ടു. ഒപ്പം സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പുതിയ കാഴ്ചപ്പാടും ലഭിച്ചു. സംസ്ഥാന ദേശീയ നേതൃത്വനിരയിലുള്ളവരെ നേരിട്ടു പരിചയപ്പെടുവാനും നല്ല ബന്ധങ്ങൾ സ്ഥാപിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. 1972-ൽ പാറ്റ്നയിൽ നടന്ന സുവിശേഷവത്ക്കരണത്തെപ്പറ്റിയുള്ള നാഷണൽ കൺവൻഷനിൽ സെമിനാരി വിദ്യാർത്ഥികളുടെ പ്രതിനിധിയായി സംസാരിക്കുവാൻ സാധിച്ചത് ഒരു വലിയ അംഗീകാരമായിരുന്നു.

## കെ.സി.വൈ.എം. ഡയറക്ടർ

കെ.സി.വൈ.എം രൂപത ഡയറക്ടർ സ്ഥാനം ഏറ്റെടുത്തതോടുകൂടി വളരെ വിപുലമായ പ്രവർത്തന മേഖലയാണ് അദ്ദേഹത്തിന്റെ മുൻപിൽ തുറക്കപ്പെട്ടത്. തന്റേതായ സംഘടനാപാടവംകൊണ്ട് യുവജനങ്ങളെ ചേർത്തുനിർത്തുവാനും ഇടവകകളിൽ നടക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന ചാലക ശക്തിയായി മാറാനും അദ്ദേഹത്തിനു സാധിച്ചു. കെ.സി.വൈ.എം സംസ്ഥാന കലോത്സവത്തിൽ തുടർച്ചയായി ഒന്നും രണ്ടും സ്ഥാനങ്ങൾ മാറിമാറി നേടിയപ്പോൾ നമ്മുടെ യുവജനങ്ങൾ നമ്മുടെ അഭിമാനമായി മാറി.

## മത്സ്യത്തൊഴിലാളികളോടൊപ്പം

ട്രോളിംഗിന് എതിരായും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും അസംഘടിതരായ മത്സ്യത്തൊഴിലാളികൾ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ കൊടിക്കീഴിൽ അണിനിരന്നതും, 1981 ലും 1984 ലും നടന്ന ഐതിഹാസിക സമരങ്ങളിലൂടെ മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ ഒരു പരിധിവരെയെങ്കിലും നേടിയെടുക്കാൻ സാധിച്ചതും കടലിന്റെ മക്കൾക്ക് മറക്കാനാകില്ല. ഈ അവസരത്തിൽ സെക്രട്ടറിയേറ്റ് സമരപ്പന്തലിൽ മത്സ്യത്തൊഴിലളികളോടൊപ്പം പന്ത്രണ്ടു ദിവസം നിരാഹാരം കിടന്ന ജെയിംസ് അച്ചനെ നമുക്ക് ഓർമ്മിക്കാം.

## സംസ്ഥാനതല ഇടപെടലുകൾ

2002-ൽ കെ.ആർ.എൽ.സി.സി. നിലവിൽ വന്നപ്പോൾ തിരുവനന്തപുരം അതിരൂപതയിൽ ശുശ്രൂഷ കോ-ഓർഡിനേറ്ററായി ചുമതല വഹിച്ച കുലാസ് അച്ചൻ എക്സിക്യൂട്ടീവ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. ഒരു സമുദായസംഘടന എന്ന നിലയിൽ വ്യക്തമായ ദിശാബോധം നൽകുവാനും സമുദായത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്ന തീരുമാനങ്ങൾ എടുക്കുവാനുമുള്ള ജെയിംസ് കുലാസ് അച്ചന്റെ ഇടപെടലുകൾ സംഘടനക്ക് എന്നും ഒരു കരുത്താണ്.

## ഉപസംഹാരം

പൗരോഹിത്യജീവിതം സ്വീകരിച്ചിരിക്കുന്ന ജെയിംസ് കുലാസ് അച്ചൻ വ്യത്യസ്ഥമായി ചിന്തിക്കുന്നു. വ്യത്യസ്ഥ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്നു. ആരും നടന്നിട്ടില്ലാത്ത വഴികൾ ഇഷ്ടപ്പെടുന്നു. എന്നും ജനപക്ഷത്തുനിന്ന് നിസ്തുല സംഭാവനകൾ നൽകിയ ഈ പുണ്യജീവിതം അനേകർക്ക് പ്രകാശം പരത്തുന്ന ദീപസ്തംഭമാണ്.

**ജീവനും വെളിച്ചവും മാസികയുടെ തുടക്കകാലം മുതൽ ജെ.സി എന്ന തൂലികാനാമത്തിൽ 'നേർക്കാഴ്ച' എന്ന പംക്തി എഴുതി മാസികയെ സമ്പന്നമാക്കുന്ന മോൺ. ജെയിംസ് കുലാസച്ചന് എല്ലാവിധ ആശംസകളും...**



# കാനോൻ നിയമം
# തിരുപ്പട്ടം സ്വീകരിക്കാൻ വേണ്ട യോഗ്യതകൾ



ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1024 1039, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 1577,1588 എന്നിവയാണ് തിരുപ്പട്ടകൂദാശ സ്വീകരിക്കാനുള്ള യോഗ്യതകൾ വിവരിക്കുന്നത്. അവയനുസരിച്ച്, തിരുപ്പട്ടകൂദാശ സ്വീകരിക്കാൻവേണ്ട യോഗ്യതകൾ താഴെപ്പറയുന്നവയാണ്:

1. അർത്ഥി ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ള പുരുഷനായിരിക്കണം (CIC 1024 & CCC 1577).

2. നിയമപ്രകാരമുള്ള കാലഘട്ടവും ഒരുക്കവും പൂർത്തിയായിരിക്കണം (CIC 1025.1; 1027).

3. ആവശ്യമായ ഗുണങ്ങൾ ഉണ്ടായിരിക്കുകയും CIC 1033,1039 വിവരിക്കുന്ന തടസ്സങ്ങൾ ഇല്ലാതിരിക്കുകയും തിരുപ്പട്ടത്തെയും അതിന്റെ കടമകളെയും സംബന്ധിച്ച് ശരിയായ അറിവ് ഉണ്ടായിരിക്കുകയും വേണം (CIC 1025.1;1028).

4. CIC 1050 പ്രകാരമുള്ള രേഖകൾ ഉണ്ടായിരിക്കുകയും CIC 1051 പ്രകാരമുള്ള അന്വേഷണം നടത്തിയിരിക്കുകയും വേണം (CIC 1025.1).

5. സഭാസേവനത്തിന് ഉപകാരപ്രദനായിരിക്കണം (CIC 1025.2).

6. വേണ്ടത്ര സ്വാതന്ത്ര്യമുണ്ടായിരിക്കണം (CIC 1026).

7. സമഗ്രമായ വിശ്വാസം, ഉദ്ദേശശുദ്ധി, ആവശ്യമായ അറിവ്, സൽപേര്, സത്സ്വഭാവം, ശരിയായ പുണ്യങ്ങൾ, സ്വീകരിക്കാൻ പോകുന്ന തിരുപ്പട്ടത്തിനാവശ്യമായ ശാരീരികവും മാനസിവുമായ ഗുണങ്ങൾ എന്നിവ ഉണ്ടായിരിക്കണം (CIC 1029).

8. മെത്രാൻപട്ടം സ്വീകരിക്കേണ്ട അർത്ഥിക്ക് 5 വർഷത്തിൽ കുറയാത്ത പൗരോഹിത്യജീവിതവും 35 വയസ്സിൽ കുറയാത്ത പ്രായവും ഉണ്ടായിരിക്കണം (CIC 378.1,3& 4). പൗരോഹിത്യം സ്വീകരിക്കേണ്ട അർത്ഥിക്ക് 25 വയസ്സിൽ കുറയാത്ത പ്രായവും ഡീക്കൻപട്ടം സ്വീകരിച്ച് ആറുമാസമെങ്കിലും പൂർത്തിയായിരിക്കുകയും വേണം (CIC 1031.1). പൗരോഹിത്യം സ്വീകരിക്കുന്നതിന് മുന്നോടിയായുള്ള ഡീക്കൻപട്ടം സ്വീകരിക്കാൻ 24 വയസ്സെങ്കിലും പൂർത്തിയായിരിക്കണം (CIC 1031.2) സ്ഥിരമായ ഡീക്കൻപട്ടം സ്വീകരിക്കേണ്ട അർത്ഥി വിവാഹിതനല്ലെങ്കിൽ 25 വയസ്സെങ്കിലും പൂർത്തിയായിരിക്കണം (CIC 1031.2); വിവാഹിതനാണെങ്കിൽ 34 വയസ്സിൽ കുറയാത്ത പ്രായവും ഭാര്യയുടെ സമ്മതവും ഉണ്ടായിരിക്കണം (CIC 1037.2). ഡീക്കൻപട്ടം സ്വീകരിക്കേണ്ട അർത്ഥി അൽത്താര ശുശ്രൂഷ സ്വീകരിച്ച് ആറു മാസമെങ്കിലും പൂർത്തിയായിരിക്കണം (CIC1035.2).

9. പൗരോഹിത്യത്തിലേയ്ക്കുള്ള അർത്ഥി ഡീക്കൻപട്ടം സ്വീകരിക്കുന്നതിനുമുമ്പ് തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പാഠ്യപദ്ധതി 5 വർഷമെങ്കിലും പൂർത്തിയായിരിക്കണം (CIC 1032.1).

10. സ്ഥൈര്യലേപന കൂദാശ സ്വീകരിച്ചിരിക്കണം (CIC1033).

11. ഒരു രൂപതയ്ക്കുവേണ്ടിയോ സെക്കുലർ ക്ലേർജിമാരുടെ സഭയ്ക്കുവേണ്ടിയോ ക്ലേർജിമാരുടെ അപ്പസ്തോലിക ജീവിത സമൂഹത്തിനുവേണ്ടിയോ പുരോഹിതനാകേണ്ട അർത്ഥി ഡീക്കൻപട്ടം സ്വീകരിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട രൂപതയിലോ സമൂഹത്തിലോ ആരാധനക്രമപരമായ പ്രവേശനം നടത്തിയിരിക്കണം. എന്നാൽ, വ്രതങ്ങളിലൂടെ ക്ലേർജിമാരുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ അംഗമായ അർത്ഥിക്ക് അപ്രകാരമുള്ള ഒരു പ്രവേശനം ആവശ്യമില്ല (CIC 1024).

12. ഡീക്കൻപട്ടം സ്വീകരിക്കുന്നതിനുമുമ്പ് വായനാശുശ്രൂഷ (Lector) അൽത്താരശുശ്രൂഷ (Acolyte) എന്നിവ സ്വീകരിച്ചിരിക്കണം (CIC 1035.1).

13. ഡീക്കൻപട്ടമോ പൗരോഹിത്യമോ സ്വീകരിക്കേണ്ട അർത്ഥി സ്വന്തം ആഗ്രഹം, സ്വാതന്ത്ര്യം, സഭാശുശ്രൂഷയ്ക്കുള്ള സന്നദ്ധത എന്നിവ സാക്ഷ്യപ്പെടുത്തുന്ന സ്വന്തം കൈപ്പടെ എഴുതി ഒപ്പിട്ട പ്രഖ്യാപനവും അപേക്ഷയും സ്വന്തം മെത്രാനോ ചുമതലപ്പെട്ട മേജർ സുപ്പീരിയറിനോ നല്കണം (CIC 1036).

14. ക്ലേർജിമാരുടെ സന്യാസ ഇൻസ്റ്റിറ്റ്യൂട്ടിൽ നിത്യവ്രതം സ്വീകരിച്ച അർത്ഥിയല്ലെങ്കിൽ ഡീക്കൻപട്ടം സ്വീകരിക്കുന്നതിനു മുമ്പ് നിശ്ചയിക്കപ്പെട്ടവിധം ദൈവത്തിന്റെയും സഭയുടെയും മുമ്പാകെ ബ്രഹ്മചര്യത്തിനുള്ള കടമ ഏറ്റെടുക്കണം (CIC 1037).

16. തിരുപ്പട്ടം സ്വീകരിക്കുന്നതിനുമുമ്പ് സഭാധികാരി നിശ്ചയിക്കുന്ന സ്ഥലത്തും രീതിയിലും അഞ്ചു ദിവസമെങ്കിലും ധ്യാനം നടത്തണം (CIC 1039).

ലേഖനം

# വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ സുവിശേഷ പ്രഘോഷണ യജ്ഞങ്ങൾ തിരുവിതാംകൂറിൽ

ഇഗ്നേഷ്യസ് തോമസ്



ഭാരതത്തിന്റെ ദ്വിതീയാപ്പോസ്തലൻ എന്നറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പ്രേഷിതയാത്ര ആംഭിക്കുന്നത് 1541 ൽ പോർട്ടുഗലിലെ ലിസ്ബണിൽ നിന്നാണ്. കിഴക്കിന്റെ അപ്പോസ്തലിക് നൂൺഷിയോ ആയി പ്രവർത്തിക്കാനും വിശ്വാസം പ്രഘോഷിക്കാനും പ്രചരിപ്പിക്കാനുമുള്ള അധികാരം ഫ്രാൻസിസ് സേവ്യറിന് ലഭിക്കുകയുണ്ടായി. 1542 ൽ അദ്ദേഹം ഗോവയിൽ എത്തിച്ചേർന്നു. ഈ കാലയളവിൽ ഫിഷറി കോസ്റ്റിൽ പരവ സമുദായത്തിൽപ്പെട്ട അനവധിപേർ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. ജസ്വിറ്റ് മിഷണറിമാരുടെ പ്രവർത്തനംമൂലമത്രെ ഇവർ ക്രിസ്തുമതാനുയായികളായി മാറിയത്. കൊച്ചിയിൽനിന്നും ഫിഷറി കോസ്റ്റിലേക്കുപോയ വൈദികരാണ് ഇരുപതിനായിരത്തോളം പരവരെ മാനസാന്തരപ്പെടുത്തിയത്. ശരിയായ മതബോധനം നല്കാതെയും ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങൾ ഗ്രഹിക്കാതെയും ക്രൈസ്തവരായിത്തീർന്ന ഇക്കൂട്ടർ വെറും ക്രൈസ്തവ നാമധാരികളായിമാത്രം ജീവിച്ചുപോന്നു. പരവസമുദായത്തിന്റെ മാനസാന്തരത്തിനായി ഫിഷറികോസ്റ്റിൽ പ്രവർത്തിച്ചിരുന്ന ഈശോസഭയിലെ



ബ്രദർ മിഗുവേൽ പരവരുടെ ഇടയിൽ സുവിശേഷ പ്രഘോഷണം നിർവ്വഹിക്കാൻ ഫ്രാൻസിസ് സേവ്യറെ ക്ഷണിക്കുകയുണ്ടായി. തുടർന്ന് 1542 ഒക്ടോബറിൽ ഫ്രാൻസിസ് സേവ്യറും ഇന്ത്യക്കാരായ മൂന്ന് പുരോഹിതരും ഫാദർ പോൾ ഡി ക്യാമിറിനോടുമൊപ്പം ഫിഷറി കോസ്റ്റിൽ എത്തിച്ചേർന്നു.

## ഫ്രാൻസിസ് സേവ്യറിന്റെ വിശ്വാസ പ്രഘോഷണ രീതി

യേശുസ്നേഹത്തിന്റെ പൂർണതയിൽ നിറഞ്ഞ്, പരസ്നേഹത്തിന്റെ പ്രകടമായ പ്രവർത്തനമാണ് ഫ്രാൻസിസ് സേവ്യർ തീരദേശത്ത് നിർവ്വഹിച്ചിരുന്നത്. തമിഴ് ഭാഷാ പരിജ്ഞാനമില്ലാത്ത; ജനങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പരിചിതമല്ലാത്ത ഫ്രാൻസിസ് സേവ്യർ അനുവർത്തിച്ചത് തനതായ സുവിശേഷ പ്രഘോഷണ രീതിയായിരുന്നു. ഏറെ സവിശേഷതകൾ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ വചന പ്രഘോഷണം. വ്യത്യസ്തമായ പ്രചരണ ശൈലിയിലൂടെ ജനഹൃദയങ്ങളിലേക്ക് അദ്ദേഹം ഇറങ്ങിച്ചെന്നു.

നിരക്ഷരരും അജ്ഞരുമായവരുടെ ജീവിതങ്ങളിലേക്കും ജീവിത സാഹചര്യങ്ങളിലേക്കും കടന്നു ചെല്ലുക എന്നതായിരുന്നു അദ്ദേഹം നേരിട്ട വലിയ വെല്ലുവിളി. കുട്ടികളുടെ ഇടയിലേക്കാണ് ആദ്യം അദ്ദേഹം സുവിശേഷ വിത്തുകൾ വിതറിയത്. കൈമണി കിലുക്കി, തെരുവോരങ്ങളിലൂടെ നടക്കുമ്പോൾ കുട്ടികൾ അദ്ദേഹത്തിന്റെ അടുക്കലേക്ക് ഓടിവരുമായിരുന്നു. കുട്ടികളോട് ദ്വിഭാഷികളുടെ സഹായത്തോടെ അദ്ദേഹം സംവദിച്ചു. ത്രിത്വസ്തുതി, വിശ്വാസ പ്രമാണം, സ്വർഗ്ഗസ്ഥനായ പിതാവേ, നന്മനിറഞ്ഞ മറിയമേ തുടങ്ങിയ പ്രാർത്ഥനകൾ അവരെ പഠിപ്പിച്ചു. പ്രാർത്ഥനകൾ ഹൃദിസ്ഥമാക്കാൻ അവ ആവർത്തിച്ച് ചൊല്ലി ഏറ്റു പറയിപ്പിച്ചു. കുട്ടികളിലൂടെ ക്രിസ്തീയ വിശ്വാസം മാതാപിതാക്കന്മാരിലേക്ക് എത്തിക്കുക എന്നതായിരുന്നു ഫ്രാൻസിസ് സേവ്യർ അനുവർത്തിച്ച ശൈലി. രോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ശ്രദ്ധിച്ചിരുന്നു. കൂടാതെ ഭവനസന്ദർശനം നടത്താനും അദ്ദേഹം സമയം കണ്ടെത്തി. ലത്തീൻ പ്രാർത്ഥനകൾ തമിഴിലേക്ക് വിവർത്തനം ചെയ്ത് മുതിർന്നവരെ പഠിപ്പിച്ചു. മരണാസന്നർക്ക്, രോഗീലേപനകൂദാശ പരികർമ്മം ചെയ്തും തർക്കങ്ങളിൽ മാദ്ധ്യസ്ഥം വഹിച്ചും അദ്ദേഹം ജനഹൃദയങ്ങളിൽ ഇടം നേടി. ക്രിസ്തീയ മാർഗ്ഗങ്ങൾ പഠിപ്പിക്കുന്നതോടൊപ്പം ഗ്രാമങ്ങൾതോറും കുട്ടികൾക്കായി പള്ളിക്കൂടങ്ങൾ ആരംഭിക്കുകയും ചെയ്തു. ശനിയാഴ്ചകളിൽ സ്ത്രീകൾക്കും ഞായറാഴ്ചകളിൽ പുരുഷന്മാർക്കും വേണ്ടി പ്രത്യേക പ്രബോധനങ്ങൾ നടത്തിയിരുന്നു.

ജനങ്ങളുടെ വിശ്വാസം ആഴപ്പെടുത്താൻ തമിഴിൽ വിശ്വാസ പ്രമാണം ജനങ്ങളെക്കൊണ്ടു ചൊല്ലിക്കും. അതിനുശേഷം അദ്ദേഹം ചൊല്ലും. വിശ്വാസപ്രമാണത്തിലെ 12 കാര്യങ്ങൾ വിവരിക്കും. സ്വർഗ്ഗസ്ഥനായ പിതാവേ, നന്മ നിറഞ്ഞ മറിയമേ എന്നീ പ്രാർത്ഥനകൾ 12 പ്രാവശ്യം ഓരോ വിവരണത്തിനുശേഷവും ജനങ്ങളെക്കൊണ്ട് ഏറ്റു ചൊല്ലിക്കും. ഒരു പുതുക്രിസ്ത്യാനിയെ വിശ്വാസ പ്രമാണത്തിലെ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുകയും ഏറ്റുചൊല്ലിക്കുകയും ചെയ്തുകൊണ്ട് അവരെ വിശ്വാസത്തിൽ ദൃഢീകരിക്കും. ഇപ്രകാരം വിശ്വാസപ്രമാണവും 10 കല്പനകളും പഠിപ്പിച്ചശേഷം ഇതെല്ലാം നിങ്ങൾ വിശ്വസിക്കുന്നുവോ എന്ന് ജനങ്ങളോട് ചോദിക്കും. ഞങ്ങൾ വിശ്വസിക്കുന്നുവെന്ന് ജനങ്ങൾ ഏകസ്വരത്തിൽ മറുപടി നല്കുമ്പോൾ അദ്ദേഹം ജനങ്ങളെ ജ്ഞാനസ്നാനപ്പെടുത്തും. പരിശുദ്ധരാജ്ഞി കരുണയുടെ മാതാവേ എന്ന പ്രാർത്ഥന ചൊല്ലി, എല്ലാ പുതുവിശ്വാസികളെയും മാതാവിന് സമർപ്പിച്ചശേഷം അടുത്തഗ്രാമം ലക്ഷ്യമാക്കി മുന്നോട്ടുപോകും. പ്രാർത്ഥനകൾ പഠിപ്പിക്കുകയും ജ്ഞാനസ്നാനം നല്കുകയും ചെയ്യുന്നതോടൊപ്പം അർഹരായവർക്ക് സാമ്പത്തിക സഹായങ്ങളും നല്കാൻ സന്മനസ്സുകാട്ടി.

ഓരോ ഗ്രാമത്തിൽനിന്നും അറിവുള്ള വ്യക്തികളെ കണ്ടുപിടിച്ച് വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കാൻ അവരെ നിയോഗിച്ചു. കണക്കപ്പിള്ള എന്നാണ് ഇവർ അറിയപ്പെട്ടത്. കണക്കൻ എന്ന് ഇന്നും നിലനില്ക്കുന്ന ഈ സ്ഥാനത്തിന്റെ ആരംഭം കണക്കപ്പിള്ളയിൽ നിന്നാണ്. വൈദീകരില്ലാത്ത സമയത്ത് പ്രാർത്ഥനക്കായി ജനങ്ങളെ വിളിച്ചുകൂട്ടുകയും ഉപദേശങ്ങൾ നല്കുകയും ചെയ്തിരുന്നത് കണക്കപ്പിള്ളമാരായിരുന്നു. കണക്കപ്പിള്ളമാരുടെ നേതൃത്വത്തിലുള്ള വിശ്വാസ സമൂഹത്തിന് ഒത്തുകൂടാനും പ്രാർത്ഥിക്കുവാനുമായി

■



ചെറിയ പള്ളികൾ നിർമ്മിക്കപ്പെട്ടു പള്ളികൾ ജനങ്ങളുടെ പ്രതിസന്ധിവേളകളിൽ അഭയസ്ഥാനമായി ഇവിടം മാറി. ഇവിടെ വച്ചുതന്നെ കുട്ടികൾക്ക് കണക്കപ്പിള്ളമാർ അക്ഷരവും ഗണിതവും പറഞ്ഞുകൊടുത്തിരുന്നു.

## വടുകപ്പടയുടെ ആക്രമണവും ഫ്രാൻസിസ് സേവ്യറിന്റെ ഇടപെടലും

ഫിഷറി കോസ്റ്റിൽ താമസിക്കുന്ന ക്രിസ്ത്യാനികളായ പരവരെ വടുകന്മാർ ആക്രമിക്കുന്ന വിവരമറിഞ്ഞ് വിശുദ്ധൻ ഏറെ അസ്വസ്ഥനും ആശങ്കാകുലനുമായിരുന്നു. വടുകർ ആരുവായ്മൊഴിക്ക് വടക്ക് മലനിരകളിൽ താമസിച്ചിരുന്ന അപരിഷ്കൃതരായ കൊള്ളക്കാരായിരുന്നു. ഇവരെ നിലക്ക് നിർത്താനാവശ്യപ്പെട്ടുകൊണ്ട് വിശുദ്ധൻ തിരുവിതാംകൂർ മഹാരാജാവിനും കൊച്ചിയിലെ പോർട്ടുഗീസ് മേധാവിക്കും കത്തുകളയക്കുകയുണ്ടായി. കൊച്ചിയിൽ നിന്നും ഒരു കപ്പൽ തിരുവിതാംകൂറിന്റെ തെക്കൻ തീരത്തേക്ക് വന്നു. മഹാരാജാവ് വടുക പ്രധാനിയുടെ പക്കലേക്ക് ഒരു ദൂതനെ അയച്ചു. ദൂതനെക്കുറിച്ച് ഫ്രാൻസിസ് സേവ്യർ ഇങ്ങനെ എഴുതി. "തിരുവിതാംകൂർ മഹാരാജാവിന്റെ ദൂതനായ ഒരു ബ്രാഹ്മണൻ ഉടനെവരും. അദ്ദേഹത്തെ തൂത്തുക്കുടിയിലേക്ക് കൊണ്ടുപോകുന്നതിന് ഒരു ബോട്ട് തയ്യാറാക്കണം." അദ്ദേഹം വീണ്ടും എഴുതി, "മഹാരാജാവുമായുള്ള എന്റെ ബന്ധത്തെപ്പറ്റി വടുകന്മാർ അറിഞ്ഞിരിക്കുന്നു. അവരുടെ പ്രമാണി രാജാവുമായി പരസ്യമായി ഏറ്റുമുട്ടലിലാണ്. എന്നെ തിരുവിതാംകൂറിലേക്ക് ക്ഷണിച്ചിട്ടുണ്ട്. തൂത്തുക്കുടിയിൽനിന്നും ബഹിഷ്കൃതരായ ക്രിസ്ത്യാനികളെ തിരുവിതാംകൂറിൽ താമസിപ്പിക്കുവാൻ ഞാൻ അങ്ങോട്ടു പോകാൻ തീരുമാനിച്ചു."

ക്രിസ്ത്യാനികളെ ആക്രമിച്ചുകൊണ്ടും തിരുവിതാംകൂറിന്റെ ഭാഗങ്ങൾ ആക്രമിച്ചും വടകപ്പട മുന്നേറുന്ന അവസരത്തിൽ ഫ്രാൻസിസ് സേവ്യർവഴി പോർച്ചുഗീസുകാരുടെ സഹായം തിരുവിതാംകൂർ മഹാരാജാവ് അഭ്യർത്ഥിച്ചു. സൈനീകമായി അതീവ ദുർബലമായ തിരുവിതാംകൂർ സൈന്യത്തെ സഹായിക്കാൻ പോർച്ചുഗീസ് സൈന്യത്തിന് യഥാസമയം എത്തിച്ചേരാൻ കഴിഞ്ഞില്ല. ഈ സമയത്താണ് വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഒരു കുരിശു രൂപവുമായി വന്ന് "ദൈവനാമത്തിൽ ഞാൻ നിങ്ങളോട് പറയുന്നു മടങ്ങിപോകുവിൻ" എന്ന് വടുകപ്പടയോട് ആജ്ഞാപിച്ചത്. ദൈവീക ഇടപെടലാൽ വടുകപ്പട തോറ്റ് പിന്തിരിയേണ്ടിവന്നു. ഫ്രാൻസിസ് സേവ്യറിന്റെ ഈ ഇടപെടൽ രാജാവുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തെ ദൃഢപ്പെടുത്തി. 'വലിയ പാതിരി' എന്ന പദവി നല്കി വിശുദ്ധനെ രാജാവ് ആദരിച്ചു. തുടർന്ന് തിരുവിതാംകൂറിലെ മുക്കുവർക്കിടയിൽ സുവിശേഷം പ്രഘോഷിക്കാൻ വിശുദ്ധന് അനുവാദം നല്കപ്പെട്ടു. കൂടാതെ 2000 പണവും രാജാവ് നല്കി. ഇതേത്തുടർന്ന് തെക്കൻ തിരുവിതാംകൂറിലെ തീരദേശങ്ങളിൽ തീക്ഷ്ണതയോടെ സുവിശേഷ പ്രചരണം ആരംഭിച്ചു.



1545 ഏപ്രിൽ 7-ാം തീയതി തന്റെ സഹപ്രവർത്തകനായ മാൻസിലാസിന് എഴുതിയ കത്തിൽ വിശുദ്ധൻ ഇങ്ങനെ ആവശ്യപ്പെടുന്നു. "തിരുവിതാംകൂർ രാജാവ് പള്ളികൾ പണിയാൻ തന്നപണം കുട്ടികളുടെ വിദ്യാഭ്യാസത്തിന് ചെലവാക്കുക." തന്റെ കത്തുകളിൽ ഫ്രാൻസിസ് സേവ്യർ രാജാവിനെ സംബോധന ചെയ്തിട്ടുള്ളത് "ഇനികിത്രിബെറിം" എന്നാണ്. ഉണ്ണി കേരളവർമ്മ എന്ന പേര് സ്പാനിഷ് ചുവയിൽ ഫ്രാൻസിസ് ഉപയോഗിച്ചപ്പോൾ വന്നതാകാം ഈ സംബോധന.

തിരുവിതാംകൂർ തീരത്തെ 12 ഗ്രാമങ്ങളും ഉണ്ണി കേരള വർമ്മയുടെ സ്വാധീനത്തിൽ കഴിഞ്ഞിരുന്ന 2 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലുമായിരുന്നു വിശുദ്ധൻ അതിശക്തമായ വചന പ്രഘോഷണം നിർവ്വഹിച്ചത്. തന്റെ ദൗത്യം ആരംഭിക്കുന്നതിന് മുമ്പ് തീരപ്രദേശത്തെപ്പറ്റി പൂർണ്ണ വിവരശേഖരണം തേടി, കൊല്ലത്തുണ്ടായിരുന്ന പോർട്ടുഗീസ് ക്യാപ്റ്റൻ ഡുറാറ്റേഡി ഗാമയേയും കൂട്ടരെയും സമീപിച്ചു. ക്യാപ്റ്റൻ തീരദേശത്തെ വിവരങ്ങളെല്ലാം അദ്ദേഹത്തിന് കൈമാറി. അങ്ങനെ തിരുവിതാംകൂർ മിഷൻ പ്രവർത്തനം സേവ്യർ ആരംഭിച്ചു. ക്രിസ്റ്റാവോ ഫെർണാണ്ടസിനെയും പാവ്ലോവാസ് എന്ന കണക്കപ്പിള്ളയെയും ഒരു പാചകക്കാരനെയും ഒപ്പം തന്റെ ദൗത്യത്തിനായി കൂടെക്കൂട്ടി.

40 മൈൽ നീണ്ട വടക്ക് പൂവാർ മുതൽ തെക്ക് കന്യാകുമാരിവരെയുള്ള തീരദേശം കേന്ദ്രീകരിച്ചാണ് അദ്ദേഹം വചനം പ്രഘോഷിച്ചത്. പൂവാർ, കൊല്ലംകോട്, വള്ളവിള, തൂത്തൂർ, പുത്തൻതുറ, തേങ്ങാപ്പട്ടണം,



*വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുശേഷിപ്പ് പരസ്യവണക്കത്തിനായി 2024 നവംബർ 21-ന് ഓൾഡ് ഗോവയിലെ കത്തീഡ്രലിൽ... 2025 ജനുവരി അഞ്ചിന് പരസ്യവണക്കം സമാപിക്കും.*

ഇനയം, മിടാലം, വാണിയക്കുടി, കൊളച്ചൽ, കടിയപട്ടണം, മുട്ടം, പള്ളം, മണക്കുടി തുടങ്ങിയ പതിനാല് ഗ്രാമങ്ങളിലാണ് അദ്ദേഹം പ്രവർത്തിച്ചത്. പൂവാർ എന്ന സ്ഥലനാമംകൊണ്ട് ഉദ്ദേശിക്കുന്നത് ഇന്നത്തെ പൂവാർ മാത്രമല്ല കരുങ്കുളം പുതിയതുറ പുല്ലുവിള എന്നീ പ്രദേശങ്ങളും ഉൾപ്പെട്ടതായിരിക്കാം എന്ന് കരുതാവുന്നതാണ്. തെക്ക് കുളച്ചൽ മുതൽ വടക്ക് അടിമലത്തുറവരെയുള്ള സ്ഥലങ്ങളെല്ലാം ഒരു വൈദികന്റെ ചുമതലയിലായിരുന്നുവെന്ന് ഫ്രാൻസിസ്സേവ്യർ സുവിശേഷ പ്രവർത്തനം നടത്തിയശേഷം 20 വർഷം കഴിഞ്ഞ് ഇവിടെ സന്ദർശിച്ച ഈശോസഭയുടെ ഔദ്യോഗിക സന്ദർശകൻ ഫാദർ വാലിഞ്ഞോനയുടെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒരുമാസംകൊണ്ട് ഫ്രാൻസിസ് സേവ്യർ ഏതാണ്ട് പതിനായിരംപേർക്ക് ജ്ഞാനസ്നാനം നൽകി. ഓരോ ഗ്രാമത്തിലും ഓരോ വിദ്യാലയങ്ങൾ പണിയിക്കുവാൻ സുഹൃത്തായിരുന്ന മാൻസിലാസിന് അദ്ദേഹം നിർദ്ദേശം നല്കുകയുണ്ടായി.

എത്ര വലിയ ദീർഘ വീക്ഷണത്തോടും ബുദ്ധി വൈഭവത്തോടെയുമാണ് തന്റെ പ്രേഷിത പ്രവർത്തനങ്ങൾ നിർവ്വഹിച്ചതെന്ന് അദ്ദേഹം അനുഷ്ഠിച്ച കർമ്മങ്ങളിലൂടെ മനസ്സിലാക്കാനാവും. ആയിരങ്ങളെ മാനസാന്തരങ്ങളിലേക്ക് നയിച്ച് അവരുടെ ജീവിതങ്ങളെ പുതിയ കർമ്മപഥത്തിലേക്ക് അദ്ദേഹം നയിച്ചു. അധഃസ്ഥിതരുടെ ജീവിതരീതികളെ പുതിയ തലത്തിലേക്ക് പരിവർത്തനം ചെയ്യിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വഴിതിരിച്ചുവിട്ടു. പൂവാറിൽനിന്ന് കൊല്ലത്തേക്ക് അദ്ദേഹം കാൽനടയായി പോയെന്ന് സേവ്യറിന്റെ സഹചാരികളിൽ ഒരാളായ ക്രിസ്റ്റാവോ ഫെർണാണ്ടസ് പറയുന്നു. വടക്ക് വിഴിഞ്ഞംമുതൽ തെക്ക് പെരുമണൽവരെ ഫ്രാൻസിസ് സേവ്യർ നിരവധി ഗ്രാമങ്ങളിൽ മാനസാന്തര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതായി അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ആർട്ടിഗോ രേഖപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞം മുതൽ വടക്കോട്ടുള്ള യാത്രയിലെ മാനസാന്തര പ്രവർത്തനങ്ങളെപറ്റിയുള്ള വിശദ വിവരങ്ങളടങ്ങിയ കത്തുകൾ നഷ്ടപ്പെട്ടിട്ടുണ്ട്.

തിരുവിതാംകൂർ തീരത്ത് വിശുദ്ധ ഫ്രാൻസിസ് സേവ്യർ നടത്തിയ സുവിശേഷ പ്രഘോഷണം സമുജ്ജ്വലമായിരുന്നു. പതിനായിരങ്ങളെയാണ് അദ്ദേഹം ക്രിസ്തുവിനായി നേടിയെടുത്തത്. നഗ്നപാദനായി തീരത്തിലൂടെ നടന്ന് വ്യക്തികളുമായും സമൂഹവുമായും സംവദിച്ച് വാചികമായും ആംഗ്യഭാഷയിലൂടെയും സംവേദനം നടത്തി ക്രൈസ്തവ മൂല്യങ്ങൾ ജനഹൃദയങ്ങളിലേക്ക് അദ്ദേഹം കൈമാറി. കീറിയ ളോഹയും പരുപരുത്ത തുണിയുംകൊണ്ടുള്ള തൊപ്പിയും ധരിച്ച് ലാളിത്യത്തിന്റെ പ്രതീകമായി ജനമദ്ധ്യത്തിൽ നിലകൊണ്ട് വചനം പ്രസംഗിച്ചു. കണങ്കാലുവരെ താഴ്ന്ന് നനഞ്ഞ മണ്ണിലൂടെ ക്ലേശിച്ച് തീരത്തുകൂടെ ഒരു ഗ്രാമത്തിൽ നിന്ന് മറ്റൊരു ഗ്രാമത്തിലേക്ക് സേവ്യറിനും കൂട്ടർക്കും പോകാൻ അത്യധികം ബുദ്ധിമുട്ടേണ്ടിവന്നു. ധരിച്ചിരുന്ന കറുത്ത ളോഹ പലപ്പോഴും മുള്ളുകൾകൊണ്ട് കീറി. കൊച്ചുതൊപ്പി സൂര്യതാപത്തിൽനിന്ന് അദ്ദേഹത്തെ കാത്തു. അദ്ദേഹത്തിന്റെ പ്രസംഗപീഠങ്ങൾ തണൽ മരങ്ങളും ബലിപീഠം മീൻവള്ളങ്ങളുടെ പടികളുമായിരുന്നു. തിരുവിതാംകൂറിൽനിന്ന് അദ്ദേഹം മടങ്ങുമ്പോൾ ഏകദേശം 45 പള്ളികൾക്ക് രൂപം നല്കി. ഈ പള്ളികളുടെ പരിപാലനം തന്റെ പിൻഗാമികളായ വൈദികരെയോ അല്മായ പ്രേഷിതരെയോ അദ്ദേഹം ഏല്പിച്ചു.

ഫ്രാൻസിസ് സേവ്യറിന്റെ ജീവിതം ഇതിഹാസതുല്യമായിരുന്നു. തനിക്കറിഞ്ഞുകൂടാത്ത വിദൂരനാടുകളിലേക്ക് കടന്നുചെന്ന് സുവിശേഷം പ്രസംഗിക്കാനുള്ള സാഹസിക ദൗത്യം ഏറ്റെടുക്കുകയും ദൗത്യനിർവ്വഹണത്തിൽ വന്നുചേർന്ന വെല്ലുവിളികളെയും വിഘ്നങ്ങളെയും അസാധാരണ ധീരതയോടെ നേരിടുകയും ദൗത്യനിർവ്വഹണത്തിനുശേഷം നിശബ്ദനായി മടങ്ങുകയും ചെയ്തു. സഭയോടും അധികാരികളോടും പൂർണ്ണ വിശ്വസ്തത പുലർത്തി. ഇത്തരത്തിൽ സവിശേഷമായ പ്രേഷിതപ്രവർത്തനം നിർവ്വഹിച്ച ആ മഹാമിഷണറിയുടെ ജീവിത മാതൃക നമ്മെ വിശ്വാസ ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികളെ ദൃഢചിത്തതയോടെ അതിജീവിക്കാൻ കരുത്തേകുകതന്നെ ചെയ്യും.

കഥ

# ആനന്ദിന്റെ ആനന്ദം

ആബേൽ ചെറിയമുട്ടം





അന്നത്തെ സായാഹ്നത്തിൽ മാനം കറുത്തിരുണ്ടു. എപ്പോൾ വേണമെങ്കിലും കനത്ത മഴ പെയ്യാം. മാന്യമായ വേഷമണിഞ്ഞ് മൂർച്ചയുള്ള കഠാര ആനന്ദ് പാൻറ്സിന്റെ പുറകിൽ തിരുകി. മുറ്റത്തിറങ്ങി നടന്നു. ഇടയ്ക്കിടയ്ക്ക് തന്റെ വസ്ത്രങ്ങൾനോക്കി സ്വയം പറഞ്ഞു; എന്റെ വേഷം കണ്ടാൽ ഒരു ജയിൽപുള്ളിയാണെന്ന് ആരും പറയില്ല. ചായക്കടയിൽനിന്ന് ചായയും പലഹാരവും കഴിച്ചശേഷം പാളയം ബസ്സ്റ്റാൻഡിലേക്കു നടന്നു. അവിടെ രണ്ടുപേർ ഉണ്ടായിരുന്നു. പത്തുമിനിട്ട് കഴിഞ്ഞിട്ടും ബസ് എത്തിയില്ല. എതിർവശത്ത് പാളയം കത്തീഡ്രലിന്റെ മുന്നിലൂടെ സമരക്കാരുടെ നീണ്ട ജാഥ കടന്നുപോകുന്നു. അരമണിക്കൂർ കഴിഞ്ഞിട്ടും ജാഥ അവസാനിച്ചിരുന്നില്ല. കൂടെനിന്നവരോട് തിരക്കി. 'ഉടനെയെങ്ങാനും ബസ് ഇതുവഴി വിടുമോ?' അവർ പറഞ്ഞു; 'ജാഥ പുത്തരിക്കണ്ടത്ത് അവസാനിക്കുന്നതിനാൽ കിഴക്കേക്കോട്ടയിൽനിന്നും ബസ് വഴിതിരിച്ചുവിടുമെന്നാണ് അറിഞ്ഞത്.'

ഈ ജാഥ എപ്പോൾ തീരാനാണ്? അയാൾ പിറുപിറുത്തു. ഇടയ്ക്കിടയ്ക്കു കൊമ്പൻമീശ ഇടതുകൈകൊണ്ട് പിരിയ്ക്കുകയും മീശയിൽ തടവുകയും ചെയ്തു. അവന്റെ ഉള്ള് സംഘർഷഭരിതമായിരുന്നു. ദേഷ്യം അടക്കിപിടിച്ചുകൊണ്ട് ജാഥക്കാരുടെ ഇടയിലൂടെ എതിർവശത്തെ

പാളയം കത്തീഡ്രൽ ദേവാലയത്തിൽ കയറി. അവസാനത്തെ ബഞ്ചിന്റെ മൂലയ്ക്ക് ഇരിപ്പുറപ്പിച്ചു.

ഞായറാഴ്ചയായതിനാൽ ദിവ്യബലി കാണാൻ ദേവാലയത്തിൽ നിറയെ വിശ്വാസികളുണ്ടായിരുന്നു. ബലിപീഠത്തിൽ പുരോഹിതൻ ക്രിസ്തുവിനെക്കുറിച്ച് നിർത്താതെ പ്രസംഗിച്ചുകൊണ്ടിരുന്നു.ആരെങ്കിലും തന്നെ ശ്രദ്ധിക്കുന്നുണ്ടോയെന്ന് ചുറ്റും നോക്കി. ആരും ശ്രദ്ധിക്കുന്നില്ലായിരുന്നു. അല്പനേരം മൗനിയായിരുന്നു കൊണ്ട് തന്റെ നയനങ്ങൾ ക്രൂശിതരൂപത്തിലേയ്ക്ക് ആഴത്തിൽ നോക്കിക്കൊണ്ടിരുന്നു. അവന്റെ ചിന്തകൾ മാറി മറിഞ്ഞു. മറക്കാൻ ശ്രമിച്ച ബാല്യകാല സുഹൃത്തായ ആൽബിൻ മിരാൻറയുടെ ഓർമ്മകൾ മനസ്സിലെത്തി. ഒന്നു മുതൽ ബി.എ വരെ കൂടെ പഠിച്ച ഉറ്റ സഹപാഠി.

എല്ലാം ഓർത്തെടുത്തു. ഒരു യാത്രയ്ക്കിടെ ആനന്ദിന്റെ ബൈക്കിന്റെ പുറകിൽ ഇരിക്കുകയായിരുന്നു ആൽബിൻ മിരാൻറ. അലക്ഷ്യമായി ബൈക്ക് ഓടിച്ചു വന്ന രണ്ടു യുവാക്കൾ ആനന്ദിന്റെ ബൈക്കിൽ തട്ടി. അന്ന് ആനന്ദും ആൽബിനും അപകടത്തിൽ നിന്ന് എങ്ങനെയോ രക്ഷപ്പെട്ടു! ദേഷ്യക്കാരനും ശാഠ്യക്കാരനുമായ ആനന്ദ് അവരെ പിന്തുടർന്ന് ചോദ്യംചെയ്തു. ചോദ്യങ്ങൾ വഴക്കിലെത്തിച്ചു. പാൻറ്സിന്റെ പുറകിൽ കരുതിയ മൂർച്ചയേറിയ കഠാരയെടുത്ത് കുത്തി പരുക്കേൽപിക്കാൻ ശ്രമിക്കുന്നതിനിടെ സുഹൃത്ത് ആൽബി മിരാൻറ തടയുന്നതിനിടയിൽ കഠാര ആൽബിന്റെ ഹൃദയത്തിൽ തുളച്ചുകയറി. അജ്ഞാതരായ യുവാക്കൾ ജീവനും കൊണ്ടോടി. ആനന്ദ് ആൽബിനെ മെഡിക്കൽ കോളേജിൽ എത്തിച്ചു. അന്നുരാത്രി ആൽബിൻ മിരാൻറ മരണപ്പെട്ടു. കോടതി ആനന്ദിനെ പതിനാല് വർഷത്തെ തടവിന് വിധിച്ചു. വീട്ടുകാർക്കും നാട്ടുകാർക്കും സുഹൃത്തുക്കൾക്കുമിടയിൽ അന്നുമുതൽ അവൻ വെറുക്കപ്പെട്ടവനായി. അവനെ ആരും ഇഷ്ടപ്പെട്ടിരുന്നില്ല. അഞ്ചാമത്തെവർഷം ജാമ്യത്തിലിറങ്ങി.

തടവറയിലെ നീണ്ട പകലുകളിലും രാത്രികളിലും സുഹൃത്തിന്റെ കൊലപാതകിയെന്ന കുറ്റബോധം അവനെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. ആത്മഗതം ചെയ്തു; ഈ ഭൂവിൽ എന്നെ സ്നേഹിക്കാനോ മനസ്സിലാക്കാനോ ആരുമില്ല? എന്തിനീ ജീവിതം? ആർക്കും വേണ്ടാത്ത ഞാൻ എന്തിനിനി ജീവിക്കണം? അവന്റെ ചിന്തകൾ നീണ്ടുപോയി. ഹൃദയം നുറുങ്ങി കരഞ്ഞു. ക്രൂശിത രൂപത്തെനോക്കി വിലപിച്ചു. കുറേ ചോദ്യങ്ങൾ അവനിൽ അവശേഷിച്ചു. നാളെ വീണ്ടും തടവറയിലേയ്ക്കു പോകുന്നു. ഉത്തമ സുഹൃത്തിന്റെ അമ്മയെയും സഹോദരി അനു മിരാൻറയെയും വകവരുത്തണം. കുറ്റവാളിയായ എന്നെ കോടതി തൂക്കികൊല്ലും. അതോടുകൂടി തീരുമല്ലോ ഈ ജീവിതം? വികാരിയച്ചന്റെ പ്രസംഗം തീർന്നതും ആനന്ദ് അനു മിരാൻറയുടെ വീട് അന്വേഷിച്ചു പുറപ്പെട്ടു.

അപ്പോഴും ഉരുണ്ടുകൂടിയ കാർമേഘങ്ങൾ മഴ പെയ്യിച്ചില്ല. സായം സന്ധ്യയോടെ ആനന്ദ് ആൽബിൻ മിരാൻറയുടെ ഭവനത്തിൽ എത്തി. വാതിൽ അടഞ്ഞു കിടക്കുകയായിരുന്നു. ജനൽഗ്ലാസ്സിലൂടെ അകത്തെ പ്രകാശം കാണാം. കതകിൽ തട്ടി. വാതിൽ തുറന്നില്ല. വീണ്ടും തട്ടി. അകത്തുനിന്നും ആരാണ് എന്ന ചോദ്യം? 'പറയാം ആദ്യം വാതിൽ തുറക്കൂ...'

വാതിൽ തുറന്നതും അനു മിരാൻറ ഭയന്നുവിറച്ച് അകത്തേയ്ക്ക് ഓടി അവളുടെ മുറിയിൽകയറി വാതിൽ അടച്ചു. ആനന്ദ് വരാന്തയിൽ കയറി. ആൽബിന്റെ അമ്മ കട്ടിലിൽ കിടക്കുന്നു. തൊട്ടടുത്ത് മരുന്നുകളുടെ കൂമ്പാരം. അവന്റെ ദൃഷ്ടികൾ ചുമരുകളിലേയ്ക്കു പാഞ്ഞു. ഫ്രെയിമിട്ട മൂന്ന് ഫോട്ടോകൾക്കുമുന്നിൽ വൈദ്യുത ദീപം തെളിയിച്ചിരിക്കുന്നു. ആദ്യത്തേത് ആൽബിന്റെ പിതാവ് ലാംബർട്ട് മിരാൻറ. നടുക്കായി ഉത്തമ സുഹൃത്തായിരുന്ന ആൽബിൻ. വലത്ത് അനുവിന്റെ ഭർത്താവിൻറേത്. അവൻ നിശ്ചലനായി കണ്ണടച്ച് മൗനിയായ് നിന്നു. പിന്നീട് ശാന്തനായി സോഫയിൽ ചാഞ്ഞിരുന്നു.

കട്ടിലിൽ കിടന്നിരുന്ന അമ്മ ഉണർന്നു. മോളേ അനൂ എന്ന് നീട്ടി വിളിച്ചു. 'രാത്രി കഴിക്കാനുള്ള മരുന്നെവിടെ?' അനു മറുപടി നൽകിയില്ല. കുറേ കഴിഞ്ഞ് ആൽബിന്റെ അമ്മയുടെ ദൃഷ്ടികൾ സോഫയിലേയ്ക്കു പതിഞ്ഞു. അന്നേരം നീണ്ട മീശ പിരിച്ചുകൊണ്ട് ആരോ ഇരിക്കുന്നതു കണ്ടു. ആരാ അത്? എന്നു ചോദിച്ചുകൊണ്ട് പതിയെ കട്ടിലിൽ ഇരിക്കുവാൻ തുടങ്ങി?

'ഞാൻ ആനന്ദ്. ആൽബിന്റെ സുഹൃത്ത്.' സ്വരം താഴ്ത്തി അവൻ പറഞ്ഞു. അതുകേട്ടതും അമ്മ, 'നീയെന്തിനാണ് ഈ രാത്രിയിൽ വന്നത്?' 'ഒന്നുകാണാനാണ് വന്നത്!' അവൻ പറഞ്ഞു. അമ്മ പെട്ടെന്ന്, 'ഇവിടെ ആരും ഞങ്ങളെ കാണാൻ വരേണ്ടതില്ല? വീണ്ടും ഞങ്ങൾക്കു വേദനകൾ തരാനാണോ ഇങ്ങോട്ട് എഴുന്നള്ളിയത്?' അമ്മ കരയാൻ തുടങ്ങി. 'അവൻ ഞങ്ങളെ വിട്ട് പോയില്ലേ? അവനെ നീ കൊന്നില്ലേ? എന്റെ പുന്നാര മകൻ നിന്നോട് എന്ത് തെറ്റാണ് ചെയ്തത്? അവനെ കൊലയ്ക്കു കൊടുത്തിട്ട് നിനക്ക് എന്താണ് കിട്ടിയത്?' ആനന്ദ് പതിയെ നടന്ന് അമ്മയുടെ കാൽക്കൽ സ്രാഷ്ടാംഗം വീണു; 'മാപ്പു തരണം അമ്മേ. അറിയാതെ പറ്റിയതാണ്. മനപ്പൂർവ്വമല്ല.' 'എന്റെ മോൻ ഉണ്ടായിരുന്നെങ്കിൽ ഈ കുടുംബം അനാഥമാകില്ലായിരുന്നു.' അവർ വിതുമ്പി. 'മാപ്പ് തന്നാലേ ഞാൻ ഇവിടം വിട്ടു പോകൂ...' അവൻ അമ്മയോട് കേണപേക്ഷിച്ചു. ദീർഘനിശ്വാസത്തിനുശേഷം അമ്മ അവനോട് എണീക്കാൻ പറഞ്ഞു. ആനന്ദ് എണീറ്റില്ല. 'ക്ഷമിച്ചു എന്നു പറഞ്ഞാലേ ഞാൻ എണീക്കുകയുള്ളൂ.' 'ഇനിമേലാൽ ആരെയും കൊല്ലരുത്.' അമ്മ പറഞ്ഞു. അവൻ എണീറ്റ് സോഫയിലിരുന്നു. ഇതെല്ലാം അനു മിരാൻറ അവളുടെ മുറിയിലിരുന്ന് കേൾക്കുന്നുണ്ടായിരുന്നു.


അമ്മ അനുമോളേയെന്നു നീട്ടിവിളിച്ചു. 'രാത്രി കഴിക്കാനുള്ള മരുന്നെവിടെ?' ഇപ്പോൾ വരാമെന്ന് അവൾ മറുപടി നൽകി. അനു മരുന്നു എടുക്കുന്നതിനിടെ അമ്മ അവളോട് ആനന്ദിന് കാപ്പിയും ബിസ്കറ്റും കൊടുക്കാൻ പറഞ്ഞു. അനു അടുക്കളയിൽപോയി കാപ്പിയും തയ്യാറാക്കി മേശപ്പുറത്ത് കൊണ്ടുവച്ചു. വെട്ടിത്തിളങ്ങുന്ന കഠാര സോഫയിൽ വച്ചിരിക്കുന്നത് അവൾ ശ്രദ്ധിച്ചു. ആനന്ദ് ചിന്താകുലനായി കാപ്പി കുടിക്കുന്നത് അനു അൽപം അകലെയിരുന്ന് വീക്ഷിക്കുകയായിരുന്നു. 'എന്തിനാ കത്തിയുമായി വീട്ടിൽ വന്നത്? ഞങ്ങളെ കൊല്ലാനല്ലേ?' അവൾ ചോദിച്ചു. 'അതെ, എന്നാൽ എന്റെ മനസ്സ് അനുവദിച്ചില്ല.' അനുവിന്റെ നയനങ്ങളിൽനോക്കി അവൻ പറഞ്ഞു; 'ചെയ്തുപോയ തെറ്റിന് മാപ്പ് അപേക്ഷിക്കാനാണ് വന്നത്! അറിയാതെ ചെയ്ത തെറ്റാണ്? മാപ്പാക്കണം! ഈ കഠാര കാരണം സമൂഹത്തിൽനിന്ന് ഞാൻ ഒറ്റപ്പെട്ടവനായി. ആർക്കും വേണ്ടാത്തവനായി. ഒരു കൊലപാതകി. അതും ഉറ്റ സുഹൃത്തിനെ കൊന്ന പാപി.' കുറെ കഴിഞ്ഞ് സ്വരം താഴ്ത്തി അവൻ പറഞ്ഞു; 'നാളെ ഞാൻ വീണ്ടും ജയിലിലേയ്ക്ക്. ഇനി ഇവിടേയ്ക്കില്ല.' വരാന്തയിലെ ഒഴുകി പരക്കുന്ന തൂവെള്ള വെളിച്ചത്തിൽ അവർ രണ്ടുപേരും മൗനികളായി.

ആനന്ദ് ചുമരിൽ തൂക്കിയിട്ട അനുവിന്റെ ഭർത്താവിന്റെ ചിത്രം നോക്കി. 'അഞ്ചു വർഷങ്ങൾക്കു മുമ്പ് നിന്റെ വിവാഹം രാജകീയമായിട്ടല്ലേ നടത്തിയത്. അന്ന് നീ ഒരു രാജകുമാരിയെപ്പോലെയായിരുന്നു. നിന്റെ വിവാഹദിനം മറക്കാൻ പറ്റില്ല. നീയറിഞ്ഞോ ഞാനും നിന്റെ ജ്യേഷ്ഠനും കൂടി വിവാഹത്തലേന്ന് അതിഭയങ്കരമായ മഴയത്ത് ഓടിയ ഓട്ടം.' ഇത് കേട്ടതും അനുവിന്റെ മനോഹര നയനങ്ങളിൽനിന്ന് കവിൽത്തടത്തിലേയ്ക്കു കണ്ണീർ മുത്തുകൾകണക്കെ വീണു. ആനന്ദ് അവളെ ആശ്വസിപ്പിച്ചു; 'കരയണ്ട. ഈ കരച്ചിലും കൂടി കാണാൻ വയ്യ.'

അപ്പോൾ പുറത്ത് കനത്ത മഴ പെയ്യുകയായിരുന്നു.'ശരിയ്ക്കും നിന്റെ ഭർത്താവിന് എന്താ സംഭവിച്ചത്?' അവൻ ചോദിച്ചു. അവൾ തുടർന്നു; 'വിവാഹം കഴിഞ്ഞ് അഞ്ച് മാസമായപ്പോൾ കാർ ആക്സിഡൻറിൽ മരണപ്പെട്ടു. ആശ്രിത നിയമനത്തിൽ ആറുമാസം കഴിഞ്ഞ് ഞാൻ സർക്കാർ ജോലിയിൽ കയറി. പിന്നെ അമ്മ ഒറ്റയ്ക്കല്ലേ അമ്മയെ ആരു നോക്കും? ബന്ധുക്കൾ കുറേ ആലോചനകൾ നോക്കി. ഞാൻ സമ്മതിച്ചില്ല. അങ്ങനെ ഇവിടെ തുടരുന്നു. അതിനിടയ്ക്കാണ് ആൽബിന്റെ കൊലപാതകം. കാലം വലിച്ചു മുറുക്കിയ ചരടിൽപ്പെട്ട് ഞങ്ങൾ പിടഞ്ഞു. കുറെകഴിഞ്ഞ് ആനന്ദ് ഇറങ്ങാൻ ശ്രമിക്കവേ, അമ്മ ആനന്ദിനോട് പറഞ്ഞു; 'അത്താഴം കഴിച്ചിട്ടു പോയാൽ മതി.' ഒരു കുഞ്ഞാടിനെപ്പോലെ അവൻ അനുസരിച്ചു. മേശപ്പുറത്ത് ആനന്ദിന് വിഭവസമൃദ്ധമായ അത്താഴം വിളമ്പിക്കൊടുത്തു അനു. ചപ്പാത്തിയും ബീഫ് ഉലത്തിയതും അവന് ഏറെ ഇഷ്ടമാണ്. അവൻ അത് ആസ്വദിക്കുന്നതിനിടയിൽ ആനന്ദിന്റെ മുഖത്ത് അവൾ നോക്കിയിരുന്നു. ഇരുവരും ബാല്യകാല ഓർമ്മകൾ ഓർത്തെടുത്തു. സംതൃപ്തമായ അത്താഴത്തിനു ശേഷം യാത്ര പറയുന്നതിനിടെ അനുവിന്റെ മുഖത്തു നോക്കി ആനന്ദ് പറഞ്ഞു; 'ഞാൻ ഇവിടം വിടുകയാണ്. എന്നെങ്കിലും കാണാം.'

മഴ മാറി. തെളിഞ്ഞ ആകാശത്ത് പൗർണ്ണമി പുഞ്ചിരിച്ചു നിന്നു.ആനന്ദ് ദൃഷ്ടിയിൽനിന്ന് മായുന്ന തുവരെ മുറ്റത്തിറങ്ങി അവനെ യാത്രയാക്കി അനു. ജയിലിലെ തടവു ജീവിതത്തിനിടയിൽ സ്നേഹം മാത്രമാണ് ഭൂമിയിൽ വലുതെന്ന് ആനന്ദ് തിരിച്ചറിഞ്ഞു. രണ്ടു വർഷത്തെ നല്ല നടപ്പിന് ജയിലധികൃതർ ഉന്നത ഉദ്യോഗസ്ഥർക്ക് റിപ്പോർട്ടു നൽകിയതിനാൽ ജയിലിൽനിന്ന് ആനന്ദിനെ വിട്ടയയ്ക്കാൻ തീരുമാനിച്ച വിവരമറിഞ്ഞതുമുതൽ അനു മിരാൻറയ്ക്കും അമ്മയ്ക്കും അതിയായ സന്തോഷമായി. അവർ ചില ഉറച്ച തീരുമാനങ്ങളെടുത്തിരുന്നു.


ആഷാഢമാസത്തിന്റെ ആദ്യദിനത്തിലെ സുപ്രഭാതത്തിൽ അനു കുളിച്ചൊരുങ്ങി അഴകാർന്ന മിഴികളിൽ കൺമഷി പുരട്ടി ഈറനണിഞ്ഞ തലമുടിയിൽ മുറ്റത്തെ തുളസിയും മുല്ലയും നുള്ളിയെടുത്ത് നീണ്ട കാർകൂന്തലിൽ തിരുകി. നീല പട്ടുസാരിയണിഞ്ഞ് നവവധു കണക്കെ മുറ്റത്തിറങ്ങി. ഒരു പുലർകാല കന്യയെപ്പോലെ തോന്നിച്ചു. തന്റെ അമ്മയെയും നിയമജ്ഞനെയും ഒപ്പം കൂട്ടി. പൂജപ്പുര സെൻട്രൽ ജയിലിന്റെ ഗേറ്റിന് മുന്നിൽ ആനന്ദ് ഇറങ്ങുന്നതും കാത്തു നിന്നു.



വായന


# ഉയിർപ്പിന്റെ രാഷ്ട്രീയം
## (മത്സ്യത്തൊഴിലാളി സമരത്തിന്റെ അരനൂറ്റാണ്ട്)

ദേവപ്രസാദ് ജോൺ




പോരാട്ടചരിത്രം പറയുന്ന പുസ്തകങ്ങൾ ധാരാളമുണ്ട്. അക്കൂട്ടത്തിൽ പുതുമയുള്ള ഉള്ളടക്കവും ആഖ്യാനശൈലിയും അനുഭവസാക്ഷ്യവുമായി ഇതാ ഒരു പുതിയപുസ്തകം. 'ഉയിർപ്പിന്റെ രാഷ്ട്രീയം.' വെറുമൊരു പുസ്തകമല്ല, ജീവൻ തുടിക്കുന്ന ഒരു മഹാകാവ്യം. തൊഴിലാളിസമരങ്ങൾക്ക് അർത്ഥവും വ്യാപ്തിയും ആഴവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഈ പുസ്തകം പുതിയൊരു വായനാനുഭവം പകരുമെന്നുറപ്പാണ്.

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ അരനൂറ്റാണ്ടുകാലത്തെ സഹനസമരങ്ങളുടെ നേർച്ചിത്രമാണ് ഓരോ പേജിലും കാണുന്നത്.1970 കളുടെ ആരംഭത്തിൽ തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് പൂത്തുറ കടപ്പുറത്ത് ആരംഭിച്ച ഒരു നിശബ്ദവിപ്ലവം കേരളതീരമെമ്പാടും വളരെ വേഗം തിളച്ചുമറിഞ്ഞു. ആ വിപ്ലവത്തിനു നേതൃത്വം നൽകിയതാകട്ടെ ഏതാനും കത്തോലിക്കാ സന്യാസവൈദികരും കന്യാസ്ത്രീമാരും. ഫാദർ തോമസ് കോച്ചേരി, സിസ്റ്റർ ഫിലമിൻ മേരി എന്നീ പേരുകൾ കേരളത്തിൽ നടന്നിട്ടുള്ള തൊഴിലാളി സമരങ്ങളുടെ ചരിത്രത്തിൽ മായാത്ത മുദ്രപതിപ്പിച്ച സമരനേതൃത്വങ്ങളുടെ ഗണത്തിൽ എഴുതി ചേർക്കപ്പെട്ടു.



ജാതി-മത-വർഗ്ഗ- രാഷ്ട്രീയ- ദേശ-ഭാഷാ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളിസമരം വളരെവേഗം ആളിക്കത്തി. താമസിയാതെ ഇന്ത്യയുടെ എല്ലാ കടൽത്തീരങ്ങളിലേക്കും സമരം വളർന്നു. കടൽകടന്ന് മറ്റ് ലോകരാജ്യങ്ങളിലെ മത്സ്യത്തൊഴിലാളികളിലേക്കും സമരം വ്യാപിച്ചു. ലോക മൽസ്യത്തൊഴിലാളി ഫോറം എന്ന പ്രസ്ഥാനം (World Fishworkers Forum) ശക്തി പ്രാപിച്ചതും കേരളത്തിൽ ആരംഭിച്ച ഈ സമരത്തിന്റെ പശ്ചാത്തലത്തിലാണ് എന്നത് ശ്രദ്ധേയമാണ്.

## കേരളത്തിൽ ആരംഭിച്ച മത്സ്യത്തൊഴിലാളി സമരത്തിന്റെ വേറിട്ട സവിശേഷതകൾ എന്തൊക്കെ?

ഈ ചോദ്യങ്ങൾ പ്രസക്തമാണ്.

- ഈ സമരത്തിന് ആരംഭം കുറിച്ചതും നേതൃത്വം നൽകിയതും മത്സ്യമേഖലയുമായി നേരിട്ടു ബന്ധമില്ലാത്ത മനുഷ്യസ്നേഹികളായ കുറച്ച് കത്തോലിക്കാ ക്രിസ്ത്യൻ സന്യസ്തർ (വൈദികരും കന്യാസ്ത്രീമാരും).
- ഏറ്റവും കഠിനമായൊരു തൊഴിലും ഏറ്റവും ദൈന്യതയാർന്ന ജീവിത സാഹചര്യങ്ങളുമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടേത് എന്ന തിരിച്ചറിവിൽ നിന്നാണ് സമരത്തിന്റെ തുടക്കം.
- രാഷ്ട്രീയപാർട്ടികളും ജനാധിപത്യ ഭരണകൂടങ്ങളും പാടെ അവഗണിച്ച ഒരു തൊഴിലാളി വിഭാഗത്തിന്റെ പ്രശ്നങ്ങളാണ് സന്യസ്തർ ഏറ്റെടുത്തത്.
- ജാതി-മത- രാഷ്ട്രീയ വ്യത്യാസങ്ങളില്ലാതെ തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരം കാണാനും മേല്പറഞ്ഞ സന്യസ്തർക്കുണ്ടായ തുറന്നമനസ്സും കാര്യശേഷിയും ആത്മാർത്ഥ സമീപനവും സമർപ്പണവും.
- അന്തർദേശീയ തലത്തിൽ ആരോഗ്യരംഗത്ത് പ്രശസ്തരായ മെഡിക്കൽ മിഷൻ കന്യാസ്ത്രീമാരുടെ (MMS) സാന്നിധ്യവും നേരിട്ടുള്ള ഇടപെടലും. അവരെ പിന്തുടർന്ന് മറ്റ് അനേകം സന്യാസസഭകളിലെ കന്യാസ്ത്രീമാരും പിൽക്കാലത്തു സമരത്തിന്റെ ഭാഗമായി.
- 'ദരിദ്രരോടുള്ള പക്ഷംചേരൽ'(Option For the Poor) എന്ന ആശയം യാഥാർഥ്യമായി കണ്ടപ്പോൾ മത്സ്യത്തൊഴിലാളികൾക്കുണ്ടായ സന്തോഷം.
- വിട്ടുവീഴ്ചയില്ലാത്ത സത്യസന്ധമായ സമരനിലപാടുകൾ, ജീവൻ ത്യജിക്കാൻ തയ്യാറായ നേതൃത്വനിര, ജനകീയ സമരത്തിന്റെയും നിരാഹാര സമരരൂപത്തിന്റെയും തിളക്കമാർന്ന മാതൃകകൾ.
- മതപരമായ യാന്ത്രികമായ ആചാര അനുഷ്ഠനങ്ങൾക്കും ബലിയർപ്പണങ്ങൾക്കും നേർച്ച കാഴ്ചകൾക്കും വഴിപാടുകൾക്കും ആഘോഷങ്ങൾക്കും അപ്പുറം മനുഷ്യജീവിതത്തെ സംരക്ഷിക്കുന്നതും താങ്ങിനിറുത്തുന്നതും സഹനങ്ങളിൽ പുഷ്പിക്കുന്നതുമായ ഒരു ആദ്ധ്യാത്മികതയുടെ പ്രായോഗികരൂപം.
- സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്ന പേര് സർവ മനുഷ്യർക്കും സ്വീകാര്യമായി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആ നാമം ഏറ്റെടുത്തു. ജനസഹസ്രങ്ങൾ സമരത്തിന്റെ ഭാഗമായി.
- മതപരവും രാഷ്ട്രീയവുമായ അധികാര സ്ഥാനങ്ങൾക്കുണ്ടായ ഇളക്കം. സമരം സൃഷ്ടിച്ച പ്രകമ്പനം.

അമ്പതാണ്ട് നീണ്ട സമരംകൊണ്ട് എന്ത് നേടി എന്ന ചോദ്യം ഇന്നും അവശേഷിക്കുന്നു, പ്രസക്തവുമാണ്.

മൺസൂൺകാല ട്രോളിങ് നിരോധനം, മത്സ്യസമ്പത്തു സംരക്ഷിക്കാനുള്ള ശാസ്ത്രീയ പ്രവർത്തനങ്ങൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഫൈബർ ബോട്ടുകൾ ഉപയോഗിച്ചു തുടങ്ങിയത്, മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള യാത്രാ സൗകര്യങ്ങൾ, മത്സ്യ വിപണന നവീന സൗകര്യങ്ങൾ, ആരോഗ്യ- വിദ്യാഭ്യാസ വിപുലീകരണ പ്രവർത്തനങ്ങൾ, മത്സ്യഫെഡ് തുടങ്ങിയ സർക്കാർ അംഗീകൃത സംവിധാനങ്ങളുടെ ആവിർഭാവം, ഫിഷറീസ് വകുപ്പിന്റെ പുന:സംഘാടനം, ഫിഷറീസ് മേഖലയിൽ ആരംഭിച്ച ഗവേഷണ സംരംഭങ്ങൾ, തീരം സംരക്ഷിക്കാനുള്ള പദ്ധതികൾ, വിവിധ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളുടെയും വികസനപദ്ധതികളുടെയും തുടക്കം എന്നിവയെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ (KSMTF ) സംഭാവനകളായി വിലയിരുത്താം.

## പുസ്തകത്തിന്റെ കാലികപ്രസക്തി

അരനൂറ്റാണ്ടു കടന്നുപോയി. കടലും കടൽത്തീരവും പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും പൂർണമായും അന്യമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് 'ഉയിർപ്പിന്റെ രാഷ്ട്രീയം' പ്രസിദ്ധീകരിക്കപ്പെടുന്നത് എന്നതാണ് പ്രസക്തമായ കാര്യം.

ആഴക്കടൽ മത്സ്യബന്ധനം പൂർണമായും യന്ത്രവൽക്കരിക്കപ്പെടുകയും അന്തർദ്ദേശീയ വ്യാപാര വ്യവസായ ശ്രുംഖലകൾ മത്സ്യമേഖലയിൽ പിടിമുറുക്കുകയും ചെയ്തുകഴിഞ്ഞു. അവർ നമ്മുടെ കടൽത്തീരങ്ങളിലും എത്തിക്കഴിഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര

തുറമുഖം പ്രവർത്തന സജ്ജമായിക്കഴിഞ്ഞു. വാണിജ്യ തുറമുഖനിർമാണത്തിന്റെ പരിണിതഫലങ്ങളായ കടൽ കയറ്റവും തീരശോഷണവും ജനവാസമേഖലകളെ അനുദിനം തകർത്തു തരിപ്പണമാക്കുന്നു. ഓഖി തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഏൽപ്പിച്ച ആഘാതങ്ങളിൽനിന്നും പൂർണമായും മുക്തരായിട്ടുമില്ല. അതിജീവനത്തിനുവേണ്ടി മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരം കൂടുതൽ കൂടുതൽ സങ്കീർണമാവുകയാണ്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എത്രത്തോളം ആത്മാർത്ഥമായി ജനകീയ സർക്കാരു കളുടെ മുൻഗണനയായി മാറുന്നു എന്ന കാര്യത്തിലും സംശയമുണ്ട്.

കാര്യമായ മുൻമാതൃകകളില്ലാതെ സ്വതസിദ്ധമായ ശൈലിയിൽ ആരംഭിച്ച് നൈസർഗികമായി വളർന്നു വികാസം പ്രാപിച്ചു വിജയിച്ച ഒരു സമരകഥയാണ് ഉയിർപ്പിന്റെ രാഷ്ട്രീയം അവതരിപ്പിക്കുന്നത്. സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ പ്രശ്നങ്ങളെ വിശകലനംചെയ്ത രീതികളും സമരത്തിൽ അവലംബിച്ച തന്ത്രങ്ങളും പ്രതികൂലഘടകങ്ങളെ മറികടക്കാൻ ഉപയോഗിച്ച പ്രായോഗിക മാർഗങ്ങളും അവർ അനുഭവിച്ച ത്യാഗങ്ങളും ഇന്നും പ്രസക്തമാണ്. ഇന്നത്തെ സങ്കീർണ്ണ സാഹചര്യങ്ങളിൽ മുന്നേറുന്നതിന് ഒരു വഴികാട്ടിയായി മാറാൻ ഉയിർപ്പിന്റെ രാഷ്ട്രീയത്തിന് കഴിയുമെന്നാണ് പ്രത്യാശ.

സമരനായകൻ ഫാ. തോമസ് കോച്ചേരിയുടെ പത്താം ചരമവാർഷികമാണ് ഈ ഗ്രന്ഥപ്രകാശനത്തിന്റെ പശ്ചാത്തലം. അന്ത്യനാളുകളിൽ ശരശയ്യയിൽ കിടന്ന ടോമിന്റെ സ്വതസിദ്ധമായ ഒരു പ്രയോഗമാണ് ഈ പുസ്തകത്തിന്റെ ടൈറ്റിൽ; ഉയിർപ്പിന്റെ രാഷ്ട്രീയം.

സന്യസ്ത വൈദികർക്കും കന്യാസ്ത്രീമാർക്കും പിന്നാലെ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് ലത്തീൻ കത്തോലിക്കാ രൂപതകളിലെ ചുരുക്കം ചില വൈദികരും കന്യാസ്ത്രീമാരും ഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും സമരത്തിൽ അണിചേർന്നു. താമസിയാതെ ജാതി മത കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികൾ ഒരു മനസ്സും ഒരു ഹൃദയവുമായി അണിചേർന്നാണ് സമരം വിജയിപ്പിച്ചത്.സമരത്തിന്റെ തുടക്കം മുതൽ ടോമിനോടൊപ്പം ഈ സമരത്തിന്റെ ജീവാംശമായി മാറിയ കൊല്ലം രൂപത വൈദികനായ ഫാദർ ജോസ് കളീക്കലാണ് ഉയിർപ്പിന്റെ രാഷ്ട്രീയം എന്ന ഗ്രന്ഥത്തിന്റെ ശില്പി. സമരത്തിന്റെ സ്വർണ്ണനൂൽ ( Golden Tread ) എന്നും അദ്ദേഹത്തിന്റെ കരങ്ങളിൽ ഭദ്രമായിരുന്നു. സമരത്തിന്റെ അദ്ധ്യാത്മികതയും (Spirituality) രീതിശാസ്ത്രവും (Methodology) അദ്ദേഹത്തിന്റേതായിരുന്നു; തന്ത്രങ്ങൾ (Strategies) ടോമിന്റേതും.

കഴിഞ്ഞ അരനൂറ്റാണ്ടുകാലം സമരത്തെ നയിച്ചവരും ചേർത്തുപിടിച്ചവരും ജീവൻ കൊടുത്തുനിന്നവരും ആരൊക്കെയെന്ന് ഓരോ വ്യക്തിയെയും സംഭവത്തെയും സന്ദർഭത്തെയും ജോസ് കളീക്കൽ ഈ ജീവിത സായാഹ്നത്തിലും കൃത്യമായി ഓർത്തുവച്ച് രേഖപ്പെടുത്തിയിരിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ മഹത്വം.സമരസഹയാത്രികരിൽ ചിലർക്കൊക്കെ മാർഗഭ്രംശം സംഭവിച്ചപ്പോഴും ജോസ് കളീക്കൽ തനിമയോടെ വാർദ്ധക്യത്തിലും നിലനിൽക്കുന്നു എന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

ഈ ഗ്രന്ഥം മലയാളഭാഷയിലെ ഈടുറ്റ ഒരു ഗ്രന്ഥമാണ്. കാരണം ഇത് ഒരേസമയം ആത്മാവിഷ്കാരവും ചരിത്രാവിഷ്കാരവും സഹയാത്രികരോടുള്ള കൃതജ്ഞതാ സമർപ്പണവും ചരിത്രരേഖകളുടെ സംരക്ഷണവും വരുംതലമുറകൾക്ക് വേണ്ടിയുള്ള കരുതലുമാണ്. അസാമാന്യമായ കരുതൽ ഗ്രന്ഥകാരന് ഉണ്ടായിരുന്നു എന്ന് വായനക്കാർക്ക് ബോധ്യപ്പെടും. ഓരോ കാലഘട്ടത്തിലും സൂക്ഷിച്ചു വയ്ക്കേണ്ടവ അദ്ദേഹം സൂക്ഷിച്ചു വച്ചിരുന്നു. താൻ സ്നേഹിച്ച പ്രസ്ഥാനത്തേയും സഹയാത്രികരെയും എത്ര തനിമയോടെ, സത്യസന്ധതയോടെ ജോസ് കളീക്കൽ നയിച്ചു എന്നും ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നു.

ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം പല കാലഘട്ടങ്ങളിൽ ജോസ് കളീക്കൽ എഴുതിയ വിലപ്പെട്ട 21 ലേഖനങ്ങളും സഹയാത്രികരെക്കുറിച്ചുള്ള ഓർമ്മകളും സമരചരിത്ര വിവരണങ്ങളുമാണ്. രണ്ടാം ഭാഗം സമര സഹയാത്രികരുടെ ഹൃദയ സ്പർശിയായ 9 ലേഖനങ്ങൾ. എല്ലാം അത്യന്തം വിജ്ഞാനപ്രദമായവ.

സമരം, പോരാട്ടം (Struggles) എന്നിവ വിജയിക്കുന്നത് പോരാളികൾ സ്വയം സമർപ്പിക്കുമ്പോഴാണ്. അവിടെ കണ്ണീരും നിലവിളിയും ആരാധനയും പ്രാർത്ഥനയും മുദ്രാവാക്യംവിളിയും പാട്ടും നൃത്തവും ചിത്രമെഴുത്തും ചുമരെഴുത്തും എല്ലാമുണ്ടാവും. മത്സ്യത്തൊഴിലാളി സമരത്തിന്റെ എല്ലാ അംശങ്ങളും ഈ കൃതിയിൽ മൂന്നും നാലും അഞ്ചും ഭാഗങ്ങളിൽ ചേർത്തിരിക്കുന്നു. ഇന്ന് സർഗാത്മക പോരാട്ടങ്ങളിൽ ഏർപ്പെടുന്ന എല്ലാ മനുഷ്യർക്കും ഈ കൃതി ശക്തിപകരും. ജോസ് കളീക്കലിന്റെ കുട്ടനാടൻ ഭാഷയും ശൈലിയും വായനക്കാർക്ക് ഉറപ്പായും ഇഷ്ടമാവും എന്നാണ് എന്റെ പ്രതീക്ഷ.

മധുരം വിളമ്പുക എന്നതിന് ഹൃദയം വിളമ്പുക എന്നൊരു അർത്ഥം കൂടിയുണ്ട്. മത്സ്യത്തൊഴിലാളികളുടെ കഷ്ടപ്പാടിന്റെയും കണ്ണുനീരിന്റെയും പോരാട്ട വഴിയിൽനിന്നുകൊണ്ട് ജോസ് കളീക്കൽ തന്റെ ഹൃദയം വിളമ്പുകയാണ്. മലയാള ഭാഷയിൽ പോരാട്ടസാഹിത്യത്തിന് മുതൽക്കൂട്ടായ ഈ വിശിഷ്ട ഗ്രന്ഥം സഹൃദയർ ഇരുകൈകളും നീട്ടി സ്വീകരിക്കും എന്ന് പ്രത്യാശിക്കുന്നു.



# ശതാബ്ദിപ്പെരുമയിൽ ഒരു പെൺപള്ളിക്കൂടം


സൂസി പെരേര വി.
ഹെഡ്മിസ്ട്രസ്




ഉന്നതപൊതുവിദ്യാഭ്യാസം ലക്ഷ്യംവച്ച് ലാഭേച്ഛയോടെ, വിദ്യാലയങ്ങൾ പട്ടണങ്ങളിൽ സ്ഥാപിക്കപ്പെട്ടപ്പോൾ തീരഗ്രാമങ്ങളിൽ പ്രൈമറിവിദ്യാഭ്യാസം മാത്രം ലക്ഷ്യമിട്ടുള്ള വെർണാകുലർ സ്കൂളുകൾ അഥവാ കുടിപ്പള്ളിക്കൂടങ്ങൾ പ്രവർത്തിച്ചിരുന്നു. തോപ്പിലും അത്തരത്തിലൊരു കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു. ശ്രീമാൻ രമിയന്തോണി ആയിരുന്നു ആ പള്ളിക്കൂടത്തിലെ അധ്യാപകൻ. വികസനം വിദൂരസ്വപ്നം മാത്രമായിരുന്ന തീരപ്രദേശത്തേയ്ക്ക് ദൈവനിയോഗംപോലെ ബെൽജിയത്തുനിന്നും എത്തിച്ചേർന്ന ഐ.സി.എം. സന്യാസിനികൾ 1925 ൽ തോപ്പിൽ സമാരംഭിച്ച സെന്റ് റോക്സ് കോൺവെന്റ് സ്കൂളാണ് തീരദേശജനതയുടെ ഉന്നതപൊതുവിദ്യാഭ്യാസത്തിന് കളമൊരുക്കിക്കൊണ്ട് സഭാനേതൃത്വത്തിൽ തുടങ്ങിയ ആദ്യവിദ്യാലയം.

മിഷണറി കാനോനസ് ഓഫ് സെന്റ് അഗസ്റ്റിൻ സഭാംഗങ്ങളായ സിസ്റ്റർ ഹാരിസ്, സിസ്റ്റർ ഗബ്രിയേല, സിസ്റ്റർ എലീശ, എന്നീ ആദരണീയരായ മൂന്ന് ബെൽജിയം കന്യാസ്ത്രീകളാണ് തോപ്പിനെ കണ്ടെത്തി പ്രവർത്തനമാരംഭിച്ചത്. തീരപ്രദേശത്തു പടർന്നുപിടിച്ചിരുന്ന കോളറ പോലുള്ള മാരകരോഗങ്ങളിൽനിന്നും തങ്ങളെ രക്ഷിച്ചത് വി. റോക്കി പുണ്യവാളനാണെന്ന തോപ്പുകാരുടെ വിശ്വാസത്തെ മാനിച്ച് കോൺവെന്റിനും സ്കൂളിനും വിശുദ്ധ റോക്കിയുടെ പേരു നൽകുകയായിരുന്നു. പെൺകുട്ടികൾക്കുള്ള തയ്യൽക്ലാസ്സുകളും കുട്ടികൾക്കുള്ള മതപഠനക്ലാസ്സുകളുമാണ് ആദ്യമായി തുടങ്ങിയത്. 1925 മെയ് 25ന് പ്രൈമറിസ്കൂൾ വിഭാഗത്തിൽ ഒന്നും രണ്ടും ക്ലാസ്സുകളും മിഡിൽസ്കൂൾ വിഭാഗത്തിൽ പ്രിപ്പറേറ്ററി, ഫസ്റ്റ്ഫോറം എന്നിവയും പ്രവർത്തിച്ചുതുടങ്ങി. പ്രഥമ മാനേജർ റവ. മദർ മരിയ ഹെൻറിറ്റ് നോളറ്റും ശ്രീ ടി.വി. പെരേര ആദ്യത്തെ ഹെഡ്മാസ്റ്ററും ആയിരുന്നു.

1935 -ൽ ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെട്ടത് തീരദേശമുൾപ്പടെയുള്ള പ്രദേശങ്ങളിൽനിന്ന് നിരവധി മിടുക്കരായ അധ്യാപകരെ പരിശീലിപ്പിച്ചയക്കാൻ സഹായകമായി. 1945 -ൽ മിഡിൽ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1958 മുതൽ ഇംഗ്ലീഷ്മീഡിയം ക്ലാസുകൾ ആരംഭിക്കാനുള്ള അനുമതി നേടി. കുട്ടികളുടെ ആധ്യാത്മികപുരോഗതിയും വിദ്യാഭ്യാസപരവും സംസ്കാരികവുമായ ഉയർച്ചയും അടിസ്ഥാനമാക്കിയുള്ള അവരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമായിരുന്നു.

### സ്കൂൾ ഇന്ന്

പ്ലാസ്റ്റിക് വിമുക്തവും ഹരിതഭംഗി നിറഞ്ഞതുമായ സ്കൂളന്തരീക്ഷംതന്നെ പഠനബോധനപ്രക്രിയയെ സഹായിക്കുന്നവിധത്തിലാണ് ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. സമ്പന്നമായ സ്കൂൾലൈബ്രറി, ഫിസിക്സ്, കെമിസ്ട്രി, ബയോളജി ലാബുകൾ, കമ്പ്യൂട്ടർ ലാബ്, അടൽ ടിങ്കറിംഗ് ലാബ്, ഹൈടെക് ക്ലാസ്സ് മുറികൾ, എന്നിവ വിദ്യാർത്ഥികളുടെ അഭിരുചിയ്ക്കിണങ്ങുംവിധം പഠനത്തിനായി സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. താല്പര്യമുള്ള വിദ്യാർത്ഥികൾക്കായി ബാസ്കറ്റ് ബാൾ, കരാട്ടെ, ബാൻഡ്, സംഗീതം, നൃത്തം എന്നിവയിൽ തുടർച്ചയായ പരിശീലനം നൽകിവരുന്നു. കൗൺസിലിംഗ് ആവശ്യമായിട്ടുള്ള വിദ്യാർത്ഥികൾക്ക് ഏതു സമയത്തും ആ സേവനം ലഭ്യമാണ്. എൻ.സി.സി, ജെ.ആർ.സി, സ്കൗട്സ് & ഗൈഡ്സ് എന്നീ സംഘടനകളും ഐ.ടി @ സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. മാതൃഭൂമി സീഡ് ക്ലബ്ബ്, ഇക്കോ ക്ലബ്, മദർ തെരേസ സേവനഗ്രൂപ്പ്, ഗാന്ധിദർശൻ എന്നിവയുടെ നേതൃത്വത്തിൽ സാമൂഹ്യസേവനപ്രവർത്തനങ്ങൾ ഏറ്റെടുത്തുനിർവ്വഹിക്കുകവഴി വിദ്യാർത്ഥികളിൽ മൂല്യബോധം വളർത്തുവാൻ സവിശേഷശ്രദ്ധ പുലർത്തിവരുന്നു. കേരള കാത്തലിക്ക് സ്റ്റുഡൻസ് ലീഗ് (KCSL) സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണിത്. ശാസ്ത്രസാങ്കേതികവിഷയങ്ങളിലും കലാകായികമേഖലകളിലും അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി വളർത്തുന്നതിൽ അധ്യാപകർ സദാ ജാഗരൂകരാണ്. കഴിവുള്ള എല്ലാ വിദ്യാർത്ഥികൾക്കും അവരവരുടെ അഭിരുചിയ്ക്കൊത്തു വളരാൻ കഴിയുംവിധം വളക്കൂറുള്ള മണ്ണാണ് സെന്റ് റോക്സ് കോൺവെന്റ് സ്കൂളിലേത്.

ചിട്ടയായ അധ്യാപനവും തനതായ പ്രവർത്തനശൈലിയുംകൊണ്ട് വേറിട്ടുനിൽക്കുന്ന വിദ്യാലയം പാഠ്യപാഠ്യേതരവിഷയങ്ങളിൽ മികവുപുലർത്തുക മാത്രമല്ല, രക്ഷിതാക്കൾക്ക് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും അവർക്ക് തൊഴിൽപരിശീലനം നൽകുന്നതിനും ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്നു. ഗണിതപഠനത്തിൽ വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണംചെയ്യാൻ സഹായിക്കുന്ന പ്രോജക്ട് അക്ഷരം പരിപാടിയും ഇൻസൈറ്റ് ഫോർ ഇന്നവേഷൻ വോളണ്ടിയർമാരുടെ നേതൃത്വത്തിൽ ശനിയാഴ്ചകളിൽ നടത്തിവരുന്നു. സ്കൂളിന്റെ പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ എന്നിവരുമായി സംവദിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്കൂൾ വെബ്സൈറ്റ്, ഫേസ്ബുക്ക് പേജ്, സ്കൂൾ യൂട്യൂബ് ചാനൽ എന്നിവ വഴി സാമൂഹ്യമാധ്യമരംഗത്തും സെന്റ് റോക്സ് കോൺവെന്റ് സ്കൂൾ തങ്ങളുടെ തനതുപ്രവർത്തനമാതൃകകൾകൊണ്ട് വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്നു.

സ്കൂൾപ്രവർത്തനങ്ങൾക്ക് പൂർണ്ണപിൻതുണയേകുന്ന മാനേജ്മെന്റ്, മികച്ച നേതൃത്വം, മികവാർന്ന അധ്യാപകർ, സദാ സേവനസന്നദ്ധരായ പിടിഎ, അനധ്യാപകർ, അത്യാവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുന്ന പൂർവവിദ്യാർഥികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങൾ സ്കൂളിന്റെ ഉയർച്ചയ്ക്ക് ഗണ്യമായ പങ്കുവഹിക്കുന്നു. നേഴ്സറി മുതൽ പത്തുവരെയും ടീച്ചർ ട്രെയിനിംഗ് ക്ലാസ്സുകളും ഉൾക്കൊള്ളുന്ന ഈ വിദ്യാലയത്തിൽ ഇംഗ്ലീഷ് മലയാളം മീഡിയങ്ങളിലായി രണ്ടായിരത്തിലധികം കുട്ടികൾ പഠിക്കുന്നുണ്ട്. തീരപ്രദേശത്തെ സ്കൂളുകളിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും ഉയർന്ന വിജയശതമാനം സ്ഥിരമായി നേടുന്ന വിദ്യാലയമാണ് സെന്റ് റോക്സ് ഹൈസ്കൂൾ. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തുടർച്ചയായി 100% വിജയം നേടിക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനം തീരപ്രദേശത്തിന്റെ സാമൂഹ്യസാംസ്കാരികവളർച്ചയ്ക്ക് അടിത്തറ പാകുന്നു. ലോകത്തിന്റെ നാനാകോണുകളിൽ അഭിമാനാർഹമായ പദവികളിൽ സേവനമനുഷ്ഠിക്കുന്ന നിരവധി പൂർവ്വവിദ്യാർത്ഥികൾ സ്ഥാപനത്തിന്റെ യശസ്സ് വിളിച്ചോതുന്നു. പഠനത്തിൽ പിന്നാക്കംനിൽക്കുന്ന വിദ്യാർത്ഥികളെയും ഭിന്നശേഷിക്കാരെയും വിജയധാരയിലെത്തിക്കാൻ പ്രത്യേകപഠനപാക്കേജുകൾ തയ്യാറാക്കി പ്രാവർത്തികമാക്കുന്നതിന് പരിശ്രമിക്കുന്ന അധ്യാപകർ സ്കൂളിന്റെ സമ്പത്താണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിലൂടെ മൂല്യബോധമുള്ള ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ നിതാന്തജാഗ്രതയോടെ പ്രവർത്തിക്കുന്ന സെന്റ് റോക്സ് കോൺവെന്റ് സ്കൂൾ അതിന്റെ ശതാബ്ദിനിറവിലെത്തിയിരിക്കുന്നു. ശതാബ്ദിവർഷത്തിൽ വൈവിധ്യമാർന്ന പഠനാനുഭവങ്ങളൊരുക്കിക്കൊണ്ട് ക്രൈസ്തവമൂല്യങ്ങളിലടിയുറച്ച്, വിദ്യാലയം അതിന്റെ ഗരിമ പ്രഘോഷിക്കുന്നു. യൂറോപ്യൻമാതൃകയിൽ പണികഴിപ്പിച്ചിട്ടുള്ള കരിങ്കൽ കെട്ടിടസമുച്ചയത്തിന്റെ രൂപഭംഗിയും സംവിധാനഭംഗിയും സ്കൂളിലെത്തുന്ന ആരുടെയും മനംകവരും.

Passion for God & Compassion for people എന്ന ആദർശത്തിലൂന്നി പാവപ്പെട്ടവരോടു പക്ഷംചേർന്നുള്ള പ്രവർത്തനശൈലി ഐ.സി.എം സന്യാസിനിമാരുടെ മുഖമുദ്രയാണ്. പൂർവ്വീകർ പണിതുയർത്തിയ അടിസ്ഥാനത്തിൻമേൽ മൂല്യവത്തായ ജീവിതപാഠങ്ങൾ പകർന്ന്, കാലത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി, ഉയർച്ചയുടെ പടവുകൾ കീഴടക്കുന്നതിന് പെൺകുട്ടികളെ പ്രാപ്തരാക്കാൻ Look up to the Heights എന്ന മുദ്രാവാക്യവുമായി സെന്റ് റോക്സ് കോൺവെന്റ് സ്കൂൾ മുതുമുത്തശ്ശിക്ക് സഞ്ചരിക്കാൻ കാതങ്ങളേറെ ഇനിയും ബാക്കി.



ചരിത്രപഥം


# തിരുവിതാംകൂറിലെ ക്രിസ്തുമതത്തിന്റെ ഉത്ഭവം 4

# തിരുവനന്തപുരം രൂപത

ഫാ. ഡോ. ജോൺ ബോസ്കോ

പുതിയ രൂപതയ്ക്ക് തിരുവനന്തപുരം പട്ടണത്തിന്റെ പേര് തന്നെ നൽകണമെന്നും കോട്ടയത്തെ സീറോ മലബാർ രൂപതയ്ക്ക് കോട്ടയം എന്ന പേര് നൽകുകയും, ലാറ്റിൻ രൂപതയ്ക്ക് വിജയപുരം എന്നീ പേര് നൽകുകയും ചെയ്ത സംഭവം ഇനി ആവർത്തിക്കരുതെന്ന് പറഞ്ഞുകൊണ്ട് ബിഷപ്പ് ബെൻസിഗറും ബെർണാഡിനും റോമിലേയ്ക്ക് നിവേദനങ്ങൾ അയച്ചു. തിരുവനന്തപുരത്ത് ഒരു ലാറ്റിൻ രൂപത സ്ഥാപിക്കണമെന്ന് മിഷനറിമാർ ആവശ്യപ്പെട്ടപ്പോൾ മാർ ഇവാനിയോസ് അത് തടയാൻ ശ്രമിച്ചു. തിരുവനന്തപുരത്ത് ലാറ്റിൻ രൂപത സ്ഥാപിക്കുന്നത് തടയാനും പുതിയ ലാറ്റിൻ രൂപതയ്ക്ക് തിരുവനന്തപുരം എന്ന പദവി നൽകാതിരിക്കാനും അദ്ദേഹം മൂന്ന് എതിർ കത്തുകൾ റോമിലേയ്ക്ക് അയച്ചു. റോമിന് തിരുവനന്തപുരത്ത് ഒരു രൂപത സ്ഥാപിക്കണമെന്ന് നിർബന്ധമാണെങ്കിൽ നെയ്യാറ്റിൻകര എന്ന പേര് നൽകി പുതിയ രൂപത സ്ഥാപിക്കുകയോ വഞ്ചിയൂർ എന്ന പേര് നൽകുകയോ ചെയ്യാം എന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതിനു കാരണം തിരുവനന്തപുരത്തെ ക്രൈസ്തവർക്കും അക്രൈസ്തവർക്കുമിടയിൽ തിരുവനന്തപുരം ആർച്ച് ബിഷപ്പ് എന്ന നിലയിലുള്ള തന്റെ പദവിയ്ക്ക് കോട്ടം തട്ടുമെന്നും , തിരുവനന്തപുരത്തെ ലാറ്റിൻ അതിരൂപത സ്ഥാപനം സർക്കാരുമായുള്ള തന്റെ ബന്ധത്തെ ബാധിക്കുമെന്നും അദ്ദേഹം ആശങ്കപ്പെട്ടിരുന്നു. ഈ ദുഷ്കരമായ വർഷങ്ങളിൽ, അപ്പോസ്തലിക അഡ്മിനിസ്ട്രേറ്റർ ബെർണാഡൈൻ തിരുവനന്തപുരത്ത് നിരവധി ലത്തീൻ വിശ്വാസം വർദ്ധിപ്പിക്കുന്നതിൽ വിജയിച്ചു. 1932-ൽ 134,081 ഉം 1935-ൽ 149,584 ഉം. 15,503 വർദ്ധനവ്, പുതിയ രൂപതയുടെ സംഖ്യാശക്തി വർദ്ധിപ്പിച്ചു.





ബിഷപ്പ് വിൻസൻറ് ഡെറേരെ



പാളയം സെൻ്റ്. ജോസഫ്സ് പള്ളി (1930)

## തിരുവനന്തപുരം രൂപത

1936 ഫെബ്രുവരി 10 ന് ഫാ. വിൻസൻറ് ഡെറേരയെ കൊല്ലത്തെ പുതിയ ബിഷപ്പായി നിയമിച്ചു. 1936 മെയ് 17-ന് അദ്ദേഹം അഭിഷേകം ചെയ്യപ്പെട്ടു. തന്നെ നിർദ്ദിഷ്ട തിരുവനന്തപുരം രൂപതയിലേയ്ക്ക് മാറ്റുമെന്ന് പ്രൊപഗാന്ത ഫിഡെ ബിഷപ്പ് ഡെറേരയെ അറിയിക്കുകയും മലബാറിലെ സഭയുടെ നന്മയ്ക്കായി തിരുവനന്തപുരം രൂപതയുടെ സ്ഥാപനത്തിൽ അപ്പോസ്തലിക ഡെലഗേറ്റുമായി വിശ്വസ്തതയോടെ സഹകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കൊല്ലം രൂപതയെ ഒരു തദ്ദേശീയ മെത്രാനെ ഏൽപ്പിച്ച് തിരുവനന്തപുരത്തേയ്ക്ക് ബിഷപ്പ് ഡെറേരയെ നാമനിർദ്ദേശം ചെയതുകൊണ്ട് തിരുവനന്തപുരത്ത് ഒരു പുതിയ രൂപത സ്ഥാപിക്കാൻ ആയിരുന്നു റോമിന്റെ പദ്ധതി. നീണ്ട കാത്തിരിപ്പിനുശേഷം 1937 ജൂലൈ 1 ന്, ഇൻ ഓറ മലബാറിക്ക എന്ന അപ്പോസ്തലിക തിരുവെഴുത്ത് വഴി പതിനൊന്നാം പീയുസ് പാപ്പ തിരുവനന്തപുരത്ത് ലത്തീൻ രൂപത സ്ഥാപിച്ചു. ഒരേ നഗരത്തിലെ രണ്ട് കത്തോലിക്കാ രൂപതകൾക്ക് തിരുവനന്തപുരം എന്ന പദവി നൽകിയാണ് തിരുവനന്തപുരം എന്ന പദവി നേടുന്നതിനുള്ള തർക്കം പരിഹരിച്ചത്. ഇത് ഇന്ത്യയിലെ കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ സവിശേഷമായ ഒരു കേസാണ്.

ചിറയിൻകീഴ്, നെടുമങ്ങാട്, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ സിവിൽ സബ് ഡിവിഷനുകളിൽ നിന്നോ താലൂക്കുകളിൽ നിന്നോ ആണ് തിരുവന്തപുരം രൂപത സ്ഥാപിച്ചത്. മുഴുവൻ പ്രദേശവും തിരുവിതാംകൂർ രാജ്യത്തിന്റേതായിരുന്നു. രൂപതയുടെ വിസ്തീർണ്ണം ഏകദേശം 2,150 ചതുരശ്ര കിലോമീറ്ററായിരുന്നു. വടക്ക് ഭാഗത്ത് കൊല്ലം രൂപത, കിഴക്ക് ഭാഗത്ത് പർവതങ്ങളും മധുര രൂപതയും, തെക്ക് കോട്ടാർ രൂപത, പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലും കൊച്ചി രൂപതയുമായി ഇത് പരിമിതപ്പെടുത്തിയിരിക്കുന്നു. പുതിയ രൂപതയെ ബെൽജിയത്തെ ഫ്ളാൻഡേഴ്സ് പ്രവിശ്യയിലെ കർമ്മലീത്താ മിഷൻമാരെ ഏൽപ്പിച്ചു. പാളയം സെൻറ് ജോസഫ് പള്ളി കത്തീഡ്രൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

തിരുവനന്തപുരം രൂപത വരാപ്പുഴ അതിരൂപതയുടെ സഫ്രഗൻ രൂപതയായിട്ടാണ് സ്ഥാപിച്ചത്. 1937 നവംബർ 21 ന് അപ്പോസ്തലിക പ്രതിനിധി എക്സിക്യൂട്ടോറിയൽ ഉത്തരവ് പുറപ്പെടുവിച്ചു. റോമിന്റെ പദ്ധതി പ്രകാരം തിരുവനന്തപുരം രൂപതയുടെ ആദ്യബിഷപ്പായും കൊല്ലം രൂപതയുടെ അഡ്മിനിസ്ട്രേറ്ററായും ബിഷപ്പ് ഡെറേരെയെ നിയമിച്ചു. 1937 ഡിസംബർ 5 ന് ബിഷപ്പ് ഡെറേര പുതിയ രൂപതയുടെ ഭരണം ഏറ്റെടുക്കുകയും തിരുവനന്തപുരത്ത് താമസം ആരംഭിക്കുകയും ചെയ്തു. ബിഷപ്പ് ഡെറേര ബിഷപ്പ് ഹൗസ്, സെൻറ് വിൻസൻറ് സെമിനാരി എന്നിവ സ്ഥാപിക്കുകയും രണ്ടാം ലോകമഹായുദ്ധത്തിന്റെ വിനാശകരമായ പ്രത്യാഘാതങ്ങൾ നേരിടാൻ തന്റെ രൂപതയിൽ നടപടി കൈകൊള്ളുകയും ചെയ്തു. 1952 ലാണ് തിരുവനന്തപുരത്തെ കൊച്ചി രൂപതയുടെ പ്രദേശങ്ങൾ തിരുവനന്തപുരം രൂപതയുമായി കൂട്ടിച്ചേർത്തത്. കമ്മ്യൂണിസ്റ്റ് ആശയങ്ങൾ തടയുന്നതിനായി അദ്ദേഹം കാത്തലിക് ആക്ഷൻ അസോസിയേഷൻ സ്ഥാപിക്കുകയും ഭാവിയിലെ സാമൂഹിക വികസന പരിപാടികൾക്ക് അടിത്തറയിടുകയും ചെയ്തു. കർമ്മലീത്ത മിഷനറിമാർ തിരുവനന്തപുരം രൂപതയിൽ ശക്തമായ ആത്മീയ വളർച്ചയ്ക്കായി ധാരാളം ഭക്തസംഘടനകൾ സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ, വിശ്വാസം ഈ പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തിന് വലിയ ആശ്വാസവും പ്രതീക്ഷയുമായി മാറി.



### ടാക്കീസ്

# സ്വർഗം തീർക്കുന്ന സങ്കടങ്ങൾ

സുനിൽ സി. ഇ

പലതരം മിത്തുകളെ കൂട്ടിക്കെട്ടി ഒരു യാഥാർത്ഥ്യത്തെ സൃഷ്ടിക്കാനാണ് പുതിയ സിനിമ തയ്യാറെടുക്കുന്നത്. അത് അധികാംശവും വിസ്തൃതവുമായി ഉത്പാദിപ്പിക്കപ്പെട്ട ഭ്രമകാഴ്ചകൾകൊണ്ടാണ് കൾച്ചർ ഇൻഡസ്ട്രി കൗശല പ്രയോഗങ്ങളോടെ മിഥ്യാവബോധം സൃഷ്ടിച്ചെടുക്കന്നത് എന്ന തത്വസംഹിതയ്ക്കെതിരെയുള്ള ഒരു ചുവടുവയ്പാണ്. ചില സിനിമകൾ പൂർത്തീകരിച്ചുകാണിക്കുന്ന ചില മലയാളിമോഹങ്ങളുണ്ട്. അത് മനസ്സ് കളിക്കുന്ന കളികൾ മാത്രമായി ഇനി എണ്ണപ്പെടുക സാധ്യമല്ല. ജീവിതത്തെ സ്വപ്നം കാണാൻ ധാരാളം ആവശ്യങ്ങൾ ഉള്ളവർ എന്ന നിലയ്ക്ക് പുതിയ മനുഷ്യൻ സിനിമയിലെ



കാഴ്ചകളെ (അവ നെഗററീവായാൽ പോലും) അഭീഷ്ട പൂർത്തീകരണത്തിനും വാസനാത്മകനിറവേറലിനുമായി ഉപയോഗിച്ചുവരികയാണിപ്പോൾ. കാണിയുടെ അവബോധമനസ്സിന്റെ കളിസ്ഥലങ്ങളിൽ പരിതൃപ്തി നേടാൻ കാത്തുനിൽക്കുന്ന ദ്വന്ദ്വമാണ് സ്വർഗ്ഗവു നരകവും. അറിഞ്ഞറിയാതെയുള്ള സ്വർഗ്ഗമോഹങ്ങൾ ഫാൻറസിയിലൂടെ ഉള്ളിലേക്ക് പ്രക്ഷേപണം ചെയ്യപ്പെടുകയും പുറത്തേക്കു ധാരാപ്രവാഹമൊഴുക്കുകയും ചെയ്യുമ്പോൾ പൂർത്തീകരിക്കപ്പെടുന്ന ഭാവനാവിലാസങ്ങളല്ല പക്ഷേ, 'സ്വർഗ്ഗം' എന്ന സിനിമയുടെ പ്രമേയവും പശ്ചാത്തലവും. ഈ സിനിമയിലെ മൗലികപ്രതിബിംബങ്ങൾ അടുത്തടുത്തിരിക്കുന്ന രണ്ടു കുടുംബങ്ങളാണ്. വ്യക്തിവളർച്ചയുടെയും അസ്തിത്വപരമായ അർത്ഥകല്പനകളുടെയും പ്രാതിനിധ്യോപകരണങ്ങളാണ് ഇതിലെ രണ്ടു കുടുംബങ്ങളും. ഈ വ്യാഖ്യാന വിതരണോപാധികൾക്കിടയിലാണ് 'സ്വർഗ്ഗം' തീർക്കുന്ന സങ്കടങ്ങൾ പെയ്തിറങ്ങുന്നത്.

സമകാലീന സമൂഹത്തിൽ ഇത്തരം ആവിഷ്കരണത്തിനും ആത്മപ്രകാശനത്തിനും ഉള്ള മാധ്യമമാർഗ്ഗമായി സിനിമ രൂപാന്തരപ്പെടുന്നതിനെ ചെറുതല്ലാത്ത മനഃശാസ്ത്രമുപയോഗിച്ചുവേണം വായിച്ചെടുക്കാൻ. സിനിമയിൽ ദ്വന്ദ്വങ്ങളായി കാണപ്പെടുന്ന കുടുംബങ്ങൾ എന്ന നേർപോരാളികൾ മൂല്യങ്ങളിൽ വിദൂരത പുലർത്തുന്ന ടൈപ്പു ചെയ്യപ്പെടാത്ത കഥാപാത്രങ്ങളുടെ ഉല്പാദക ഇടംകൂടിയാണ്. അപചയപ്പെട്ട മലയാളികുടുംബ സമൂഹത്തിലേക്ക് ഒരു രക്ഷകൻ പ്രതിരൂപത്തെ നിർബന്ധിച്ചയയ്ക്കാൻ സിനിമിയുടെ പ്രമേയം തയ്യാറാകുകയാണ്. മലയാള സിനിമ നിരന്തരമായി പ്രമേയപ്പെടുത്തിയിട്ടുള്ള കുടുംബം എന്ന സ്ഥാപനത്തെ, മറ്റു പല സിനിമകളും ദാരിദ്ര്യം, പക, വിവാഹമോചനം എന്നിങ്ങനെയുള്ള സംഗതികൾകൊണ്ടാണ് പൂരിപ്പിച്ചിട്ടുള്ളത്. 'സ്വർഗ്ഗം' എന്ന സിനിമയാകട്ടെ അസമാധാനത്തിന്റെ പോർക്കള ചരിതങ്ങളാണ് അനാവരണപ്പെടുത്തുന്നത്. ഈ സിനിമ സ്വർഗ്ഗം എന്ന സ്വപ്നത്തെ താലോലിക്കാതെവയ്യ എന്ന നിലപാട് പ്രേക്ഷകർക്കിട്ടുകൊടുത്തുകൊണ്ടിരുന്നത് ഒരു കുടുംബത്തിന്റെ ദാരിദ്ര്യാവിഷ്കരണത്തിലൂടെയാണ്. ഭൂമിയിലെ സ്വർഗ്ഗം എന്ന കൺസപ്റ്റിന് ഇനിയും പ്രത്യാശയുണ്ടെന്ന സങ്കല്പത്തിന്റെ ധ്വനിപ്പിക്കലാണ് ഈ സിനിമ.

**സ്വർഗ്ഗം: ചില സാമൂഹിക വെളിപാടുകൾ**

അതിഗഹനമായ കാര്യങ്ങളൊന്നും രണ്ടു മണിക്കൂറിൽ താഴെയുള്ള ഈ സിനിമ പങ്കുവയ്ക്കുന്നില്ല. പക്ഷേ ഇതിനുള്ളിൽ ചില സാമൂഹിക വെളിപാടുകൾ ഒച്ചതാഴ്ത്തിയിരിപ്പുണ്ട്. അയൽപക്കകാരായ രണ്ട് കുടുംബങ്ങളുടെ സമാന്തരകഥയെന്നു പറഞ്ഞ് പക്ഷേ ഈ സിനിമയെ താഴ്ത്തിവെയ്ക്കാനാവില്ല. ചിത്രത്തിലെ സാധാരണക്കാരനായ കുടുംബനാഥനെ അവതരിപ്പിക്കുന്ന അജു വർഗീസ് സമ്പന്ന കുടുംബനാഥ കഥാപാത്രത്തെ അവതരിപ്പിക്കുന്ന ജോണി ആൻറണിയും രണ്ട് സാമൂഹിക വ്യക്തിസ്വരൂപങ്ങളാണ്.

ഭൗതിക സമ്പത്ത് അധികമില്ലെങ്കിലും ജീവിതത്തിലെ ചെറിയ ചെറിയ സന്തോഷങ്ങളിലൂടെ ഈ ഭൂമിയെ സ്വർഗ്ഗമാക്കിമാറ്റിയതിന്റെ പ്രതിനിധാനമാണ് അജുവിന്റെ കുടുംബം. അയലത്ത് സമ്പന്നതയുടെ മടിത്തട്ടിൽ ജീവിക്കുന്ന ജോണി ആൻറണിയുടെ കുടുംബത്തിന് എല്ലാമുള്ളപ്പോഴും അത്യന്തികമായ സന്തോഷവും സമാധാനവും കണ്ടെത്താനാവുന്നില്ല. മറ്റുള്ളവരുടെ കാഴ്ചയിൽ അവിടെ സ്വർഗ്ഗമാണെന്നു തോന്നാമെങ്കിലും അതൊരു മായക്കാഴ്ച മാത്രമാണെന്ന് സിനിമ പഠിപ്പിക്കുകയാണ്. ഡോ. ലിസി കെ ഫെർണാണ്ടസിന്റെ ഈ ചെറിയ ത്രെഡിന് തിരക്കഥയും സംഭാഷണവും ഒരുക്കിയിരിക്കുന്നത് ഇതിന്റെ സംവിധാകൻ കൂടിയായ റെജിസ് ആന്റണിയും റോസ് റെജിസും ചേർന്നിട്ടാണ്.

മധ്യതിരുവിതാംകൂറിലെ രണ്ട് ക്രിസ്ത്യൻ കുടുംബങ്ങളെയം അവരുമായി ബന്ധപ്പെട്ട മനുഷ്യരെയും മുൻനിർത്തി ജീവിതത്തിന്റെ ഇനിയും മടക്കുനിവർത്തി നോക്കിയിട്ടില്ലാത്ത അർത്ഥത്തെയാണ് റെജിസ് വരച്ചിടുന്നത്. അത്യന്തികമായി നമ്മുടെയൊക്കെ ജീവിതത്തിന് എന്ത് അർത്ഥമാണുള്ളത് എന്ന ചോദ്യമാണ് മുഴങ്ങിനിൽക്കുന്നത്. എല്ലാമുണ്ടെങ്കിലും ഒരാളുടെയെങ്കിലും മനസ്സിൽ ഒരു നല്ല പ്രവൃത്തിയിലൂടെ കയറിപ്പറ്റാൻ കഴിഞ്ഞാൽ അതല്ലേ നമുക്കുള്ള ഏറ്റവും വലിയ സമ്പാദ്യം എന്ന ഊക്കൻ ചോദ്യമാണ് ചില സീനുകളുടെ പൊരുൾ. ജീവിതത്തിലെ വലിയൊരു തിരിച്ചടിയിലൂടെയാണ് സമ്പന്ന കുടുംബത്തിലെ കുടുംബനാഥൻ തിരിച്ചറിവിലേക്കെത്തുന്നത്. അതുവഴി സ്വന്തം കുടുംബത്തിൽ അയാൾ സ്വർഗ്ഗവാതിൽ തീർക്കുന്നതാണ് സിനിമയുടെ കാതൽ. ഈ കാലത്തിലെ ഓട്ടപ്പാച്ചിലുകളും പാരമ്പര്യത്തിന്റെ നന്മകളും തമ്മിലുള്ള ശരിയായ ഒരു സങ്കലനം ഇവിടെ സാധ്യമാകുകയാണ്. ഇതിലെ കേന്ദ്രകഥാപാത്രങ്ങളായ അധീശശക്തികൾ പലപ്പോഴും പരസ്പരപൂരിതങ്ങളാവുകയും മലയാളിയുടെ ജടിലതകളെ ഒരു പ്രോട്ടോടൈപ്പ് ആവിഷ്കാരത്തിനപ്പുറത്തേയ്ക്ക് കൊണ്ട് സ്ഥലപ്പെടുത്തുകയും ചെയ്യുന്നു.




ലിയ എസ്. സതീഷ്
കാർമ്മൽ എച്ച്.എസ്.എസ്.,
വഴുതക്കാട്


# സ്നേഹത്തിന്റെ വില

ചിത്തിരപുരം ഗ്രാമത്തിലെ യു.പി.സ്കൂളിൽ പുതുതായി കടന്നുപോകുവാൻ ഒരുങ്ങുകയാണ് 'മീനു'. പറഞ്ഞറിയിക്കാൻ കഴിയാത്തവിധം അവളുടെ മനസ്സിൽ ആകാംക്ഷ നിറഞ്ഞുനിന്നു. അവൾ കണ്ണാടിയിൽ നോക്കി സ്വയം പറയുവാൻ ആരംഭിച്ചു. "മീനു നിനക്കിന്ന് പുതിയ അധ്യാപകരേയും കൂട്ടുകാരേയും കിട്ടും."

വേഗം ഇറങ്ങൂ സമയം ആകാറായി മോളെ." അവളുടെ അച്ഛൻ വിളിച്ചു. അവൾ കൃത്യസമയത്തുതന്നെ സ്കൂളിൽ എത്തി. അച്ഛന്റെ കവിളിൽ ഉമ്മ കൊടുത്തു. അവൾ ക്ലാസ്സ്മുറിയിലേക്ക് ഓടി. കസേരയിൽ ഇരുന്നു. കുറച്ചുസമയത്തിനുശേഷം ടീച്ചർ അവിടെ വന്നു. മീനുവിനോട് സ്വയം പരിചയപ്പെടുത്താൻ ടീച്ചർ ആവശ്യപ്പെട്ടു. സന്തോഷത്തോടെ മുന്നിൽവന്ന് അവളുടെ പേരും അച്ഛന്റെ പേരും പറഞ്ഞു. അവൾ പറഞ്ഞതിനുശേഷം ടീച്ചർ ചോദിച്ചു; "മോളുടെ അമ്മ. . ." പുഞ്ചിരി വിടർന്നു നിന്ന അവളുടെ ചുണ്ടിൽനിന്നും അതുമാഞ്ഞു. ഇടറുന്ന ശബ്ദത്തോടെ അവൾ പറഞ്ഞു എനിക്ക് അമ്മയില്ല. ടീച്ചർ സ്നേഹവാത്സല്യത്തോടെ അവളെ തഴുകിയിട്ടു പറഞ്ഞു.



വിഷമിക്കേണ്ട മോൾ ചെന്നിരുന്നോളു.' വിഷാദത്തോടെ ചെന്നിരുന്നു. ഉച്ചഭക്ഷണത്തിനുള്ള സമയമായി ചോറ്റുപാത്രം തുറന്നപ്പോൾ 'ദേവു' എന്ന് പേരുള്ള കുട്ടി അവളുടെ അടുത്തുവന്നിരുന്നു. അവർ സംസാരിച്ചു. ഇനി മുതൽ നമുക്ക് സുഹൃത്തുക്കളാകാം. ദേവു മീനുവിനോട് ചോദിച്ചു. അവൾ സമ്മതിച്ചു. അടുത്ത ദിവസവും അവർ ഒരുമിച്ചിരുന്നു. ദേവു മീനുവിനോട് ചോദിച്ചു. "അമ്മ മരിച്ചുപോയതിൽ നിനക്ക് സങ്കടമുണ്ടോ?" "ഞാൻ എന്റെ അമ്മയെ കണ്ടിട്ടില്ല. അമ്മ കണ്ണടച്ചതും ഞാൻ കണ്ണുതുറന്നതും ഒരേ സമയമാണ്." കണ്ണീരോടെ മീനു പറഞ്ഞു. "അമ്മയില്ലാത്തത് നല്ലതല്ലേ നമ്മെ നിർബന്ധിച്ച് ഭക്ഷണം കഴിപ്പിക്കില്ല. മാർക്ക് കുറയുമ്പോൾ നമ്മെ തല്ലില്ല, രാവിലെ നമ്മെ എഴുന്നേൽപ്പിക്കില്ല" ദേവു പറഞ്ഞു. "നീ എന്തൊക്കെയാണ് ഈ പറയുന്നത്." അത്ഭുതത്തോടെ മീനു ചോദിച്ചു. "നിനക്ക് നിന്റെ അമ്മയെ ഇഷ്ടമില്ലേ ദേവു." "ഇഷ്ടമാണ് പക്ഷേ അമ്മയില്ലാത്തതാണ് എന്നെ സംബന്ധിച്ചിടത്തോളം നല്ലത്." ദേവു പറഞ്ഞു. "എന്നെങ്കിലും നിന്റെ അമ്മ നിന്നെ പിരിഞ്ഞു നിന്നിട്ടുണ്ടോ?" മീനു ചോദിച്ചു. 'ഇല്ല' ദേവു പറഞ്ഞു. "അമ്മ നിന്നെ പിരിഞ്ഞുനിന്നാൽ മാത്രമേ 'സ്നേഹത്തിന്റെ വില' നിനക്കു മനസ്സിലാവുകയുള്ളൂ. ദേവു വീട്ടിലേക്ക് ചെന്നു. അപ്പോൾ ദേവുവിന്റെ അമ്മ പുറത്ത് പോകുവാൻ ഇറങ്ങുകയാണ്. അമ്മൂമ്മയ്ക്ക് സുഖമില്ല അതുകൊണ്ടാണ് പോകുന്നത്. ദേവു സന്തോഷപൂർവ്വം അമ്മയെ പറഞ്ഞയച്ചു. അടുത്ത ദിവസം അവൾ സ്കൂളിൽ പോകാതെ വീട്ടിൽ ഇരുന്നു ആഘോഷിച്ചു. പക്ഷേ അടുത്ത ദിവസം മുതൽ അമ്മയുടെ അസാനിദ്ധ്യം അവളെ വല്ലാതെ വേദനിപ്പിച്ചു. അവൾ അടുത്ത ദിവസംതന്നെ അച്ഛന്റെ ഫോണിൽ നിന്ന് അമ്മയെ വിളിച്ചു. ഉടൻവരാൻ പറഞ്ഞു. അമ്മ ഉടനെ വന്നു. അമ്മ ഉമ്മറത്തെത്തിയതും അവൾ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. ഞാൻ അമ്മയെ ഒരുപാട് സ്നേഹിക്കുന്നു. എന്നെവിട്ട് ഒരിക്കലും പോകരുത്. അവൾ കണ്ണുനീരോടെ പറഞ്ഞു.



ആൻമരിയ മേരിദാസ്
എച്ച്.എസ്.എസ്.പള്ളിത്തുറ

# യന്ത്രങ്ങൾ യന്ത്രമാക്കാൻ പഠിപ്പിക്കുമ്പോൾ..

പണ്ടൊരദ്ധ്യാപികയുണ്ടായിരുന്നു
ഒത്തിരി കഥകൾ പറഞ്ഞിരുന്നു
ഒത്തിരി കവിതകൾ ചൊല്ലിത്തന്നു
ഒത്തിരി ഗുണപാഠമുണ്ടായിരുന്നതിൽ
തെറ്റു ചെയ്താൽ ചൂരൽപ്പഴം തരും
നന്മചെയ്താൽ വാരിപ്പുണർന്നീടും
വയ്യാത്ത കാലിൽ മുടന്തുമായ്
വന്നൊരാ ടീച്ചറെ
കുട്ടികൾ മാറ്റി നിർത്തി
ഇന്നൊരദ്ധ്യാപിക വീണ്ടും വന്നു
എന്തൊരു ഭംഗിയാ ടീച്ചറെ കാണാൻ
പാട്ടുപാടില്ലവർ കഥകൾ പറയില്ല
ഇന്നത്തെ ടീച്ചർ ക്ലാസ്സെടുത്തു
കിർ. . . കിർ. . . ഒച്ചയിൽ സംസാരിച്ചു
ചിരിയില്ല കളിയില്ല ഒട്ടുമേ രസമില്ല
കുട്ടികൾ ഒക്കെയും ടീച്ചർ ചൊന്നത്
അക്ഷരം തെറ്റാതെ തിരികെ പറഞ്ഞു
ഈ വേളയിൽ വെറുതെ
ഞാനൊന്നു ചിന്തിച്ചുപോയീ
പണ്ടത്തെ ടീച്ചർക്ക് മുൻപിൽ
ഞാനൊരു കുട്ടിയായ് നിന്നെങ്കിൽ
ഇന്നത്തെ ടീച്ചർക്ക്
ഞാനുമൊരു യന്ത്രമായ് മാറുന്നുവോ...?
ഈണവും താളവും ഇല്ലാത്ത
പാട്ടിന് ഞാനും ഇന്ന്
വെറുതേ ചുണ്ടനക്കുന്നുവോ...?



അഖില
സെന്റ് ആന്റണീസ് HSS,□
വലിയതുറ



# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ്പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## തീരദേശവാർഡുകൾ ഇല്ലാതാക്കാനുള്ള ശ്രമം പ്രതിഷേധാർഹം; തിരുവനന്തപുരം അതിരൂപതരാഷ്ട്രീയകാര്യ സമിതി

വെള്ളയമ്പലം: തീര ജനതയുടെ താൽപര്യങ്ങൾക്ക് ഹാനികരമായ വിധത്തിൽ തദ്ദേശ സ്വയം ഭരണവാർഡുകൾ പുനർനിർണയിക്കുന്നതിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത രാഷ്ട്രീയകാര്യ സമിതി യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായി നടത്തുന്ന വാർഡ് പുനർനിർണയ നടപടികൾ തികച്ചും ഏകപക്ഷീയവും നിക്ഷിപ്ത രാഷ്ട്രീയ താൽപര്യങ്ങൾക്കു വിധേയവുമായാണ് മുന്നോട്ടുപോകുന്നത്. കടലാക്രമണത്തിൽ തകർന്ന വീടുകളുടെയും സിആർസെഡ് (CRZ) മേഖലയിൽ ഉൾപ്പെടുന്ന വീടുകളുടെയും നമ്പർ ഇല്ലാത്ത ഭവനങ്ങളെയും അതിൽ താമസിച്ചിരുന്നവരെയും ബോധപൂർവ്വം ഒഴിവാക്കിക്കൊണ്ട് വോട്ടർ പട്ടിക തയ്യാറാക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ വാർഡുകൾ നിശ്ചയിക്കുവാനും നീക്കങ്ങൾ നടന്നുവരുന്നു.

മണ്ഡൽ കമ്മീഷൻ ശുപാർശ പ്രകാരം പിന്നോക്ക ജന വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന തീരമേഖലയിൽ പ്രത്യേക വാർഡുകൾ രൂപീകരിക്കണം എന്ന ശുപാർശ പരിഗണിക്കപ്പെടാതെ പോകുന്നതിൽ യോഗം അമർഷം രേഖപ്പെടുത്തി. വാർഡ് വിഭജനത്തിലെ അശാസ്ത്രീയത പരിഹരിക്കപ്പെടണം. നിലവിലുള്ള തീരദേശ വാർഡുകൾ വിഭജിച്ച് മറ്റു വാർഡുകളോട് കൂട്ടിച്ചേർക്കാനുള്ള നടപടികളിൽനിന്ന് പിന്തിരിയണമെന്ന് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനോടും സംസ്ഥാന സർക്കാരിനോടും യോഗം ശക്തമായി ആവശ്യപ്പെട്ടു. മോൺ. യൂജിൻ പെരേരയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാട്രിക് മൈക്കൾ മോൺ. ജെയിംസ്കുലാസ്, ജോളി പത്രോസ്, പനിയടിമ, ഇഗ്നേഷ്യസ് തോമസ്, ജൂഡ്, പൊന്നുമോൻ എന്നിവർ സംസാരിച്ചു.

## മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനുള്ള അവകാശം സ്ഥാപിച്ചുകിട്ടണം; ലോകമത്സ്യത്തൊഴിലാളി ദിനത്തിൽ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത സാമൂഹ്യ ശുശ്രൂഷയും മത്സ്യമേഖല ശുശ്രൂഷയും സംയുക്തമായി ലോകമത്സ്യത്തൊഴിലാളി ദിനമാചരിച്ചു. ദിനാചരണത്തോടനുബനധിച്ച് നവംബർ 21 വ്യാഴാഴ്ച വെള്ളയമ്പലത്ത് മത്സ്യത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ടുള്ള സിമ്പോസിയവും പൊതുസമ്മേളനവും നടന്നു.അതിരുപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷത വഹിച്ച പൊതുസമ്മേളനം കേരള പൊതു വിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും ജീവിതാവകാശവും ഉറപ്പാക്കണമെന്ന് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനുള്ള അവകാശം സ്ഥാപിച്ചുകിട്ടണമെന്ന് തന്റെ അധ്യക്ഷ പ്രസംഗത്തിൽ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്തയും ആവശ്യപ്പെട്ടു. മത്സ്യമേഖല ശുശ്രൂഷ ഡയറക്ടർ ഫാ .ലൂസിയാൻസ് തോമസ്, സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ.ആഷ്‌ലിൻ ജോസ്, വി. കെ. പ്രശാന്ത് എംഎൽഎ, ഡോ.ലിസ്ബ യേശുദാസ്, സിസ്റ്റർ സ്വപ്ന എന്നിവർ പ്രസംഗിച്ചു.രാവിലെ നടന്ന സിമ്പോസിയത്തിൽ മത്സ്യത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. അതിരൂപത ശുശ്രൂഷ കോഡിനേറ്റർ റവ. ഡോ. ലോറൻസ് കുലാസ് സിമ്പോസിയം ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര അധ്യക്ഷത വഹിച്ചു.

# ലത്തീൻ കത്തോലിക്കാ ദിനം 2024; ഡിസംബർ 8 ന്

വെള്ളയമ്പലം: ഈ വർഷത്തെ ലത്തീൻ കത്തോലിക്കാദിനം ഡിസംബർ 8 ഞായറാഴ്ച. ഓരോ വർഷവും, വിവിധ സംഘടനകൾ ആണ് കേരള ലത്തിൻസഭയിൽ ലത്തീൻ കത്തോലിക്ക ദിനം ആഘോഷിയ്ക്കുന്നത്. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുന്നാളിന് ശേഷം വരുന്ന ഞായറാഴ്ച ആണ് ലത്തീൻ കത്തോലിക്ക ദിനം. 2024 ഡിസംബർ 8 ഞായറാഴ്ച പരിശുദ്ധ അമലോൽഭവ മാതാവിന്റെ തിരുന്നാൾ ആയതിനാൽ ഈ വർഷം ഡിസംബർ 15 ഞായറാഴ്ച ആണ് സംസ്ഥാന തലത്തിൽ ലത്തീൻ കത്തോലിക്ക ദിനം ആഘോഷിയ്ക്കുന്നത്. ഈ വർഷത്തെ ആഘോഷങ്ങൾക്ക് കേരളത്തിലെ ലത്തീൻ സഭയുടെ പൊതു അൽമായ സംഘടനയായ കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ KLCA നേതൃത്വം വഹിക്കും.

2024 ഡിസംബർ 15 ഞായറാഴ്ച തിരുവനന്തപുരത്ത് വച്ച് KLCA യുടെ നേതൃത്വത്തിൽ ലത്തീൻ കത്തോലിക്ക ദിന ആഘോഷവും KLCA യുടെ സമ്പൂർണ്ണ നേതൃസമ്മേളനവും നടക്കും.

# കെ.സി.വൈ.എം സംസ്ഥാന കലോത്സവം 'ഉത്സവ് 2024, സമാപിച്ചു



തിരുവനന്തപുരം: കേരള കത്തോലിക്കാ സഭയിലെ 32 രൂപതകൾ പങ്കെടുത്ത ഉത്സവ്-2024 സംസ്ഥാന കലോത്സവത്തിന് തിരശ്ശീലവീണു. തിരുവനന്തപുരം ലത്തീൻ അതിരൂപത ആതിഥേയത്വം വഹിച്ച കലോത്സവം നവംബർ 9,10 തീയതികളിലായി തുമ്പ സെന്റ് സേവിയേഴ്സ് കോളേജിലാണ് അരങ്ങേറിയത്. പ്രശസ്ത ചലച്ചിത്ര നടൻ അലൻസിയർ ലോപ്പസ് കലോത്സവ ദിനങ്ങൾക്ക് തിരി തെളിച്ചു. ഉദ്ഘാടന സമ്മേളനത്തിന് കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവേൽ എം. ജെ അധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം സംസ്ഥാന ആനിമേറ്റർ സിസ്റ്റർ നോർബർട്ട സി. ടി. സി ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ.എം തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിഡന്റ് സനു സാജൻ, ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസ്, പുതുക്കുറിച്ചി ഫെറോന വികാരി ഫാ.ഹയസിന്ത് നായകം എന്നിവർ സംസാരിച്ചു.

217 പോയിന്റുകളുമായി ചങ്ങനാശ്ശേരി അതിരൂപത ഉത്സവ് 2024 കിരീടം ചൂടി. 198 പോയിന്റുമായി താമരശ്ശേരി രൂപത രണ്ടാം സ്ഥാനവും, 195 പോയിന്റുമായി നെയ്യാറ്റിൻകര രൂപത മൂന്നാം സ്ഥാനവും നേടി. സമാപന സമ്മേളനത്തിൽ കെ.സി.വൈ.എം മുൻ സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവേൽ മൈക്കിൾ മുഖ്യാതിഥിയായിരുന്നു. കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ ഫാ.സ്റ്റീഫൻ ചാലക്കര സംസാരിച്ചു.



# അതിരൂപതയിൽ ലോകമത്സ്യത്തൊഴിലാളി ദിനം ആചരിച്ചു



പൂന്തുറ: സർക്കാരിനും സമൂഹത്തിനും മത്സ്യത്തൊഴിലാളികൾ നൽകിയ സേവനത്തെ വിസ്മരിക്കരുതെന്നു തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച് ബിഷപ് ഡോ.തോമസ് ജെ.നെറ്റോ പറഞ്ഞു. ലോക മത്സ്യത്തൊഴിലാളി ദിനത്തിൽ ലത്തീൻ അതിരൂപതയിലെ ഫിഷറീസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പൂന്തുറയിൽ സംഘടിപ്പിച്ച പരിപാടിയിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഓഖി ദുരന്തത്തിലും പ്രളയത്തിൽപെട്ടവരെയും കണ്ടെത്താനുള്ള രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയ മത്സ്യത്തൊഴിലാളികളെ ഇനിയും അവഗണിക്കരുതെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത തമിഴ്നാട് വിളവൻകോട് എംഎൽഎ താരഹൈ കുത്ബർട്ട് പറഞ്ഞു. അവകാശങ്ങൾ നേടുന്നതിന് മത്സ്യത്തൊഴിലാളികൾ കൂടുതൽ സംഘടിതരാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ഫിഷറീസ് മിനിസ്ട്രി ഡയറക്ടർ ഫാ. ലൂസിയാൻസ് തോമസ്, വിഴിഞ്ഞം വികാരി മോൺ.ഡോ.ടി.നിക്കോളാസ്, ടിഎസ്എസ് ഡയറക്ടർ ഫാ.ആഷ്ലിൻ ജോസ്, പൂന്തുറ വികാരി ഫാ.ഡാർവിൻ പീറ്റർ, മത്സ്യത്തൊഴിലാളി നേതാക്കളായ വലേരിയൻ, വിൻസന്റ്, ടിഎംഎഫ് പ്രസിഡന്റ് റോബർട്ട് ജോസഫാത്ത്, മാഗ്ളിൻ, എന്നിവർ പ്രസംഗിച്ചു. കടൽ അപകടങ്ങളിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ചടങ്ങിൽ സാമ്പത്തിക സഹായം നൽകി. മുതിർന്ന മത്സ്യത്തൊഴിലാളികളെ ആദരിച്ചു.

# മുനമ്പം പ്രശ്നം: സർവകക്ഷി യോഗം വിളിക്കണമെന്ന് ആർച്ച് ബിഷപ് ഡോ. തോമസ് ജെ. നെറ്റോ



തിരുവനന്തപുരം: മുനമ്പം വഖഫ് പ്രശ്നം പരിഹരിക്കാൻ സർവകക്ഷി യോഗം വിളിക്കണമെന്നും പ്രശ്നപരിഹാരത്തിന് സർക്കാർ അടിയന്തരമായി ഇടപെടണമെന്നും തിരുവനന്തപുരം ലത്തീൻ അതിരൂപത. ഇപ്പോൾ നടക്കുന്നത് മതസൗഹാർദം തകർക്കുന്ന ഇടപെടലുകളാണെന്ന് ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ. തോമസ് ജെ. നെറ്റോ പറഞ്ഞു. മുനമ്പത്ത് സമരം ചെയ്യുന്ന ജനതയ്ക്ക് പിന്തുണയുമായി തിരുവനന്തപുരത്ത് വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളുടെ നേതൃത്വത്തിൽ മത സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക നേതാക്കളുടെ പങ്കാളിത്തത്തോടെ രക്തസാക്ഷി മണ്ഡപത്തിൽ സംഘടിപ്പിച്ച പ്രതിഷേധസംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടനയുടെ അനുച്ഛേദം 21 പൗരന്മാർക്ക് അന്തസായി ജീവിക്കാനുള്ള അവകാശം നൽകുന്നുണ്ടെന്ന് ലത്തീൻ അതിരൂപത വികാരി ജനറൽ ഫാ. യൂജിൻ പെരേര പറഞ്ഞു. സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, കോൺഗ്രസ് നേതാവ് വി.എം.സുധീരൻ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിൽനിന്ന് ഒട്ടേറെപ്പേർ പ്രതിഷേധസംഗമത്തിൽ പങ്കെടുത്തു.

# കെ.എൽ.എം അതിരൂപത സമിതി തെരഞ്ഞെടുപ്പും ജീവൻജ്യോതി സുരക്ഷ പദ്ധതി ഉദ്ഘാടനവും നടന്നു.

വെള്ളയമ്പലം: കെ.എൽ.എം അതിരൂപത സമിതി തെരഞ്ഞെടുപ്പും ജീവൻജ്യോതി സുരക്ഷ പദ്ധതി ഉദ്ഘാടനവും നടന്നു. കെ.എൽ.എം അതിരൂപത ഡയറക്ടർ ഫാ. സ്റ്റാലിൻ ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ നടന്ന തിരഞ്ഞെടുപ്പ് പ്രക്രിയയിൽ അതിരൂപത പ്രസിഡൻറ് ശ്രീ. ജോൺ ഏറോണിയാസ് അധ്യക്ഷത വഹിച്ചു. തുടർന്ന് കെ.എൽ.എം അംഗങ്ങൾക്കുള്ള ജീവൻ ജ്യോതി സുരക്ഷ പദ്ധതിയുടെ ഉദ്ഘാടനം തോമസ് ജെ നെറ്റോ മെത്രാപ്പോലീത്ത നിർവഹിച്ചു. ജീവൻ ജ്യോതി സുരക്ഷ പദ്ധിയെക്കുറിച്ചുള്ള അവബോധം ജീവൻജ്യോതി ഡെവലപ്മെന്റ് ഓഫീസർ ശ്രീ. എ. ലോറൻസ് നായകദാസ് നൽകി. ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് ആശംസകളേകി. അതിരൂപത കെ.എൽ.എം കോഡിനേറ്റർ ശ്രീ. എബി മാത്യു മറ്റ് രൂപത ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

# എംവിആർ പുരസ്കാരം മോൺ. യൂജിൻ പെരേരയ്ക്കു സമ്മാനിച്ചു






തിരു: എം.വി.രാഘവൻ ട്രസ്റ്റ് ഏർപ്പെടുത്തിയ എംവിആർ പുരസ്കാരം മോൺ. യൂജിൻ പെരേരയ്ക്കു പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ സമ്മാനിച്ചു. സിപിഎമ്മിൽനിന്നു വിട്ടുപോന്നതിന്റെ പേരിലുണ്ടായ അക്രമങ്ങളെ സധൈര്യം നേരിട്ട് സ്വന്തം പാർട്ടി രൂപീകരിച്ച് യുഡിഎഫിനൊപ്പം ചേർന്ന് അതിനെ വളർത്താൻ എംവിആറിനു കഴിഞ്ഞു. സമാന ആക്രമണമാണു വിഴിഞ്ഞം സമരത്തിന്റെ പേരിൽ ഫാ. യൂജിൻ പെരേര നേരിടേണ്ടി വന്നത്. തീവ്രവാദികളെയെന്ന പോലെയാണു മോൺ. യൂജിൻ പെരേര ഉൾപ്പെടെ സമരത്തിനു നേതൃത്വം നൽകിയവരെ എൽഡിഎഫ് സർക്കാർ അവതരിപ്പിച്ചതെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. ട്രസ്റ്റ് ചെയർമാൻ സി.പി. ജോൺ അധ്യക്ഷത വഹിച്ചു. ട്രസ്റ്റ് സെക്രട്ടറി എം.പി. സാജു, സിഎംപി ജില്ല സെക്രട്ടറി എം.ആർ. മനോജ്, സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി എ. നിസാർ എന്നിവർ പ്രസംഗിച്ചു.

# ആർ. സി. സ്കൂൾസ് ടീച്ചേഴ്സ് ഗിൾഡിന്റെ നേതൃത്വത്തിൽ ചിത്രരചന ക്യാമ്പ് നടന്നു



വെള്ളയമ്പലം: ആർ.സി. സ്കൂൾസ് ടീച്ചേഴ്സ് ഗിൾഡിന്റെ നേതൃത്വത്തിൽ ചിത്രരചനയിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കായി ചിത്രരചന ക്യാമ്പ് നടത്തി. നവംബർ 9 ശനിയാഴ്ച DRAWTOPIA- '24 എന്നപേരിൽ നടന്ന ക്യാമ്പ് വിദ്യാഭ്യാസ ശുശ്രൂഷാ സമിതി ഡയറക്ടർ ഫാ. സജു റോൾഡൻ ഉദ്ഘാടനം ചെയ്തു. ആർ.സി. സ്കൂൾസ് മാനേജർ റവ.ഫാ സൈറസ് കളത്തിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ടീച്ചേഴ്സ് ഗിൾഡ് പ്രസിഡന്റ് ശ്രീ. ജോയ് എൽ സ്വാഗതം ആശംസിച്ചു.

ആർട്ടിസ്റ്റുകളായ ശ്രീ. വില്യം പനിപ്പിച്ച, ശ്രീ. സജിത്ത് റെമഡി, ശ്രീമതി. മെറിൻ ജോസ്, ശ്രീ.നിഖിൽ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. എല്ലാ മാസവും ഇതിന്റെ തുടർപരിശീലനം ഉണ്ടാകുമെന്ന് ആർ.സി. സ്കൂൾസ് ടീച്ചേഴ്സ് ഗിൾഡിന്റെ ഭാരവാഹികൾ അറിയിച്ചു.



# നീർച്ചാൽ

## പാഠം ഒന്ന്: അത്തിമരം

### ആഗമനകാലം 1-ാംഞായർ (ഡിസംബർ 1)

ജെറ:33:14-16, 1 തെസ:3:12-42, ലൂക്കാ:21:25-28, 34-36

**ഫാ. സി. കെ. തോപ്പിൽ**

മനുഷ്യപുത്രന്റെ, ക്രിസ്തുവിന്റെ ദ്വിതീയാഗമനത്തെക്കുറിച്ചുള്ള പ്രവചനത്തിന്റെ വിവരണമാണിത്. മർക്കോസ് (13:29-31). മത്തായി (24:29-35) ലും ഈ വിവരണം കാണപ്പെടുന്നുണ്ട്. പഴയനിയമത്തിലെ ചില ബിംബങ്ങളുടെ ചുവടുപിടിച്ചാണ് ലൂക്കാ ഇത് അവതരിപ്പിക്കുന്നത്. ആകാശത്തിലെ അടയാളങ്ങളും ജനതകളുടെ ഞെരുക്കങ്ങളും ലൂക്കാ പ്രതിപാദിക്കുന്നു. ഏശയ്യ 13:10, 34:4 ജോയേൽ 2:10 തുടങ്ങിയവ ഇതിന് പശ്ചാത്തലമായിട്ടുണ്ടാകണം. മനുഷ്യപുത്രന്റെ വരവിനെക്കുറിച്ചുള്ള ദാനിയേലിന്റെ പുസ്തകത്തിലെ വിവരണവും (ദാനി:7:13) ജോബ് 38:8-11, സങ്കീ 65:7 തുടങ്ങിയവയും വെളിപാടു വിവരണ ശൈലിയിൽ നൽകുന്നതാണ്. ലൂക്കാ ഇവിടെ ശിഷ്യഗണത്തിന്റെ അഭിമാനകരമായ വിമോചനത്തിന്റെ സദ്വാർത്തയാണ് പ്രഘോഷിക്കുന്നത്.

ഇത് വ്യക്തിപരമായും സമൂഹപരമായും സദ്വാർത്തയാകണമെങ്കിൽ അത്തിമരത്തിൽനിന്നും പഠിക്കുവാൻ ആവശ്യപ്പെടുകയാണ്. പാലസ്തീനായിൽ മിക്ക മരങ്ങളും നിത്യഹരിതങ്ങളാണ്. എന്നാൽ അത്തിമരം ഹേമന്താരംഭത്തിൽ ഇല കൊഴിക്കുകയും വേനൽക്കാലാഗമനത്തിൽ ജീവന്റെ തുടിപ്പുകൾ കാണിക്കുകയും ചെയ്യും. വേനൽക്കാലം അടുത്തിരിക്കുന്നു എന്നതാണ് ഇളം തളിരുകൾ നൽകുന്ന സൂചന. ഇതാണ് ഇവിടെ ഒരു സാധാരണപാഠമായി അവതരിപ്പിക്കുന്നത്. ഒരു അത്തിമരത്തിന്റെ സ്വാഭാവിക വളർച്ചയിലെ ഘട്ടങ്ങൾ മനുഷ്യപുത്രന്റെ വരവിനനുബന്ധിച്ചുള്ള ഘട്ടങ്ങളുമായി ഇവിടെ താരതമ്യം ചെയ്തിരിക്കുന്നു എന്നു പറയാം.

ലൂക്കാ മാത്രമാണ് അത്തിമരത്തെയും മറ്റു മരങ്ങളെയുംകുറിച്ച് പറയുന്നത്. വേദപണ്ഡിതരുടെ അഭിപ്രായത്തിൽ, ലൂക്കാ യേശുവിനെ ലോകരക്ഷകനായി ചിത്രീകരിക്കുന്നതിന്റെ ഭാഗമായി, പാലസ്തീനായിൽ തുടങ്ങി ക്രമേണ വളർന്നുവരുന്ന സഭയെ കണ്ടുകൊണ്ടാണ് 'മറ്റു മരങ്ങൾ' എന്ന പ്രയോഗം കൂട്ടിച്ചേർത്തിരിക്കുന്നത്. യഹൂദർക്ക് സുപരിചിതമായ അത്തിമരത്തെ കൂടാതെ മറ്റു മരങ്ങളുടെയും കാലം കൂടി സൂചിപ്പിച്ചുകൊണ്ട് ലൂക്കാ ഈ ഉപമയ്ക്ക് ഒരു സാർവ്വത്രികമാനം നൽകുന്നു എന്ന് ചുരുക്കം. ഉൽപത്തിയുടെ പുസ്തകത്തിൽ ആരംഭത്തിൽത്തന്നെ അത്തിയിലയെ പരാമർശിക്കുന്നുണ്ട് (3,7), 1 സാമുവൽ 25, 18, 2 രാജാക്കന്മാർ 20, 6, ഏശയ്യ 38,21 , ജോയേൽ 2,22, 1 രാജാക്കന്മാർ 4, 25, മിക്ക 4,4 എന്നിവിടങ്ങളിലെല്ലാം അത്തിമരത്തിന്റെ പരാമർശങ്ങളുണ്ട്. സുവിശേഷത്തിൽ അത്തിമരത്തിൽനിന്ന് പഠിക്കുവിൻ എന്ന് പറയുമ്പോൾ കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കിക്കൊണ്ട് പ്രത്യാശയോടും സ്ഥിരചിത്തതയോടുംകൂടെ ജീവിക്കുക എന്നാണർത്ഥം.

ജാഗരൂകതയോടെയുള്ള പ്രാർത്ഥനയാണ് ആഗമനകാലം ഒന്നാം ഞായർ നൽകുന്ന പ്രായോഗിക പ്രതിവിധി. വ്യക്തി ജീവിതവും കുടുംബജീവിതവും സഭാത്മകജീവിതവും സമൂഹജീവിതവും അനിതരസാധാരണമായ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഫ്രാൻസിസ് പാപ്പയുടെ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ബൂള ഏറെ പ്രസക്തമാണ്. പാപ്പ പറയുന്നു: "ദൈവകൃപയിൽ പ്രത്യാശ കണ്ടെത്തുന്നതിനൊപ്പം കർത്താവ് തരുന്ന കാലത്തിന്റെ അടയാളങ്ങളിൽ പ്രത്യാശ പുനർദർശിക്കുന്നതിനും നാം വിളിക്കപ്പെട്ടിരിക്കുന്നു. കാലത്തിന്റെ അടയാളങ്ങളിൽ, ദൈവത്തിന്റെ രക്ഷാകരമായ സാന്നിധ്യത്തിനായുള്ള മനുഷ്യഹൃദയങ്ങളുടെ ദാഹത്തെ പ്രത്യാശയുടെ അടയാളമായി കരുതേണ്ടതാണ്." ഈ അടയാളങ്ങൾ രോഗികളിലും പ്രായമായവരിലും യുവജനങ്ങളിലും അഭയാർത്ഥികളിലും കുടിയേറ്റക്കാരിലും അതിദരിദ്രരിലും ദർശിക്കണമെന്നാണ് പാപ്പ ഉത്ബോധിപ്പിക്കുന്നത്. കാലത്തിന്റെ അടയാളങ്ങളെ ആധികാരികമായി അപഗ്രഥിച്ച് അനന്തനന്മയായ 'ദൈവം നമ്മോടുകൂടെ' എന്ന അനുഭവം സ്വന്തമാക്കാൻ ഈ ആഗമനകാലം ഉപകരിക്കട്ടെ.

## യോഹന്നാൻ ദൈവത്തിന്റെ സ്വരം

### ആഗമനകാലം 2-ാംഞായർ (ഡിസംബർ 8)

ബാറൂ. 5:1-9 ഫിലി. 1: 4-6, 8-11 ലൂക്ക. 3:1-6

**റവ. ഡോ. ഡൈസൻ**

ജനനത്തിന് മുമ്പ്, അമ്മയുടെ ഉദരത്തിൽ വച്ച് പരിശുദ്ധാത്മാവിനാൽ പൂരിതനായവനാണ് വി.സ്നാപകയോഹന്നാൻ. അവന്റെ ജനനം വലിയൊരു അത്ഭുതമായിരുന്നു. പേരിടൽ കർമ്മത്തിൽ സഖറിയാസിന്റെ വായ് തുറക്കപ്പെടുകയും നാവ് സ്വതന്ത്രമാവുകയും ചെയ്തപ്പോൾ ജനങ്ങൾ ചോദിച്ചു. ഈ ശിശു ആരായിത്തീരും? കർത്താവിന്റെ മുമ്പിൽ അവിടുത്തേക്ക് വഴിയൊരുക്കാൻ പോകുന്ന അത്യുന്നതന്റെ പ്രവാചകനാണ് യോഹന്നാൻ. ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗ്ഗത്തിൽ നമ്മുടെ

പാദങ്ങളെ നയിക്കുന്നവനുമായിരിക്കും സ്നാപക യോഹന്നാൻ. ആരാണ് സ്നാപക യോഹന്നാൻ?

## കാലത്തിനധീതൻ

സമൂഹത്തിൽ അധികം സ്വാധീനമില്ലാത്ത വെറുമൊരു സാധാരണ പുരോഹിതനായ സഖറിയാസിന്റെ മകനായ യോഹന്നനെ ബൈബിളിലെ ഏറ്റവും നല്ല ചരിത്രകാരനായ വിശുദ്ധ ലൂക്ക പരിചയപ്പെടുത്തുന്നത് ആകസ്മികമായിട്ടല്ല, വ്യക്തമായ ലക്ഷ്യത്തോടു കൂടിയാണ്. സാധാരണക്കാരനാണെങ്കിലും അസാധരണമായ വ്യക്തിത്വത്തിന്റെ ഉടമയാണ്. കാരണം ദൈവത്തിന്റെ അരുളപ്പാട് നേരിട്ടു ലഭിക്കുന്നത് യോഹന്നാനാണ്. അതുകൊണ്ടുതന്നെ അവന്റെ അധികാരവും ദൈവികമാണ്. സ്ത്രീകളിൽനിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ലെന്നും ദൈവപുത്രനായ യേശുവും സാക്ഷ്യപ്പെടുത്തുന്നു.

യോഹന്നാന്റെ കാലത്ത് തലയെടുപ്പോടെ നിന്നവർ ഇന്ന് ചരിത്രത്തിന്റെ എടുകളിൽ ആർക്കും വേണ്ടാത്ത സ്മാരകങ്ങൾ പോലെയും, വെള്ള പൂശിയ കുഴിമാടങ്ങൾ പോലെയുമായി. എന്നാൽ കാലത്തിനുപോലും മായ്ക്കാൻ സാധിക്കാത്ത വ്യക്തിത്വമായി യോഹന്നാൻ മറിയത് ദൈവത്തിന്റെ കരങ്ങൾ അവന്റെ കൂടെ ഉള്ളതുകൊണ്ടാണ്. യോഹന്നാൻ സാങ്കല്പിക സൃഷ്ടിയല്ല. ഖുംറാൻ സമൂഹം മെനഞ്ഞെടുത്ത ബൃഹത്തായ ആശയത്തിലെ നായകനല്ല. യഹൂദ സാഹിത്യത്തിൽ പിറന്ന കഥാപാത്രമല്ല. ദൈവരാജ്യത്തിനു തടസ്സം സൃഷ്ടിച്ച്, യേശുവിനെ ഇല്ലായ്മ ചെയ്യാൻ കരുക്കൾ നീക്കിയ പീലാത്തോസും, ഹേറോദേസും, അന്നാസും കയ്യാഫാസും ജീവിച്ച കാലത്തിൽ, ദൈവത്തിന്റെ രക്ഷ കാണിച്ചു കൊടുക്കാൻ പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് ജോർദ്ദാനിന്റെ സമീപ പ്രദേശത്തു ജീവിച്ച പ്രവാചകനായ ചരിത്രപുരുഷനാണ് യോഹന്നാൻ. ചരിത്രത്തിൽ ഇന്നും അവൻ ജ്വലിക്കുന്ന തീപ്പന്തമാണ്!

## മരുഭൂമിയിലെ ശബ്ദം

രക്ഷാകര ചരിത്രത്തിൽ മരുഭൂമി ദൈവീക വെളിപാടിന്റെ സ്ഥലമാണ്. മോശക്ക് പുറപ്പാടിന്റെ നായകനാകാനുള്ള ദൈവവിളി ലഭിച്ചത് മരുഭൂമിയിലാണ് (പുറ 3:1-22). ഏലിയ കർത്താവിനെപ്രതിയുള്ള തീക്ഷണതായാൽ ജ്വലിച്ചത് മരുഭൂമിയിൽ വച്ചായിരുന്നു. ഇസ്രായേൽ ജനം ദൈവത്തിന്റെ ശക്തിയും കരുണയും തിരിച്ചറിഞ്ഞത് മരുഭൂമിയാത്രയിലായിരുന്നു. മരുഭൂമി അവർക്ക് ഒരുക്ക ഭൂമിയായിരുന്നു. കാനാൻ ദേശത്തേക്കുള്ള കവാടവും. യേശുവിന്റെ ജീവിതത്തിലെ നിർണ്ണായ സംഭവങ്ങൾ അരങ്ങേറിയതും മരുഭൂമിയിൽ വച്ചാണ്. മരുഭൂമിയിലെ യോഹന്നാന്റെ ശബ്ദം രക്ഷയുടെ ആരംഭത്തിന്റെ ശബ്ദമാണ്. പുതുസൃഷ്ടിയാകാനുള്ള ക്ഷണമാണ്. മരുഭൂമി രൂപരാഹിത്യത്തെ, ശൂന്യതയെ, ഇല്ലായ്മയെ സൂചിപ്പിക്കുന്നു. ആദിയിൽ ഉണ്ടാകട്ടെയെന്ന് ദൈവം പറയുന്നത് രൂപരഹിതവും ശൂന്യവുമായ സ്ഥലത്തു നിന്നുകൊണ്ടാണ്. അങ്ങനെ കല്പിച്ചപ്പോൾ സൃഷ്ടി സംഭവിക്കുന്നു. മരുഭൂമി യേശു ആരംഭിക്കുവാൻ പോകുന്ന നവീന സൃഷ്ടി സംഭവിക്കേണ്ട സ്ഥലമാണ്! അതിനുള്ള നിയോഗം യേശു ഏറ്റെടുക്കുന്നതും അതിനുവേണ്ടി 40 ദിനരാത്രങ്ങളിലായി ഒരുങ്ങുന്നതും മരുഭൂമിയിലാണ്! ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ കഴിയുന്നത് 40 ആഴ്ചകളാണ്. 40 വർഷം ഇസ്രായേൽ എന്ന കുഞ്ഞ് കഴിഞ്ഞത് മരുഭൂമിയെന്ന ഗർഭപാത്രത്തിലാണ്. പുതിയ സൃഷ്ടിയായിട്ടാണ് ഇസ്രായേൽ വാഗദത്ത നാട്ടിൽ പോയത്! യേശുവിൽ നവീന സൃഷ്ടിയാവാൻ മരുഭൂമി അനുഭവത്തിലൂടെ നാം കടന്നു പോകണം. ഈ അനുഭവത്തിലേക്ക് യോഹന്നാൻ നമ്മെ ക്ഷണിക്കുന്നു.

## വഴി ഒരുക്കുന്നവൻ

യോഹന്നാന്റെ ശ്രേഷ്ഠത തെളിയുന്നത് തന്റെ ശിഷ്യന്മാരെ യഥാർത്ഥ വഴിയായ, സത്യമായ ജീവനായ യേശുവിന്റെ അടുക്കൽ പറഞ്ഞയക്കുന്നതിലൂടെയാണ്. താനല്ല യഥാർത്ഥ വഴി, യഥാർത്ഥ രക്ഷാമാർഗ്ഗം, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് കർത്താവായ യേശുവാണെന്ന് ചൂണ്ടി കാണിക്കുന്നു. യേശുവിന് വഴിയൊരുക്കാൻ വന്നവൻ മാനസാന്തരത്തിന്റെ, നന്മയുടെ, ധർമ്മത്തിന്റെ സ്വരമായി മാത്രം നില്ക്കുന്ന യോഹന്നാനെ അഭിനവ ശുശ്രൂഷകർ മാതൃകയാക്കണം. ദൈവത്തിന്റെ സ്വരമായി വന്നവൻ അത് കൂടുതൽ നന്നാകാൻ വേണ്ടി തന്റെ ജീവനെ ഹോമിച്ചു. ശബ്ദം നന്നാകാൻ അഴകും ചേരണം എന്ന സന്യാസിയുടെ ഉപദേശം കേട്ട്, പിതാവ് ഉരുക്കിയൊഴിക്കുന്ന ലോഹകൂട്ടിലേക്ക് മകൾ എടുത്തുചാടി. മണിയുടെ സ്വരം നന്നാകുന്നില്ലെങ്കിൽ രാജാവിനാൽ അപ്പൻ വധിക്കപ്പെടും. അത് സംഭവിക്കാതിരിക്കാൻ, മണിയുടെ ശബ്ദം ഇമ്പമാർന്നതാകാൻ അവൾ ജീവൻ ഹോമിച്ചു. ദൈവത്തിന്റെ ശബ്ദം മുഴങ്ങി കേൾക്കാൻ യോഹന്നാൻ തന്റെ ജീവനെ ഹോമിച്ചു. യോഹന്നാൻ വഴിയൊരുക്കാൻ വന്നവനാണ്. കല്ലുകളെയും മുള്ളുകളെയും വഴിയിൽനിന്നും മാറ്റി പാത നേരെയാക്കാൻ വന്നവനാണ്. യേശുവിന്റെ പാദത്തിൽ സ്വയം ചെരിപ്പായവനാണ്! യേശുവിന്റെ പാദത്തിനടിയിലായിരിക്കുന്നതിൽ സന്തോഷം കണ്ടെത്തിയവനാണ് യോഹന്നാൻ. നമ്മളും അവനെക്കാൾ ഉയർന്നിരിക്കാതെ അവന്റെ പാദത്തിനടിയിലിരിക്കാം. കാരണം യേശുവിന്റെ പാദം രക്ഷയുടെ പാദമാണ്.

അഹങ്കാരത്തിന്റെ താഴ്വരയെ എളിമകൊണ്ട് നികത്താനും അധികാര മോഹത്തിന്റെ കുന്നും, അത്യാഗ്രഹത്തിന്റെ മലയും സേവന സന്നദ്ധതകൊണ്ടും, ത്യാഗ മനോഭവംകൊണ്ടും നിരത്താനും, അധാർമ്മികതയുടെ, അനീതിയുടെ വളഞ്ഞ വഴികൾ ധർമ്മികതകൊണ്ടും, നീതികൊണ്ടും നേരയാക്കാനും അലിവില്ലായ്മയുടെ, അൻപില്ലായ്മയുടെ പരുപരുത്ത ജീവിതങ്ങളിൽ അലിവിന്റെയും സ്നേഹത്തിന്റെ മൃദുലതകൾ കൊണ്ട് സമ്പന്നമാക്കാനും പുതിയൊരു പുറപ്പാടിന് സ്നാപകയോഹന്നാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. അഹത്തിൽനിന്നും ദൈവത്തിങ്കലേക്കുള്ള പുറപ്പാടിനായി മാനസാന്തരപ്പെടാം.

# മനോഹരമാക്കാൻ മനോഹരമായത് ചെയ്യണം

## ആഗമനകാലം 3-ാം ഞായർ (ഡിസംബർ 15)

സെഫാ. 3: 14-18മ  ഫിലി. 4: 4-7  ലൂക്ക. 3: 10-18

**ഫാ. പോൾ സണ്ണി**

ലൂക്കാ അവതരിപ്പിക്കുന്നത് മനസ്സുതിരിഞ്ഞവരുടെ കഥയാണ്. നന്മയിൽ ജീവിക്കാൻ വെമ്പൽകൊള്ളുന്നവരുടെ കഥയാണ്! ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? മൂന്നുകൂട്ടർ ചോദിക്കുന്നുണ്ട്. സമൂഹം ചോദിച്ചതിനുള്ള മറുപടി രണ്ടുടുപ്പുള്ളവൻ ഒരുടുപ്പ് പങ്കുവയ്ക്കാനാണ്. കൃത്യമായി പറഞ്ഞാൽ പാതി പകുത്തുകൊടുക്കുക. യേശു ധനികനോട് പറയുന്നതും ഇതുതന്നെയാണ്. കരുണയുടെ പാഠങ്ങൾ മക്കളെ ഭവനങ്ങളിൽ അഭ്യസിപ്പിക്കണം. അപ്രിയസത്യമാണ് യോഹന്നാൻ പറയുന്നത്. പങ്കുവയ്ക്കലിന്റെ ഈ സ്നേഹ ശാസ്ത്രം ജനം പതുക്കെ ഉൾക്കൊള്ളുന്നുണ്ട്. സ്നാനം സ്വീകരിക്കുന്നവൻ ഒരു കുമ്പസാരത്തിലെന്നപോലെ ആയിത്തീരുന്നു. അതിനുള്ള പ്രായശ്ചിത്തമാണ് ഈ ഉടുപ്പ് നൽകൽ.

സാമ്പത്തിക ശ്രേണിയുടെ ഭാഗമാണ് ചുങ്കക്കാരൻ. ഇല്ലാത്തവന് കൊടുക്കാൻ യോഹന്നാൻ പറയുമ്പോഴും അതിന്റെ മറുവശത്ത് ഇസ്രായേൽക്കാരിൽ നിന്ന് അവരെ ഭരിക്കുന്ന റോമാക്കാർക്കായി ചുങ്കക്കാർ അധികം പിരിക്കുന്നുണ്ട്. അപഹരണത്തിന്റെ കഥയാണിത്. ദാരിദ്ര്യത്തിന്റെയും പരാധീനതയുടെയും മദ്ധ്യേയാണ് സ്നാപകയോഹന്നാന്റെ ചുങ്കക്കാരനോടുള്ള താക്കീത്. മൂന്നുകാര്യങ്ങൾ യോഹന്നാൻ പടയാളികളോട് ആവശ്യപ്പെട്ടു. എ) ഭീഷണിപ്പെടുത്തരുത്. ബി) വ്യാജ ആരോപണങ്ങൾ ഉന്നയിക്കരുത്. സി) വേതനംകൊണ്ട് തൃപ്തിപ്പെടുക.

അഴിമതിയും വക്രതയും കെടുകാര്യസ്തതയും നിറഞ്ഞ ഇന്നത്തെകാലം. ഭരണകൂട ഭീകരതയ്ക്കെതിരെയുള്ള പ്രവാചകശബ്ദം ഇന്നും ആഞ്ഞുവീശുന്നു.

സ്നാപകയോഹന്നാൻ നിർത്തുന്നിടത്ത് ക്രിസ്തു ആരംഭിക്കുന്നു. സ്നാപകന്റെ സുവിശേഷം ക്രിസ്തുവിൽ തിളങ്ങിനില്പുണ്ട്.

പിന്നാലെ വരുന്നവന്റെ മഹത്വം യോഹന്നാൻ പറഞ്ഞുകൊണ്ടാണ് വിടവാങ്ങുന്നത്. യജമാനന്റെ ചെരിപ്പിന്റെ വള്ളികൾ അഴിക്കുന്നത് ഒരു ഹെബ്രിയ ദാസന് ഹീനമായ ജോലി തന്നെയാണത്. റബ്ബയുടെ ശിഷ്യന്മാർക്കുപോലും അത് വിധിച്ചിരുന്നില്ല. യോഹന്നാൻ ദാസനേക്കാൾ താഴുന്നുണ്ട്. പരിശുദ്ധാത്മാവിലും അഗ്നിയാലും ക്രിസ്തു സ്നാനപ്പെടുത്തും.

സെഫാനിയായുടെ പുസ്തകത്തിലും വരാനിരിക്കുന്ന രക്ഷകന്റെ മുന്നറിയിപ്പുണ്ട്. ചെറിയഭവനങ്ങളിൽ നിന്നാണ് ഇസ്രായേലിന്റെ ഭരണകർത്താവ് വരുന്നത്. ബത്ലഹേം, എഫ്രാത്ത, യൂദ. ചെറുതിനെ കൂട്ടുപിടിക്കുന്ന ദൈവം. എളിയതിൽ നിന്ന് വലിയത് സൃഷ്ടിക്കുന്നവൻ. അതുകൊണ്ടാണല്ലോ ക്രിസ്തുവും തീരെ ചെറിയ കടുകുമണികളുടെയും വിത്തുകളുടെയും ഉപമകളിലേക്ക് പോയത്. ചെറിയവരായ ശിഷ്യന്മാരെ തെരഞ്ഞെടുത്തത്. ശിശുക്കളെപ്പോലെ ചെറുതാകാൻ പറഞ്ഞത്. "അരനാഴി പ്രവർത്തനമാണ് ഒരു ടൺ പ്രഭാഷണത്തേക്കാൾ വിലപ്പെട്ടത്." ഗാന്ധിജിയുടെ വാക്കുകൾ ഓർക്കണം.

# മനസറിഞ്ഞവരുടെ കണ്ടുമുട്ടൽ

## ആഗമനകാലം 4-ാം ഞായർ (ഡിസംബർ 22)

മിക്ക: 5:2-5എ; ഹെബ്രാ: 10:5:10, ലൂക്കാ:1:39-45

**ഫാ. വർഗീസ് ജോസഫ്**

മറിയത്തിനെന്താണ് എലിസബത്തിന്റെ വീട്ടിൽ കര്യം? ഈ കാര്യമാണ് തിരുപ്പിറവിയുടെ ഒരുക്കചിന്ത. ഒരേ സാഹചര്യത്തിലൂടെയും അനുഭവങ്ങളിലൂടെയും കടന്നുപോകുന്നവർ കണ്ടുമുട്ടുമ്പോൾ കുറച്ചുകൂടി പരസ്പരം വാക്കിനും ഹൃദയത്തിനും മനസ്സിലാക്കൽ കൂടും. മറിയം വിവാഹത്തിനും മുൻപേ ഗർഭം ധരിച്ചവൾ. പുരുഷനറിയാതെ കുഞ്ഞിനെ ഉദരത്തിൽ വഹിക്കാൻ നിയോഗിക്കപ്പെട്ടവൾ. എലിസബത്ത് വാർദ്ധക്യത്തിൽ ഗർഭം ധരിച്ചവൾ. പ്രായാധിക്യത്തിന്റെ എല്ലാ അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴും കുഞ്ഞിനെ ഉദരത്തിൽ വഹിക്കാൻ നിയോഗിക്കപ്പെട്ടവൾ. സമാനമായ അനുഭവങ്ങൾക്കിടയിൽ ഇവരുടെ ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടൽ സമാനമാണ്. മറ്റാർക്കും വെളിപ്പെട്ടുകിട്ടാത്ത സ്വകാര്യമായ മാലാഖയുടെ സന്ദേശം. അതുകൊണ്ടുതന്നെ മറ്റാർക്കും ഈ കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാകില്ല. അതുമാത്രമല്ല ഇതിന് സമാനമായ അനുഭവം ഉണ്ടാകാൻ പോകുന്നത് സമൂഹത്തിൽ നിന്നാണ്. മറിയം സമൂഹത്തിന്റെ മുമ്പിൽ മോശമായ ഒരു സ്ത്രീയായി മാറും എന്ന വേദനയിലാണ്. എലിസബത്ത് വലിയൊരു കളിയാക്കലിനു കാരണമായിമാറും. നാട്ടുകാർ അവളെനോക്കി വാർദ്ധക്യത്തിലെ ഗർഭത്തെ ഓർത്ത് ചിരിക്കും.

ദൈവത്തിന്റെ സ്വകാര്യ ഇടപെടലിനെ വ്യഖ്യാനിക്കാൻ കഴിയാതെയും മനുഷ്യരുടെ ചോദ്യങ്ങൾക്കും പൊട്ടിച്ചിരികൾക്കും ഉത്തരം കൊടുക്കാൻ കഴിയാതെയും ഇനി ഇവർ എന്തുചെയ്യും? സമാനമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുന്നവർ പരസ്പരം കണ്ടുമുട്ടണം. മറ്റാർക്കും അവരെ മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും അവർക്ക് പരസ്പരം മനസ്സിലാക്കാൻ കഴിയുമല്ലോ! ദൈവപുത്രൻ ഭൂമിയിൽ പിറന്നുവീണതും അതേ ചിന്തയിലാണ്. മനുഷ്യനായി പിറന്ന് പാപമൊഴികെ മറ്റെല്ലാ കാര്യങ്ങളിലും മനുഷ്യനായി ജീവിച്ചു. ഒറ്റപ്പെടലും തിരസ്കരണവും കണ്ണീരും കുറ്റപ്പെടുത്തലും കുരിശുമരണവും നേരിട്ടു. ഇന്ന് നാം ഇതേ ജീവിതാനുഭവങ്ങളിലൂടെ കടന്നു പോകുമ്പോൾ ഓർക്കണം, നമുക്ക് മുമ്പേ ക്രിസ്തു ഇതേ ജീവിതാനുഭവങ്ങളിലൂടെ

കടന്നു പോയിട്ടുണ്ട്. അതുകൊണ്ട് മറ്റാരെക്കാളുമധികം നമ്മെ അവനു മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ടാണ് ഇന്നും ദൈവാലയം ജീവിതമാക്കണം എന്നു പറയുന്നത്. കണ്ടുമുട്ടൽ അത്യാവശ്യമാണ്.

ഗർഭസ്ഥനായ കുഞ്ഞ് (സ്നാപക യോഹന്നാൻ), കുതിച്ചുചാടി (ലൂക്കാ:1:44). കുതിച്ചുചാടിയത് ക്രിസ്തുവിനെ കണ്ടതുകൊണ്ടാണ്. രക്ഷയുടെ കാലം സമാഗതമായതിന്റെ ഫലമായാണ് (ഏശ:35:6, മലാ:3:20). ആനന്ദം പരിശുദ്ധാത്മാവിലുള്ളതാണ് (ലൂക്കാ:10:21). വരാനിരിക്കുന്ന രക്ഷയിൽ ആനന്ദം കൊള്ളുന്നവരാകണം നാം ഓരോരുത്തരും. അതിനാൽ പരിശുദ്ധാത്മാവിന്റെ ചൈതന്യം നിറഞ്ഞവരാകണം. ക്രിസ്മസ് ആനന്ദത്തിന്റെ കാലമാണ്. ക്രിസ്തുവിന്റെ ജനനത്തെ അനുസ്മരിക്കുമ്പോൾ അന്ധകാരത്തിൽ കഴിഞ്ഞൊരു ജനതയുടെ പ്രകാശത്തിന്റെ കാത്തിരിപ്പിനെ ഓർക്കണം. ഒരു രാവും പുലരാതിരുന്നിട്ടില്ല! ജീവിതത്തിന്റെ ഏത നുഭവത്തിലും ഉള്ളിൽ ആനന്ദം ഉണ്ടാകണം. കാരണം രക്ഷയുടെ നാളുകൾ അകലെയല്ല, അടുത്താണ്.

# ഉടൽ നൽകിയാൽ പോരാ, ഉയിർ നൽകണം

## തിരുകുടുംബ ഞായർ (ഡിസംബർ 30)

പ്രഭ. 3: 2-6, 12-15മ കൊളോ. 2:12-21 ലൂക്ക. 2: 41-52

**ഫാ. വിക്ടർ എവരിസ്റ്റസ് IVDei**

തിരുക്കുടുംബത്തിന്റെ തിരുനാൾ ദിനത്തിലാണല്ലോ നാമിന്ന്. നസ്രത്തിലെ ഒരു കൊച്ചു കുടുംബം ലോകത്തിനു മുഴുവനും മാതൃകയാക്കാവുന്ന തിരുക്കുടുംബമായി മാറുന്ന ഓർമയാണിത്. തിരുക്കുടുംബത്തെക്കുറിച്ച് ഒരു ക്ലാസ് നടത്തുകയാണ്. നസ്രത്തിലെ കൊച്ചു ഭവനത്തെ നയിക്കാൻ യൗസേപ്പിതാവ് നടത്തിയ ത്യാഗങ്ങളെക്കുറിച്ച് വർണിക്കുകയാണ് ഒരാൾ. കൂട്ടത്തിലൊരു അപ്പച്ചൻ എഴുന്നേറ്റ് പറയുക ഇപ്രകാരമാണ്. യൗസേപ്പിന് അതൊക്കെ സാധിക്കും. കാരണം യൗസേപ്പിന്റെ ഭാര്യ മറിയം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതാണ്, ഉണ്ണീശോ ദൈവപുത്രനും. ഞങ്ങൾ വെറും സാധാരണക്കാർ. ഞങ്ങൾക്കിത് എങ്ങിനെ സാധിക്കും. മറുപടി ശ്രദ്ധേയമാണ്. നസ്രത്തിലെ കുടുംബം തിരുക്കുടുംബമായത് ദൈവം നടത്തിയ തെരഞ്ഞെടുപ്പുകൊണ്ടല്ല, മറിച്ച് ദൈവത്തിന്റെ ഇഷ്ടങ്ങൾക്ക് അവർ വിധേയപ്പെട്ടതുകൊണ്ടാണ്.

ആരാണ് മാതാപിതാക്കൾ എന്ന ചോദ്യത്തിന് ജന്മം നൽകിയവർ എന്ന ഉത്തരം മാത്രം ഇനി മതിയാവില്ല. കാരണം അതിനുമപ്പുറത്തുള്ള എന്തോ ചില ദൗത്യങ്ങളും ഉത്തരവാദിത്തങ്ങളും ഓരോ മാതാപിതാക്കൾക്കുമുണ്ട്. ഈ ധർമ്മം പൂർണ്ണമായി നിർവഹിച്ചതുകൊണ്ടാണ് അമ്മ മേരിയെയും അച്ഛൻ യൗസേപ്പിനേയും മാതാപിതാക്കൾ എന്ന് പേരിട്ട് ലോകം വിളിച്ചതു പോലും.

മക്കളുടെ സ്വഭാവ രൂപീകരണത്തിനു വേണ്ടി എന്ത് ചെയ്യണം എന്ന് അന്വേഷിക്കുന്ന മാതാപിതാക്കൾ ആദ്യം ശ്രദ്ധിക്കേണ്ടത് മക്കളെ അകമഴിഞ്ഞ് പ്രോത്സാഹനം നൽകിയാൽ നമ്മുടെ മക്കളൊക്കെ എത്ര ഭേദപ്പെട്ടേനേ! വാടിപ്പോയ ചെടിക്ക് താഴെ നീ നൽകുന്ന ജലസമൃദ്ധിക്ക് സാദൃശ്യമാണ് പ്രോത്സാഹനം.

പ്രോത്സാഹിപ്പിക്കാതെ നിരുത്സാഹപ്പെടുത്തിയതുകൊണ്ടല്ലേ ഹിറ്റ്ലർ 60 ലക്ഷം മനുഷ്യരുടെ ജീവനെടുത്ത് അമ്മാനമാടിയത്. ഒരിക്കൽപോലും തന്റെ മാതാപിതാക്കൾ തന്നോട് ഒരു വാക്ക് പോലും പറയുകയോ തന്നെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് ഈ മനുഷ്യൻ വലിയ വായിൽ നിലവിളിക്കുമ്പോൾ ഇവൻ ചെയ്ത കുറ്റങ്ങൾക്കെല്ലാം ഇവന്റെ മാതാപിതാക്കൾക്കും പങ്കുണ്ടെന്ന് സമ്മതിക്കേണ്ടിവരും.

പരസ്പരം പ്രോത്സാഹിപ്പിക്കാനും അഭിനന്ദിക്കാനും ശ്രമിക്കുമ്പോൾ മാത്രമാണ് ഞാൻ നല്ല ഒരു മനുഷ്യനായി മാറുന്നത്. ക്രിസ്തു തന്റെ ശിഷ്യന്മാരെ പ്രോത്സാഹിപ്പിച്ചിരുന്നു. എമ്മാവൂസിലേക്കുപോയ ശിഷ്യരുടെ കൂടെ ക്രിസ്തു കൂട്ടുകൂടിയത് അവരുടെ ഭയപ്പാടുകൾ എടുത്തു മാറ്റുന്നതിനും അവരെ പ്രോത്സാഹിപ്പിച്ച് കർമ്മനിരതരാക്കുന്നതിനും കൂടിയായിരുന്നു.

നീ നിന്റെ മക്കളെ ശിക്ഷണത്തിൽ വളർത്തുന്നുണ്ടോ എന്ന ചോദ്യത്തിന് ഞാൻ നൂറ് ശതമാനവും ശിഷണം നൽകുന്നുണ്ടെന്ന് ഉത്തരം പറയാനാവുമ്പോഴാണ് നീ യഥാർത്ഥത്തിൽ നല്ല ഒരു അപ്പനോ അമ്മയോ ആകുന്നത്.ശിക്ഷണ നടപടികൾ കുറ്റാർഹമാണെന്ന് പറയുകയും പ്രചരിപ്പിക്കുകയുമൊക്കെ ചെയ്യുന്നവർ വി. ലിഖിതത്തിൽ പ്രഭാഷകന്റെ പുസ്തകം 30-ാം അദ്ധ്യായമൊന്ന് ശ്രദ്ധാപൂർവ്വം വായിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. മക്കൾ മാതാപിതാക്കളുടെ മാത്രം സ്വന്തമല്ലെന്ന് അറിയുന്നതാണ് യഥാർത്ഥ തിരിച്ചറിവ്.

മാതാപിതാക്കൾക്ക് ഉത്തമ മാതൃക പരി.മറിയമാണ്. പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന മകനെ അമ്മ മേരിക്ക് പലവിധകാരണങ്ങളാൽ പറഞ്ഞുവിടാതിരിക്കാമായിരുന്നു. അവൾ അവനെ സ്വന്തമാക്കാതെ ലോകത്തിനായി സമ്മാനിച്ചു. അവന്റെ ദാരുണമരണത്തിന് സാക്ഷിയാകുമ്പോഴും അവളുടെ മനസ്സിൽ നിറഞ്ഞ ചിന്ത ഒരിക്കലും സ്വാർത്ഥമായ സ്നേഹത്തിന്റെയോ സ്വന്തമാക്കലിന്റെയോ ആയിരുന്നില്ല.

മക്കൾക്കുവേണ്ടി മിഴിനീരോടെ പ്രാർത്ഥിക്കാനും അവർക്കുവേണ്ടി ത്യാഗം സഹിക്കാനും സന്നദ്ധത പ്രകടിപ്പിക്കുമ്പോഴാണ് മക്കൾ വിശുദ്ധരാവുക. മക്കളെ വിശുദ്ധരാക്കി നാടിനും സമൂഹത്തിനും നൽകാൻ ബാധ്യതയുള്ളവരാണ് മാതാപിതാക്കളെന്ന തിരിച്ചറിവിലേക്ക് ഓരോ മാതാപിതാക്കളും മാറുമ്പോൾ കുടുംബങ്ങൾ തിരുകുടുംബങ്ങളാവും.

നേർക്കാഴ്ച

ജെ. സി.




# ഏകാധിപതിയായ ഡോണാൾഡ് ട്രംപ്

അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും പ്രായംകൂടിയ ട്രംപ്, നാല് വർഷത്തിനുശേഷം വാഷിങ്ടൺ ഡിസിയിലെ വൈറ്റ് ഹൗസിൽ തിരിച്ചെത്തുന്നു. ഒരു തോൽവിക്കുശേഷം രണ്ടാമൂഴത്തിന് ഒരു അമേരിക്കൻ പ്രസിഡൻറ് ഓവൽ ഓഫീസിലേക്ക് വരുന്നത് ഒരു നൂറ്റാണ്ടിനുശേഷം ആദ്യമായാണ്. അമേരിക്കയെ രക്ഷിക്കാനാണ് ദൈവം തന്റെ ജീവൻ നിലനിറുത്തിയതെന്ന് തിരഞ്ഞെടുപ്പ് റാലിക്കിടെ രണ്ട് തവണ നടന്ന വധശ്രമങ്ങളെ സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. വീണ്ടും തിരഞ്ഞെടുക്കപ്പെട്ടാൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് അദ്ദേഹത്തെ നിയന്ത്രിക്കാനാവില്ലെന്ന് അമേരിക്കൻ മാധ്യമങ്ങൾതന്നെ വിശേഷിപ്പിക്കുകയുണ്ടായി. രണ്ടാംവട്ടവും ഡെമോക്രാറ്റിക് പാർട്ടിയുടെ വനിതാ സ്ഥാനാർത്ഥിയെ പിന്നിലാക്കിയാണ് ട്രംപ് ജയിക്കുന്നത്. ട്രംപുമായുള്ള ആദ്യ പ്രസിഡൻഷ്യൻ ഡിബേറ്റിൽ ദയനീയമായ പ്രകടനം കാഴ്ചവച്ചതിനെത്തുടർന്ന് പ്രസിഡൻറ് ജോബൈഡൻ മത്സരരംഗത്തുനിന്ന് പിന്മാറാൻ നിർബന്ധിതനായപ്പോഴാണ് വൈസ് പ്രസിഡൻറ് കമല ഹാരിസിനെ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്തത്. 2020 ലെ തിരഞ്ഞെടുപ്പ് പരാജയം അംഗീകരിക്കാതെ പാർലമെൻറ് മന്ദിരത്തിൽ കലാപത്തിന് പ്രേരണ നൽകിയതിനും അധികാരദുർവിനിയോഗത്തിനുമായി രണ്ടുതവണ ഇംപീച്ച്മെൻറ് നടപടിക്ക് വിധേയനായ പ്രസിഡൻറാണ് ട്രംപ്.

അനധികൃത കുടിയേറ്റക്കാർ അമേരിക്കൻ നഗരങ്ങളിൽ ഉയർത്തുന്ന ഭീഷണി ട്രംപിന്റെ പ്രധാന രാഷ്ട്രീയ ആഹ്വാനമാണ്. "അമേരിക്കയുടെ രക്തത്തിൽ വിഷം കലർത്തുന്നതാണ് കുടിയേറ്റം." രണ്ട് കോടി കുടിയേറ്റക്കാരെയെങ്കിലും പുറത്താക്കാനാണ് പരിപാടി. അമേരിക്കകാർക്ക് കൂടുതൽ ജോലിയും ശമ്പളവും ലഭിക്കാൻ ഇത് സഹായകമാകുമെന്ന് ട്രംപ് പറയുന്നു. റഷ്യൻ പ്രസിഡൻറ് പ്ളാഡിമിർ പുടിനുമായി ട്രംപിന് രഹസ്യാത്മക ബന്ധമുണ്ടെന്ന ആക്ഷേപവുമുണ്ട്. യുക്രയിന് അനുകൂലമായ നിലപാട് സ്വീകരിക്കുകയുമില്ല. ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹുവിന് പൂർണ്ണ പിന്തുണ നൽകുന്ന നയമായിരിക്കും ട്രംപ് സ്വീകരിക്കുന്നത്. കാലാവസ്ഥ വ്യതിയാനം ശുദ്ധഭോഷ്ക് ആണെന്ന വാദക്കാരനാണ് ട്രംപ്. പാരിസ് കാലാവസ്ഥ ഉച്ചകോടിയിൽനിന്ന് ട്രംപിന്റെ ഭരണകാലത്ത് അമേരിക്ക പിൻവാങ്ങുകയുണ്ടായി. പരിസ്ഥിതി സംരക്ഷണത്തിന് ജോബൈഡൻ ഭരണകൂടം പ്രഖ്യാപിച്ച നടപടികൾ ട്രംപ് മരവിപ്പിക്കും. ചുരുക്കത്തിൽ ഡീറോകാർബൺ ഇക്കോണമി ലക്ഷ്യങ്ങളെല്ലാം തകിടം മറിയും.

പ്രസിഡന്റ് സ്ഥാനാർത്ഥികളായ ട്രംപിന്റെയും കമലയുടെയും പേരെടുത്തു പറയാതെ ഫ്രാൻസിസ് പാപ്പ പേപ്പൽ ഫ്ളൈറ്റിൽ വച്ച് പറഞ്ഞത് ഇപ്രകാരമായിരുന്നു. കുടിയേറ്റക്കാരെ നാടുകടത്തുന്ന ആളായാലും ഗർഭസ്ഥ ശിശുക്കളെ കൊല്ലുന്നയാളായാലും രണ്ടുപേരും ജീവന് എതിരാണ്. ഈ തിന്മകളിൽ ഭേദം ഏതാണെന്ന് അമേരിക്കയിലെ കത്തോലിക്കാ വോട്ടർമാർക്ക് തിരഞ്ഞെടുക്കാം. ഭിന്നലൈംഗിക ആഭിമുഖ്യമുള്ള ട്രാൻസ്, എൽജി ബിടി വിഭാഗങ്ങളുടെ അവകാശങ്ങൾക്കെതിരെ ട്രംപ് തിരിയുമെന്നും ആശങ്കയുണ്ട്.

കോർപ്പറേറ്റ് നികുതി, 21 ശതമാനത്തിൽ നിന്ന് 15 ശതമാനമായി കുറയ്ക്കുമെന്നും ഇറക്കുമതിക്ക് സാർവത്രികമായി 10 മുതൽ 20 ശതമാനംവരെ ചുങ്കം ചുമത്തുമെന്നും ട്രംപ് പ്രഖ്യാപിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ദേശീയ വിപണിയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതും അതിന്റെ തുടർച്ചയായി ഉണ്ടാകുന്ന ലോക സമ്പദ്വ്യവസ്ഥയിലെ പ്രത്യാഘാതങ്ങളും വലിയ പ്രതിസന്ധി സൃഷ്ടിക്കും.



ഉദ്ദിഷ്ട കാര്യത്തിന്
ഉപകാര സ്മരണ
വിശുദ്ധ അന്തോനീസേ,
അവിടുന്ന് നൽകിയ എല്ലാ
നന്മകൾക്കും നന്ദി
സുരേഷ് റോഡ്റിഗസ്
വെള്ളയമ്പലം




Varnam ®
SEAFOOD RESTAURANT
& CATERERS
www.varnamcaterers.com
+91 9947 061 999
ചട്ടിച്ചോർ
ചോറ്
അവിയൽ
തോരൻ
പച്ചടി
അയല ഫ്രൈ
മീൻ പീര
നത്തോലി ഫ്രൈ
ഓംലറ്റ്
ചിക്കൻ ഫ്രൈ
പ്രോൺസ് ഫ്രൈ
കണവ
Onl
₹24
BREAK FAST
BUFFET
7.30 am
11.30 am
അപ്പം
ചപ്പാത്തി
ഇടിയപ്പം
വെജിറ്റബിൾ കറി
മുട്ട
ഇഡ്ലി
ദോശ
ചമ്മന്തി
സാമ്പാർ
ചായ
Only ₹100/-
ബ്രഡ്
ബട്ടർ
ജാം
• PEROTTA
• CHAPATHI
• IDIAYAPPAM
• OROTTI
• TOMATTO RICE/GHEE RICE/FRIED RICE
• CHICKEN MASSALA OR BUTTER CHICKEN
• PICKLE
• SALAD
• RAITHA
• GREEN SALAD
• KAPPA
• CHUTNEY
• THALA CURRY
• VEG KURUMA
• CHICKEN LIVER ROAST
• CHICKEN PARTS THORAN
DINNER
BUFFET
7 pm
10 pm
₹ 240
Varnam ®
SEAFOOD RESTAURANT
& CATERERS
www.varnamcaterers.com
Contact
9947 061 999
Varnam Seafood Restaurant
opp DCC office, nandaavanam
Thiruvananthapuram

Pub. Date: 01.12.2024
REGD. NO. KL/TV(S)266/2024-26 RNI Registered No. 36056/81 Total Page 44
Licenced to post without pre-payment KL/TV(S)/WPP/171/2024-26 JEEVANUM VELICHAVUM Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George